# ഗ്രാമീണം

വാർത്താപത്രിക GRAMEENAM

ലക്കം 18/ഫെബ്രുവരി 2019



- പ്രളയാനന്തര കേരളം
- നവകേരള നിർമിതി: സാധ്യതകളും വെല്ലുവിളികളും
- പുണ്യ നദി പമ്പയുടെ നൊമ്പരങ്ങൾ
- ദുരന്തപൂർണ്ണമായ ഒരു വർഷം
- പ്രളയം പഠിപ്പിച്ച പാഠങ്ങൾ

LIGHTED TO LIGHTEN

CARD INDIA
member
actalliance

CARD
Christian Agency for Rural Development
Social Service Wing of The Mar Thoma Church

# CARD 40 ാം വാർഷികാഘോഷ പരിപാടികളുടെ ഉദ്ഘാടനം – വിഷൻ 50




കാർഡിന്റ് 40-ാം വാർഷികാഘോഷ ഉദ്ഘാടനം അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു. പ്രസിഡന്റ് തോമസ് മാർതിമൊഥെയോസ് തിരുമേനി, ഡയറക്ടർ റവ. എബ്രഹാം പി.വർക്കി, ട്രഷറാർ ജോസി കുര്യൻ, റവ. കെ.വൈ.ജേക്കബ്, റവ.ഡോ.മോനി മാത്യു എന്നിവർ സമീപം.




വിഷൻ 50യുടെ ഉദ്ഘാടന സമ്മേളനത്തിൽ കാർഡ് പ്രസിഡന്റ് തോമസ് മാർതിമൊഥെയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുന്നു.






കാർഡ് കെയർ പദ്ധതിയുടെ ഭാഗമായുള്ള സ്കൂൾ കിറ്റ് വിതരണോദ്ഘാടനം അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.




വിഷൻ 50യുടെ ഭാഗമായി സെപ്റ്റംബർ 5ന് നടന്ന പരിസ്ഥിതി സെമിനാറിൽ **ശ്രീ. സി. ആർ. നീലകണ്ഠൻ കേരളം കാണാതെ പോകുന്ന പ്രകൃതി പാഠങ്ങൾ** എന്ന വിഷയം അവതരിപ്പിക്കുന്നു.



**മോസ്റ്റ് റവ.ഡോ.ജോസഫ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**
രക്ഷാധികാരി



## പ്രസിഡന്റിന്റെ സന്ദേശം

കേരളത്തിൽ ഒരു നൂറ്റാണ്ടിനു ശേഷം ഉണ്ടായ പ്രളയം ഭീകരമായ അനുവഭങ്ങളാണ് സൃഷ്ടിച്ചത്. കേരളത്തെ മുഴുവനായി പിടിച്ചു കുലുക്കിയ ഒരു സംഭവം. സമാനതകളില്ലാത്ത വേദനകളും, നിരാശകളും, സാധാരണ മനുഷ്യരുടെ സ്വപ്നങ്ങൾ തല്ലിത്തകർക്കുകയും ചെയ്തു. എല്ലാ മനുഷ്യരെയും പ്രളയം ബാധിച്ചു എങ്കിലും വെറും സാധാരണക്കാരായ മനുഷ്യരുടെ പാർപ്പിടങ്ങളും, സ്വന്തമായ സകലതും പ്രളയജലത്തിൽ മുങ്ങിയപ്പോൾ, ഒഴുകിപ്പോയപ്പോൾ ഒരു ആയുസ്സിന്റെ അദ്ധ്വാനമാണ് നഷ്ടപ്പെട്ടത്.

ഇനി എങ്ങനെയാണ് സ്വന്തമായി തല ചായ്ക്കാൻ ഒരു പാർപ്പിടമുണ്ടാക്കുന്നത്? എങ്ങനെയാണ് ഞങ്ങളുടെ സ്വപ്നങ്ങൾക്ക് നിറം പകരാൻ സാധിക്കുക?

ഈ ചോദ്യങ്ങൾ സമൂഹത്തോടാണ്, നമ്മളോടാണ് ചോദിക്കുന്നത്. ഇത്തരം ചോദ്യങ്ങളെ ഗൗരവതരമായി എടുക്കുമ്പോഴാണ് "നവകേരള നിർമ്മിതികൾ" സാധ്യമാകുക. "നവകേരള നിർമ്മാണം" എന്ന ആശയം ഇവിടുത്തെ മനുഷ്യർക്ക് മാത്രമല്ല, മണ്ണിനും, മരങ്ങൾക്കും എല്ലാം വീണ്ടെടുപ്പ് സാധ്യമാകുന്ന പ്രക്രിയയാകണം. നവകേരള നിർമ്മാണമെന്നത് വീടുകൾ വെച്ചുകൊടുക്കുന്നതും, ചില വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതും മാത്രമായിരിക്കരുത് മറിച്ച് സൂഷ്മമായിപ്പോലും മനുഷ്യരുടെ ചിന്തകളെ സ്വാധീനിക്കുന്ന ഒരു നവചേതനയായിത്തീരണം.

CARD 2019 ൽ അതിന്റെ ഗ്രാമീണം എന്ന പ്രസിദ്ധീകരണത്തിലൂടെ ‘‘നവകേരള നിർമ്മിതികൾ” എന്ന വിഷയത്തെ അവതരിപ്പിക്കുന്നതിൽ ഒരുപാട് സന്തോഷം. നവകേരള നിർമ്മാണമെന്നത് ഉയരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു ചർച്ചയായിത്തീരരുത്. നമ്മുടെ കുഞ്ഞുങ്ങളും, സ്കൂളുകളും, യുവതീയുവാക്കളും, എല്ലാ വിഭാഗങ്ങളും ഇടപെടേണ്ട ഒന്നായിത്തീരണം ‘‘നവകേരള നിർമ്മാണങ്ങൾ” വ്യത്യസ്ഥമായ കാഴ്ചപ്പാടോടെ, വിവിധ മാനങ്ങളോട് ഈ വിഷയത്തെ സമീപിക്കണം. അർത്ഥവത്തായ ചർച്ചകളിലൂടെ, പ്രവർത്തനങ്ങളിലൂടെ ഒരു നവകേരള നിർമ്മിതി സാദ്ധ്യമാകണം. പ്രളയ സമയത്ത് കേരളത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് വലിയ സഹായമായിത്തീർന്നത് മത്സ്യത്തൊഴിലാളികളുടെ ഇടപെടലുകളാണ്. അവരുടെ ശാസ്ത്രവും സാങ്കേതിക വിദ്യകളുമാണ് നമ്മുടെ രക്ഷയ്ക്ക് കാരണമായത്. അത്തരം അടിസ്ഥാന സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതായിരിക്കണം നവകേരള നിർമ്മാണം. ജാതി, മതം, വർണ്ണം, വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി ഈ വിഷയത്തെ കേരളിയ സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെതായ പ്രാതിനിധ്യം ഈ വിഷയത്തിൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇത്തരം ചർച്ചകൾക്ക്, പുത്തൻ പ്രവർത്തനങ്ങൾക്ക് നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും കണ്ടെത്തലുകളും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. നന്മയുടെ സ്നേഹത്തിന്റെ ഒരു നവമാനവികത സൃഷ്ടിക്കാൻ നവകേരള നിർമ്മിതിക്ക് സാധിക്കട്ടെ.

ആശംസകളോടെ...

**റൈറ്റ്. റവ.തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പ**
(പ്രസിഡന്റ്, കാർഡ്)
ഒലിവറ്റ് അരമന, ചെങ്ങന്നൂർ



**റവ.കെ.ജ.ജോസഫ്**
സെക്രട്ടറി



**റവ.ഏബ്രഹാം പി.വർക്കി**
ഡയറക്ടർ



**റവ.ബി.തോമസ്**
അസി.ഡയറക്ടർ



**ശ്രീ.ജോസ്സി കുര്യൻ**
ട്രഷറാർ



# നവകേരള നിർമ്മാണം

രാഷ്ട്രീയവും മതവും ജാതിയുമൊക്കെ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ കഴിയുമെന്ന് മലയാളി സ്വയം മനസിലാക്കിയതും ലോകത്തിന് കാട്ടിക്കൊടുത്തതും മഹാപ്രളയ കാലത്താണ്. അതെ കേരളത്തിലുണ്ടായ പ്രളയദുരന്തം മനുഷ്യനിലെ നന്മയും കരുണയും ഐക്യവും പുറത്തുകൊണ്ട് വന്നു.

നവകേരള നിർമ്മാണ പദ്ധതിയുമായി കേരള ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ **'കേരളം നാളെ'** എന്ന ചിന്താവിഷയത്തോടെ **'ഗ്രാമീണം 2019'** കേരളത്തിന്റെ നല്ല ഭാവിയ്ക്ക് വേണ്ടിയുള്ള ഒട്ടേറെ നൂതന ആശയങ്ങൾ പങ്കിടുന്നു.

പ്രളയകാലത്തെ രക്ഷാദൗത്യത്തിൽ കാണിച്ച ഒരുമയും കാര്യക്ഷമതയും കേരള പുനർനിർമ്മാണത്തിലും വേണം. ഛിദ്രമായ അന്തരീക്ഷത്തിൽ വികസനം യാഥാർത്ഥ്യമാവില്ല. അതുകൊണ്ട് ഒത്തൊരുമയിലൂടെയുള്ള അതിജീവന മാതൃകയാണ് നാം കാട്ടേണ്ടത്. ജാതി, മത, രാഷ്ട്രീയ ചങ്ങലകൾ പൊട്ടിച്ച് ഒറ്റക്കെട്ടായി രംഗത്തിറങ്ങുവാൻ കഴിയണം. മാത്രമല്ല പുനർ നിർമ്മാണ പദ്ധതികൾ കൂടുതൽ വേഗത്തിലും സുതാര്യമായും ചെയ്യുവാൻ കഴിയണം.

ഇനിയൊരു ദുരന്തത്തിന് തകർക്കാൻ പറ്റാത്ത പ്രവർത്തികളാകണം നവകേരള നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടത്. ഇനിയുമൊരു പ്രളയം വന്നാൽ അത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന വ്യക്തവും കൃത്യവുമായ ചിത്രം നൽകുന്ന പ്രളയ ഭൂപടം നമുക്ക് അനിവാര്യമാണ്.

'കേരളം നാളെ' പദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടുന്ന ഒരു നടപടിയും സ്വീകരിക്കരുത്. അതായത് പ്രകൃതിയെയും ജൈവ സമ്പത്തിനെയും നിലനിർത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് മാത്രമേ 'നവകേരള നിർമ്മാണം' യാഥാർത്ഥ്യമാക്കാൻ സാധിക്കൂ. പുനർനിർമ്മാണം 'ഹരിത സുസ്ഥിര വഴികളിലൂടെ'യാകണം എന്ന് ചുരുക്കം. അതെ, മറ്റു സംസ്ഥാനങ്ങൾക്കും ലോകത്തിനും മാതൃകയാകുന്ന രീതിയിൽ കേരളത്തെ ഹരിതസംസ്ഥാനമായി വികസിപ്പിക്കണം.

2019 ലെ 'ഗ്രാമീണം' വാർത്താപത്രിക നവകേരള നിർമ്മാണ പദ്ധതിയ്ക്ക് വേണ്ട ഒട്ടേറെ നൂതന ആശയങ്ങൾ വായനക്കാരുടെ മുന്നിലെത്തിക്കുന്നു. പ്രസ്തുത വിഷയത്തിൽ പരിചയ സമ്പന്നരായ എഴുത്തുകാരുടെ പ്രൗഢമായ ലേഖനങ്ങൾ കേരളത്തിന്റെ നല്ല ഭാവിയ്ക്ക് വേണ്ടിയുള്ള നവാശയങ്ങൾ വായനക്കാർക്ക് പകരും എന്നതിൽ സംശയം വേണ്ട. ലേഖനങ്ങൾ നൽകി സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

നോർത്ത് അമേരിക്ക – യൂറോപ്പ് മിഷൻ ബോർഡിന്റെ ധനസഹായത്തോടെ നടന്നുവരുന്ന CARD Light to Life പ്രോജക്ടിന്റെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള 8 Unit കളിൽ 1500 കുട്ടികൾ പഠിക്കുന്നു. കാർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും Light to Life പ്രോജക്ട് സഹായിക്കുന്നു. 2019 ജനുവരിമാസം മുതൽ Light to Life ന്റെ ഇന്ത്യയാകമാനമുള്ള പ്രവർത്തന അവലോകനം HCDI, Pune യെ ഏൽപ്പിച്ചതിനാൽ കൂടുതൽ കാര്യക്ഷമമാകും എന്നതിന് സംശയമില്ല. പ്രോജക്ടിന് തുടക്കമിട്ട അഭിവന്ദ്യ ഡോ. ഐസക്ക് മാർ ഫീലക്സിനോസ് തിരുമേനിയോടും കുട്ടികളെ സ്പോൺസർ ചെയ്യുന്നവരോടുമുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

കാർഡിന്റെ ഡയറക്ടറായി 2018 മെയ് മാസം ഞാൻ ചുമതലയിൽ പ്രവേശിച്ചു. 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തോടനുബന്ധിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ 'കാർഡ് ടീം' വളരെ സജീവമായി പ്രവർത്തിച്ചു. ദുരന്തഫലമായി ഒറ്റപ്പെട്ടു കഴിഞ്ഞ 11000 ൽ പരം കുടുംബംഗങ്ങൾക്ക് സാന്ത്വനമേകി വിവിധ തരത്തിൽ സഹായിക്കുവാൻ കാർഡിന് സാധിച്ചു. CASA, KNH ഡൽഹി ആസ്ഥാനമായ EHA, ചെന്നൈ ആസ്ഥാനമായ HACI, ഹൈദ്രബാദിലുള്ള സങ്കൽപ്പ് ഫൗണ്ടേഷൻ, ലുധിയാനയിലുള്ള കെവിൻ

& ടീം, ഇന്ത്യയിലും വിദേശത്തുമുള്ള ഇടവകകൾ, മറ്റ് അഭ്യുദയകാംഷികൾ എന്നിവരുടെ സഹായത്തോടെയാണ് ഇത് സാദ്ധ്യമായത്. കാർഡിന്റെ വിവിധ പ്രവർത്തനങ്ങൾക്കും പ്രത്യേകാൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെയും കാർഡ് പ്രഡിഡന്റ് അഭിവന്ദ്യ തോമസ് മാർ തിമൊഥിയോസ് തിരുമേനിയുടെയും ആലോചനയും നേതൃത്വവും വിലപ്പെട്ടതായിരുന്നു. കൂടാതെ കാർഡ് സെക്രട്ടറി റവ. കെ.ജി. ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ റവ. ബി. തോമസ്, ട്രഷറാർ ശ്രീ. ജോസി കുര്യൻ, ഗവേണിംഗ് ബോർഡ് അംഗങ്ങൾ, കാർഡ് സ്റ്റാഫ്, KVK ടീം തുടങ്ങിയവരുടെ നേതൃത്വവും സഹകരണവും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ലഭിച്ചത് പ്രത്യേകം സ്മരണീയമാണ്. പ്രളയാനന്തര നവ കേരള സൃഷ്ടിയിൽ പുനരധിവാസ പ്രവർത്തനങ്ങൾ പലരുടെ സഹായത്താൽ 4 ജില്ലകളിൽ പുരോഗമിക്കുന്നു. KNH ന്റെ സഹായത്താൽ വയനാട് ജില്ലയിൽ ആദിവാസികൾക്കായുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുന്നു.

സോൺ 11-ലെ മികച്ച KVK യ്ക്കുള്ള "പണ്ഡിറ്റ് ദീൻദയാൽ ഉപാദ്ധ്യായ കൃഷിവിജ്ഞാൻ പുരസ്കാർ -2017'' ഇന്ത്യൻ പ്രധാനമന്ത്രിയിൽ നിന്നും നമ്മുടെ KVK യ്ക്ക് ലഭിച്ചു. കാർഡിന്റെ 40-ാം വാർഷീകാഘോഷ പരിപാടിയിലും (വിഷൻ 50) CARD-KVK യുടെ സിൽവർ ജൂബിലി ആഘോഷ പരിപാടിയിലും എല്ലാവരുടെയും സഹകരണമുണ്ടാകണം. ഗ്രാമീണ വികസനത്തിന്റെയും കാർഷീക അഭിവൃദ്ധിയുടെയും പുതിയ വാതായനങ്ങൾ തുറക്കുവാൻ ആഘോഷ പരിപാടികൾ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**'ഗ്രാമീണം 2019'** പ്രസിദ്ധീകരിക്കുവാൻ പ്രയത്നിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങളോടും ലേഖനങ്ങൾ നൽകിയ സുഹൃത്തുക്കളോടും, പരസ്യങ്ങൾ നൽകിയവരോടുമുള്ള നന്ദി അറിയിക്കുന്നു. 'മറ്റൊരാളെ സഹായിക്കുന്നതിലും സമൃദ്ധമായ ജീവനിലേക്ക് നയിക്കുന്നതിലുപരി മറ്റൊരു കൃപ നിറഞ്ഞ പ്രവൃത്തിയും ഈ ലോകത്തിലില്ല' - അലൻ ലോയ് മക്ജീനിസ്

കർമ്മമേഖലയിൽ കൂടുതൽ സജീവമായി പ്രവർത്തിക്കുവാൻ എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,

**റവ. ഏബ്രഹാം പി. വർക്കി**
ഡയറക്ടർ, കാർഡ്


ഗ്രാമീണം വാർത്താപത്രിക GRAMEENAM

| | |
|---|---|
| Printed and Published by : | Rev. Abraham P.Varkey |
| Chief Editor : | Rev. B.Thomas |
| Treasurer : | Jossy Kurian |
| Editor : | Rebu Thomas Mathew |
| Editorial Board : | Smt.Mariamma K.J. |
| | Sri.Prakash Thomas |
| | Sri.Philip Cherian |
| | Sri.Saji T.Cherian |
| | Sri.Stephenson Jacob |
| Office : | Sri.Shaji Thomas |
| Cover Photo : | Rebu |
| Layout and Design : | CRE8IVE Graphics,Thekkemala |
| Printing : | Mar Thoma Press, Thiruvalla |

Grameenam CARD Newsletters. (For Private Circulation Conly)
Issue 18, Feb.2019 Mar Thoma Sabha Office, Thiruvalla
Ph: 0469-2600931, E-mail: card.dir@marthoma.in, card.admin@marthoma.in, Website:www.cardindia.in

## എഡിറ്റോറിയൽ



**നവകേരള നിർമ്മാണം**
ഈ ചിന്ത ഇന്ന് കേരളമണ്ണിൽ ചൂട് പിടിച്ച ഒരു ചർച്ചയാണ്.
ഒരു മഹാപ്രളയം വേണ്ടി വന്നു ഈ ചർച്ച സാധ്യമാക്കുവാൻ
നവകേരള നിർമ്മിതിയെന്നത് വളരെ
അർത്ഥവത്തായി ചിന്തിക്കേണ്ടതാണ്.
നവകേരള നിർമ്മാണം കേവലം വാക്കുകളിൽ മാത്രമല്ല
മറിച്ച് ഭാഷയിലും, ജീവിതരീതിയിലും വികസനത്തിലും
എല്ലാം ഉണ്ടാകേണ്ട ഒന്നാണ്.
നമ്മെ പ്രളയത്തിലാക്കിയ പഴയ വികസന മാതൃകകൾ
അല്ല നാം ഇനി പിൻതുടരേണ്ടത്.
ദൈവ വിശ്വാസത്തിലും, തൊഴിലിടങ്ങളിലും
സാമൂഹ്യബോധങ്ങളിലും പുതിയ മാതൃകകൾ
സൃഷ്ടിക്കുവാൻ സാധിക്കണം.
അത്തരം മുന്നേറ്റങ്ങൾക്ക്, ചർച്ചകൾക്ക്
വഴി തെളിക്കുവാൻ ഇടയാകട്ടെ ഇതിലെ ചിന്തകൾ

**റവ. തോമസ് ബി.**
ചീഫ് എഡിറ്റർ

# Contents

## ഉൾപേജുകളിൽ


**6**
ദുരന്തപൂർണ്ണമായ
ഒരു വർഷം
മുരളി തുമ്മാരുകുടി

**11**
പ്രളയാനന്തര കേരളത്തിന്റെ
പുനർനിർമ്മാണം ഒരു സമഗ്ര സമീപനം
പ്രൊഫ. ഡോ. മാത്യു കെ. ജേക്കബ്





**27** പ്രളയാനന്തര മാലിന്യപ്രളയം
ഫിലിപ്പ് ചെറിയാൻ, കാർഡ്

**13**
പ്രളയാനന്തര കേരളം
പുണ്യ നദി പമ്പയുടെ
നൊമ്പരങ്ങൾ
എൻ.കെ.സുകുമാരൻ നായർ

**28** പ്രളയം പഠിപ്പിച്ച പാഠങ്ങൾ–
മണ്ണ് അറിഞ്ഞുവേണം കൃഷി
ഡോ.സി.പി.റോബർട്ട്
ഡോ.റിൻസി കെ.ഏബ്രഹാം





**18**
മഴക്കാലത്ത്
കന്നുകാലികളുടെ പരിപാലനം
ഡോ. സെൻസി മാത്യു
ഡോ. സി.പി. റോബർട്ട്

**30** നവകേരള നിർമിതി:
മിത്തോ യാഥാർത്ഥ്യമോ?
റവ. ഡോ. വൈ. റ്റി. വിനയരാജ്







**20**
ദുരന്തം തെളിയിക്കുന്ന
പ്രകാശങ്ങൾ
റിബുതോമസ് മാത്യു





**32** നവകേരള നിർമ്മിതിയിൽ അസംഘടിത
തൊഴിലാളികളുടെ പങ്ക് – അഭിമുഖം
വിജി പെൺകൂട്ട്

**34** വികസന സ്വപ്നങ്ങൾ
ജോസി കുര്യൻ

**35** ദൈവശാസ്ത്രത്തിന്റെ രാഷ്ട്രീയ സാധ്യതകൾ
ഡോ. ഷിജു സാം വറുഗീസ്

**39** കാർഡ് വാർത്തകൾ








# ദുരന്തപൂർണ്ണമായ ഒരു വർഷം

**മുരളി തുമ്മാരുകുടി**

Annus Horribilis എന്ന് ഇംഗ്ലീഷിൽ ഒരു പ്രയോഗം ഉണ്ട്. മുടിഞ്ഞ ഒരു വർഷം എന്ന് വേണമെങ്കിൽ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യാം. അത്തരത്തിൽ ഒരു വർഷമാണ് കടന്നു പോകുന്നത്.

ഇന്തോനേഷ്യയിൽ മറ്റൊരു സുനാമിയോടെയാണ് 2018 അവസാനിക്കുന്നത്. 2004 ലെ സുനാമിയുടെ വാർഷികമാണല്ലോ ഡിസംബർ 26. ആ സുനാമിയിൽ നഷ്ടപ്പെട്ടത് 2,62,000 ജീവനുകളാണ്. ഇന്തോനേഷ്യക്കടുത്ത് ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ ഭൂകമ്പമാണ് സുനാമിയുണ്ടാക്കി ഇൻഡോനേഷ്യ മുതൽ സോമാലിയ വരെ ആഞ്ഞടിച്ചത്. സമീപകാല മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമായിരുന്നത്.

ദുരന്തത്തിന്റെ നിഴലിൽ തുടക്കം: 2017 ഡിസംബറിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിന്റെ നിഴലിലാണ് കേരളത്തിൽ 2018 ആരംഭിക്കുന്നത്. ആ വിഷയം സർക്കാർ കൈകാര്യം ചെയ്ത രീതിയെപ്പറ്റി വ്യാപകമായ വിമർശനമുണ്ടായി. കാലാവസ്ഥാ മുന്നറിയിപ്പുകളുടെ കൃത്യതയെക്കുറിച്ച്, കിട്ടിയ മുന്നറിയിപ്പുകൾ യഥാസമയങ്ങളിൽ ആളുകളെ അറിയിക്കുന്നതിൽ, ദുരന്തബാധിതരെ മുഖ്യമന്ത്രി സമയത്തിനു സന്ദർശിച്ചില്ല എന്നതൊക്കെ ചർച്ചയായി. വിമർശനം വന്നതു കൊണ്ടാകണം ദുരന്തത്തിലകപ്പെട്ട് മരിച്ചവർക്ക് സർക്കാർ പത്തുലക്ഷം രൂപ വീതം ധനസഹായം നൽകി. 2018 ലെ ബജറ്റിൽ മത്സ്യത്തൊഴിലാളികളുടെ ദുരന്ത നിവാരണത്തിനായി പണം വകയിരുത്തുകയും ചെയ്തു.

**നിപ്പ വരുന്നു:** 2018 ലെ ഒന്നാമത്തെ ദുരന്തം മെയ് മാസത്തിൽ നിപ്പ പനിയുടെ രൂപത്തിലാണ് കേരളത്തിലെത്തിയത്. നിപ്പ എന്ന വാക്കോ രോഗമോ മലയാളികൾ മുൻപ് കേട്ടിട്ടുള്ളതല്ല. മലേഷ്യൻ പുഴയോരങ്ങളിൽ കാണുന്ന ഒരുതരം പനയാണ് നിപ്പ. അവിടെയുള്ള ഒരു നദിയാണ് സുംഗയ് നിപ്പ. നദിയുടെ സമീപത്ത് പന്നി വളർത്തുന്ന ഗ്രാമങ്ങളിലാണ് ഈ പനി 1999 ൽ ആദ്യമായി റിപ്പോർട്ട് ചെയ്തത്. അങ്ങനെയാണ് ഈ പനിക്ക് നിപ്പ പനി എന്ന പേര് വന്നത്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നതും വന്നു കഴിഞ്ഞാൽ പത്തിൽ എട്ടുപേരും മരിച്ചു പോകുന്നതുമായ ഈ മാരകരോഗം മലേഷ്യയിലും ബംഗ്ലാദേശിലും ഒക്കെയാണ് കൂടുതൽ വന്നിട്ടുള്ളത്.

കേരളത്തിൽ നിപ്പ പനി മുൻപ് ഉണ്ടായിട്ടുള്ള തല്ലാഞ്ഞിട്ടും, നമ്മുടെ ഡോക്ടർമാർ അതീവ ജാഗ്രതയുള്ളവരും ലോകമാകമാനമുള്ള മെഡിക്കൽ രംഗം ശ്രദ്ധിക്കുന്നവരുമായതിനാൽ പനി ബാധിച്ച രണ്ടാമത്തെ ആളിൽ നിന്നു തന്നെ നിപ്പ സ്ഥിരീകരിച്ചു. ആദ്യം രോഗം ബാധിച്ചവരെ രക്ഷിക്കാൻ പറ്റിയില്ല. ആദ്യത്തെ രോഗികളെ ചികിൽസിച്ച നഴ്സ് ഉൾപ്പെടെ അനവധി പേർക്ക് പനി പകർന്നതോടെ കേരളം നിപ്പ ഭീതിയിലായി. രോഗം ബാധിച്ച ഗ്രാമങ്ങളിലെ റോഡുകളിൽ ആളനക്കം നിന്നു, കോഴിക്കോട് വിമാനത്താവളത്തിലും റയിൽവേ സ്റ്റേഷനിലും യാത്രക്കാരല്ലാത്തവർ ഇല്ലാതായി. കോഴിക്കോട് നിന്നും മറ്റു സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തവരെ ആളുകൾ സംശയത്തോടെ നോക്കിത്തുടങ്ങി.

ആരോഗ്യമന്ത്രി ശ്രീമതി ഷൈലജ ടീച്ചറുടെയും മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോക്ടർ സരിതയുടെയും ശക്തവും വ്യക്തിപരവുമായ മേൽനോട്ടത്തിൽ സർക്കാർ ഈ വെല്ലുവിളിയെ സധൈര്യം നേരിട്ടു. ആശുപത്രിയിലും നാട്ടിലും രോഗികളെയും ബന്ധുക്കളെയും മറ്റുള്ളവരുമായി ബന്ധപ്പെടുത്താതെ, നന്നായി ബോധവൽക്കരണം നടത്തി. ഒരു മാസത്തിനകം സ്ഥിതിഗതികൾ നിയന്ത്രണത്തിലായി. മരണസംഖ്യ രണ്ടു ഡസനിൽ താഴെ നിന്നു. ലോകത്ത് നിപ്പ പനിയുണ്ടാകുന്ന മറ്റു സ്ഥലങ്ങളിൽ ഏകദേശം നൂറോളം പേരാണ് ഇത്തരം സാഹചര്യങ്ങളിൽ മരണപ്പെടാറ്. ശരിയായ നടപടികൾ വേഗത്തിൽ ചെയ്തതിനാലാണ് രോഗം തടഞ്ഞുനിർത്താനും മരണസംഖ്യ കുറക്കാനും സാധിച്ചത്.

എന്നുവെച്ച് എല്ലാ കാര്യങ്ങളും ശരിയായി നടന്നുവെന്നല്ല പറഞ്ഞുവന്നത്. കേരളത്തിലെ മെഡിക്കൽ സംവിധാനങ്ങളിലുള്ളവരുടെ വ്യക്തിസുരക്ഷാ കാര്യങ്ങൾക്ക് എത്ര കുറച്ചു




സംവിധാനങ്ങളാണ് നിലവിലുള്ളതെന്നു മനസിലാക്കിയ അവസരമായിരുന്നത്. ശരിയായ വ്യക്തിസുരക്ഷാ പരിശീലനം ആരോഗ്യ രംഗത്തെ പ്രവർത്തകർക്ക് ലഭിക്കുന്നില്ല, എന്താണ് കൃത്യമായ വ്യക്തിസുരക്ഷാ ഉപകരണങ്ങളെന്ന് ആർക്കുമറിയില്ല, അറിയുന്നവർക്ക് തന്നെ അതിനുവേണ്ട സംവിധാനങ്ങൾ ലഭ്യമല്ല, ഉപയോഗം കഴിഞ്ഞ വ്യക്തിസുരക്ഷാ ഉപകരണങ്ങൾ ശേഖരിക്കുന്നതിനും ശരിയായി നിർമ്മാർജ്ജനം ചെയ്യുന്നതിനും സംവിധാനങ്ങളില്ല എന്നിങ്ങനെ കുഴപ്പങ്ങൾ പലതുണ്ടായിരുന്നു. ഇതിനൊന്നും ഇപ്പോഴും ഒരു മാറ്റവും വന്നിട്ടില്ല. നിപ്പ സമയത്ത് ആരോഗ്യരംഗത്ത് പ്രവർത്തിച്ചവർക്ക് അവാർഡ് കൊടുത്തതെല്ലാം നല്ല കാര്യമാണെങ്കിലും, വൈദ്യശാസ്ത്രരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാൻ നൂറു കോടി രൂപയെങ്കിലും ബഡ്ജറ്റിൽ വക കൊള്ളിക്കണം. ശരിയായ വ്യക്തിസുരക്ഷാ പരിശീലനം മെഡിക്കൽ കോളേജ് മുതൽ ലാബ് ടെക്നീഷ്യൻ പരിശീലനത്തിന്റെ വരെ ഭാഗമാക്കണം.

**ആകാംഷയുടെ ഗുഹാമുഖത്ത്:** ലോകത്തെ ആകാംക്ഷയുടെ ഗുഹാമുഖത്തെത്തിച്ച സമയമായിരുന്നു ജൂൺ. തായ്‌ലൻഡിൽ ഫുട്ബോൾ കളിക്കാൻ പോയ കുറെ കുട്ടികളും അവരുടെ കോച്ചും ഒരു ഗുഹക്കുള്ളിലേക്ക് കയറുന്നിടത്തു നിന്നാണ് സംഭവം ആരംഭിക്കുന്നത്. പെട്ടെന്ന് ഗുഹയിൽ വെള്ളം നിറഞ്ഞതോടെ ഗുഹയിൽ ആരെങ്കിലും ജീവനോടെയുണ്ടോ എന്ന് അറിയാതായി. എന്നാൽ അതിനൊരു സാധ്യതയുണ്ടു താനും. ഈ വിഷയത്തെ ഗുഹയിൽ അകപ്പെട്ടവരും, തായ് ഗവണ്മെന്റും, ലോകത്തെ സുരക്ഷാ വിദഗ്ദ്ധരും നേരിട്ട രീതി ലോക മാതൃകയായി മാറി.

ഗുഹയിലകപ്പെട്ടത് കുട്ടികളായതിനാലും മരണപ്പെടാനുള്ള സാധ്യത ഉണ്ടായിരുന്നതിനാലും പെട്ടെന്ന് എന്തെങ്കിലും ചെയ്യാനുള്ള സമൂഹ സമ്മർദ്ദം വലുതായിരുന്നു. എന്നിട്ടും ലോകത്തെ ഏറ്റവും പരിചയസമ്പന്നരും ഗുഹയിലെ വെള്ളത്തിൽ ഡൈവ് ചെയ്തു പരിചയമുള്ളവരുമായ വിദഗ്ദ്ധരെ വരുത്തി സാങ്കേതികമായ എല്ലാ തയ്യാറെടുപ്പുകളോടെയുമാണ് ഗുഹയിലെ തിരച്ചിലും രക്ഷാപ്രവർത്തനവും നടത്തിയത്. ഇരുപതാം ദിവസം കുട്ടികളും കോച്ചും ജീവനോടെ പുറത്തെത്തിയപ്പോൾ അവരുടെ മാതാപിതാക്കൾ മാത്രമല്ല, ലോകം മുഴുവൻ സന്തോഷിച്ചു, രക്ഷാപ്രവർത്തനത്തിൽ ചേരാനായി സൈനിക സേവനത്തിൽ തിരിച്ചെത്തിയ ഒരു നേവൽ ഡൈവറുടെ മരണം ഈ സംഭവത്തിലെ ദുഃഖസ്മരണയായി മാറിയെങ്കിലും.

ഏതൊരു ദുരന്തമുണ്ടാകുമ്പോഴും സാങ്കേതിക വിദഗ്ദ്ധർക്ക് ശരിയായ രീതിയിൽ അതിനെ കൈകാര്യം ചെയ്യാനുള്ള സമയവും സാഹചര്യവും നൽകണമെന്നതാണ് ഈ ദുരന്തം നമുക്ക് നൽകുന്ന പാഠം.

**ദുരന്തമാകുന്ന മാധ്യമപ്രവർത്തനം:** ജൂൺ അവസാനമാണ് കുട്ടനാട്ടിൽ വെള്ളപ്പൊക്കം തുടങ്ങുന്നത്. സാധാരണഗതിയിൽ തന്നെ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലമായതിനാൽ ആദ്യസമയത്ത് ഈ വിഷയത്തിന്റെ രൂക്ഷത എല്ലാവരും മനസിലാക്കിയില്ല. സർക്കാർ ഈ ദുരന്തത്തെ നേരിട്ട രീതിയും മുഖ്യമന്ത്രി സ്ഥലം സന്ദർശിക്കാതിരുന്നതും വീണ്ടും വിമർശനത്തിനിടയാക്കി. വെള്ളത്തിൽ ഇറങ്ങി നിന്നുള്ള മാധ്യമപ്രവർത്തകരുടെ ‘പ്രകടന’വും ചിലയിടങ്ങളിൽ ആളുകളുടെ വിമർശനത്തിനു വിധേയമായി. അതേ സമയം വെള്ളപ്പൊക്കം റിപ്പോർട്ട് ചെയ്യാൻ പോയ മാധ്യമപ്രവർത്തകർ വള്ളം മറിഞ്ഞു മരിച്ച സംഭവം, ഏതൊരു ദുരന്ത സമയത്തും ഏതു തൊഴിലും ചെയ്യുന്നവർ സ്വന്തം വ്യക്തിസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടിയത്.

സമുദ്രനിരപ്പിനും താഴെ കിടക്കുന്ന പ്രദേശമായ കുട്ടനാട്ടിൽ തിരുവിതാംകൂർ ഒരു ദരിദ്ര രാജ്യമായിരുന്ന കാലത്ത് പട്ടിണി സഹിക്കാനാവാതെ കായലിൽ ബണ്ടുകെട്ടി ഉപ്പുവെള്ളം ചക്രമുപയോഗിച്ച് ചവിട്ടി പുറത്തു









കളഞ്ഞുണ്ടാക്കിയ ഭൂമിയിൽ കൃഷി ചെയ്തു തുടങ്ങിയതാണ്. ഈ കൃഷിഭൂമിയിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും ഉണ്ടായി. സാധാരണഗതിയിൽ കേരളത്തിൽ മഴ മാറിയാൽ ഇരുപത്തിനാല് മണിക്കൂറിനകം വെള്ളമിറങ്ങും, പക്ഷെ കുട്ടനാട്ടിലെ ദുരിതം ജൂൺ മുതൽ സെപ്റ്റംബർ വരെ നീണ്ടു.

**കുട്ടനാടിന്റെ ഭൂമിശാസ്ത്രത്തെയും സമ്പദ്വ്യവസ്ഥ** യെയും ഒരു പുനർ ചിന്തക്ക് വിധേയമാക്കേണ്ട കാലമായി. തിരുവിതാംകൂർ എന്നൊരു രാജ്യം ഇല്ലതായി, കുട്ടനാട് കേരളത്തിന്റെ ഭാഗമായി, ഇന്ത്യയിൽ ജനാധിപത്യമായി, കേരളം ഇന്ത്യയിലെ സമ്പന്ന സംസ്ഥാനമായി മാറി, പട്ടിണി കേരളത്തിൽ നിന്നും പോയി. കുട്ടനാട്ടിലെ ആളുകളുടെ എണ്ണം കൂടി, കൃഷിഭൂമികൾ തുണ്ടുതുണ്ടായി, പുതിയ തലമുറക്ക് കൃഷിയിൽ താല്പര്യമില്ലാതായി. എന്നിട്ടും കുട്ടനാട്ടിലെ നെൽകൃഷി ഇപ്പോഴും തുടരുന്നു. ചക്രം ചവിട്ടൽ മാറി കറണ്ടുപയോഗിച്ചുള്ള മോട്ടോർ വന്നതോടെ കാര്യങ്ങൾ എളുപ്പമായെങ്കിലും സർക്കാർ സബ്സിഡി ഉണ്ടെങ്കിലേ കൃഷി നടത്താൻ പറ്റൂ എന്ന സ്ഥിതി വന്നു.

കേരളത്തിലെ മാറിയ സാമൂഹ്യ - സാമ്പത്തിക സാഹചര്യത്തിൽ മാറുന്ന കാലാവസ്ഥയുടെ അവസ്ഥയിലും ഇനി മുന്നോട്ട് കൊണ്ടുപോകേണ്ടുന്ന ഒന്നല്ല കുട്ടനാട്ടിലെ കൃഷി. വരാൻ പോകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ സാഹചര്യത്തിൽ പൊക്കം കൂട്ടി നിലനിർത്താവുന്നതല്ല ബണ്ടുകളും സ്പിൽവേയും. ശാസ്ത്രത്തെ അറിയാതെ രാഷ്ട്രീയകാരണങ്ങളാൽ തീരുമാനങ്ങളെടുത്താൽ പ്രളയം എന്നത് കുട്ടനാട്ടിൽ പതിവ് സംഭവമാകും. പ്രകൃതിയെ അറിഞ്ഞു പ്ലാൻ ചെയ്യുന്ന രീതി (living with water) നടപ്പിലാക്കുക മാത്രമാണ് കുട്ടനാട്ടിന് സാധ്യമായത്.

**മാറാത്ത മഴയും തുറക്കാത്ത ഡാമും:** ജൂലൈ മാസത്തിൽ മഴ കനത്തു. ഏപ്രിലിൽ തുടങ്ങിയ മഴ മേയിലും ജൂണിലും തുടർന്നു. ജൂൺ പകുതിയായപ്പോഴേക്കും ഇത്തവണ സ്ഥിതിഗതികൾ ഗുരുതരമാകുമെന്നും, ഡാമുകൾ തുറന്നുവിട്ട് വെള്ളപ്പൊക്ക സാധ്യത കുറക്കേണ്ടതിനെപ്പറ്റി ചിന്തിക്കണമെന്നും ഞാൻ മുന്നറിയിപ്പ് നൽകി. പക്ഷെ, അന്ന് അതാരും കാര്യമായെടുത്തില്ല. ജൂലൈ അവസാനമായപ്പോഴേക്കും ഡാമുകളിൽ വെള്ളം നിറഞ്ഞുതുടങ്ങി. ഡാമുകൾ തുറക്കണോ വേണ്ടയോ എന്നത് ചർച്ചാവിഷയമായി. ഇരുപത്തിയാറു വർഷത്തിനു ശേഷം ഡാമുകൾ 'ഇപ്പൊ തുറക്കും' എന്ന പ്രതീക്ഷയിൽ മാധ്യമങ്ങൾ മലകയറി കാവൽ കിടന്നു. ഡാം തുറക്കണമെന്നും വേണ്ടെന്നും സർക്കാരിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും രണ്ടഭിപ്രായങ്ങൾ വന്നു. കനത്ത മഴ നിന്നതോടെ ഡാമുകൾ തുറക്കാതെ തന്നെ ജൂലൈ കടന്നുപോയി.

**ഉരുൾപൊട്ടിയിറങ്ങിയ മരണങ്ങൾ:** ജൂണിൽ മലയോര പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ തുടങ്ങി. ജൂലൈ ആയതോടെ ഉരുൾപൊട്ടലും. ഒന്നും രണ്ടുമായി മരണസംഖ്യ നൂറു കടന്നു. മലയിടുക്കുകളിൽ സംഭവിക്കുന്നതായതുകൊണ്ട് മാധ്യമങ്ങൾക്ക് അവിടെയൊന്നും ഓടിയെത്താനായില്ല. ഈ മരണങ്ങൾക്ക് വേണ്ടത്ര മാധ്യമശ്രദ്ധ കിട്ടിയതുമില്ല. വീടുവെക്കാനും റോഡു നന്നാക്കാനുമായി ആളുകൾ മലകളെ ശാസ്ത്രീയമായി മനസിലാക്കാതെ വെട്ടിയിറക്കിയിടത്തെല്ലാമാണ് മണ്ണിടിച്ചിൽ അധികമുണ്ടായതെന്ന് സാധാരണക്കാർക്ക് പോലും മനസിലായി. ടൂറിസത്തിനായി വലിയ തോതിൽ റിസോർട്ടുകളുണ്ടാക്കിയ മൂന്നാറിലും ക്വാറികൾ ധാരാളമുള്ള വയനാട്ടിലും മണ്ണിടിച്ചിൽ വ്യാപകമായി. അവസാന കണക്കനുസരിച്ച് അയ്യായിരത്തിലേറെ മണ്ണിടിച്ചിലാണുണ്ടായത്. ഈ ദുരന്തകാലത്ത് ഉണ്ടായ നാനൂറ്റി എൺപത്തിമൂന്ന് മരണങ്ങളിൽ കൂടുതലും സംഭവിച്ചത് മണ്ണിടിച്ചിലിലാണെന്ന് പ്രളയം കഴിഞ്ഞതോടെ നമ്മൾ മറന്നുപോയി.

പ്രകൃതിയെ അറിയാതെയുള്ള നിർമ്മാണത്തിന് പ്രകൃതി തിരിച്ചടികൾ നൽകുമെന്നും, മലനാട്ടിലും ഇടനാട്ടിലും ഒരുപോലെയല്ല വീടുകൾ നിർമ്മിക്കേണ്ടതെന്നും, പ്രകൃതി സൗഹൃദ റോഡുകൾ ഉണ്ടാക്കി പഠിക്കണമെന്നും ഈ ഉരുൾപൊട്ടലും മണ്ണിടിച്ചിലും നമ്മെ പഠിപ്പിക്കുന്നു.

**നൂറ്റാണ്ടിലെ മഹാപ്രളയം:** ജൂലൈ മാസത്തിൽ മാറിപ്പോയ വലിയ മഴ ആഗസ്റ്റ് പത്തോടെ തിരിച്ചെത്തി. പിന്നെ കേരളം കണ്ടത് സമീപകാലത്തൊന്നും കണ്ടിട്ടില്ലാത്ത്ര വലിയ മഴയും അതോടനുബന്ധിച്ചുള്ള വെള്ളപ്പൊക്കവുമായിരുന്നു. ഇടുക്കിയിലെ ഒരു അണക്കെട്ട് തുറക്കുന്നത് കാണാൻ കാത്തുനിന്ന സമൂഹത്തിലേക്ക് കേരളത്തിലെ നാൽപ്പത് അണക്കെട്ടുകൾ ഒന്നിച്ചു തുറന്നുവിടേണ്ട സാഹചര്യമുണ്ടായി. കേരളത്തിലെ നാൽപ്പത്തിനാല് നദികളും കരകവിഞ്ഞൊഴുകി. കണ്ണൂരും തിരുവനന്തപുരവും ഒഴികെ കേരളത്തിന്റെ ഇടനാട്ടിലെങ്ങും പുഴയുടെ തീരപ്രദേശങ്ങളിൽ വൻതോതിൽ വെള്ളം കയറി. ചിലയിടത്ത് പുഴകൾ വഴി മാറി പട്ടണങ്ങളിലൂടെയൊഴുകി. ചിലയിടത്ത് പുഴയിൽ നിന്നും കിലോമീറ്ററുകൾ ദൂരെയുള്ള വീടുകളിൽ പോലും വെള്ളം കയറി.



99 ലെ വെള്ളപ്പൊക്കമെന്ന് പഴമക്കാർ പറഞ്ഞുമാത്രം കേട്ടിരുന്ന വലിയ ദുരന്തങ്ങളെ ടി വി യിൽ മാത്രം കണ്ടിരുന്ന മലയാളികളുടെ വീട്ടിലേക്കും വെള്ളം കയറിവന്നു. പണക്കാരോ പാവപ്പെട്ടവരോ എന്ന വ്യത്യാസമില്ലാതെ അനവധി ആളുകൾക്ക് എല്ലാം വിട്ടെറിഞ്ഞ് ഓടേണ്ടിവന്നു. ഓടാൻ പറ്റാത്തവരെ മത്സ്യത്തൊഴിലാളികളും നേവിയും എയർ ഫോഴ്സും ചേർന്ന് ഹെലികോപ്റ്ററിലും ബോട്ടിലുമായി രക്ഷപെടുത്തി. നാലുദിവസം കൊണ്ട് പത്തുലക്ഷം മലയാളികൾ വീടുവിട്ട് ദുരിതാശ്വാസ ക്യാമ്പിലെത്തി.

ഐക്യകേരളം അന്നേവരെ കണ്ടിട്ടില്ലാത്ത ദുരന്തം കേരളത്തെ വരിഞ്ഞുമുറുക്കിയപ്പോൾ കേരളം അന്നുവരെ കണ്ടിട്ടില്ലാത്ത ഒത്തൊരുമയോടെയും കാര്യക്ഷമതയോടെയും മലയാളികൾ അതിനെ നേരിട്ടു. നാല്പത്തിനാല് നദികളും കരകവിഞ്ഞ് ഒഴുകുമ്പോഴും എല്ലാ ദിവസവും ശാന്തനായി മാധ്യമങ്ങളെ കണ്ട മുഖ്യമന്ത്രിയും, ദുരന്ത നിവാരണത്തിൽ യാതൊരു പരിശീലനവും ഇല്ലാതിരുന്നിട്ടും സ്വന്തം വള്ളങ്ങളുമായി രക്ഷാപ്രവർത്തനത്തിനെത്തിയ മൽസ്യത്തൊഴിലാളികളും, ക്യാംപുകൾ നടത്താൻ നേതൃത്വം നൽകിയ യുവാക്കളും, ദൂരദേശത്തിരുന്ന് രക്ഷാപ്രവർത്തകർക്ക് സഹായം ചെയ്ത മറുനാടൻ മലയാളികളും, അവസരത്തിനൊത്തുയർന്ന യുവ ഐ എ എസുകാരും, എവിടെയും മുൻനിരയിലുണ്ടായിരുന്ന ജനപ്രതിനിധികളുമെല്ലാം അടങ്ങിയ മലയാളികളുടെ പ്രവർത്തനം ഈ മഹാ ദുരന്തകാലത്ത് ലോകമാതൃകയായി.

ഏതൊരു ദുരന്തത്തെയും പോലെ ഈ പ്രളയത്തിന്റെ കാര്യത്തിലും പാളിച്ചകൾ പലതുമുണ്ടായി. പുഴയോരത്തു വീടുവെക്കാൻ മലയാളി കാണിച്ച കമ്പത്തെ തടയാതിരുന്നത്, പ്രളയകാലത്തെ മുന്നറിയിപ്പുകളോട് എങ്ങനെ പ്രതികരിക്കണമെന്ന് സമൂഹത്തെ പരിശീലിപ്പിക്കാതിരുന്നത്, ഡാമുകൾ തുറക്കുന്നതിന് ശരിയായ മാർഗ്ഗരേഖകൾ ഇല്ലാതെ പോയത്, മുല്ലപ്പെരിയാർ മുതൽ ഇടമലയാർ വരെ ഒരേ നദിയിലെ വിവിധ റിസർവോയറുകളുടെ മാനേജ്മെൻറ് തമ്മിൽ വേണ്ടവിധത്തിൽ ഏകീകരിക്കാതിരുന്നത്, ഡാമുകൾ തുറന്നാൽ എന്ത് സംഭവിക്കുമെന്നതിനെപ്പറ്റി ശാസ്ത്രീയമായ ധാരണയില്ലാതെ പോയത്, ഡാമുകൾ തുറക്കുന്നതിനു മുൻപ് വേണ്ടത്ര ജാഗ്രതാനിർദ്ദേശങ്ങൾ ജനങ്ങൾക്ക് കൊടുക്കാതിരുന്നത്, എല്ലാറ്റിനുമുപരിയായി എങ്ങനെയാണ് ഡാമുകളെ പ്രളയ നിയന്ത്രണത്തിനുള്ള ഉപാധികളായി ഉപയോഗിക്കേണ്ടതെന്ന് എഞ്ചിനീയർമാർ അറിയാതിരുന്നത് തുടങ്ങി അനവധി കാര്യങ്ങളുണ്ടായിരുന്നു. ദുരന്തം കഴിഞ്ഞതോടെ മറ്റു വിഷയങ്ങൾ സമൂഹത്തിൽ ചർച്ചയായതും ദുരന്തത്തിൽ നിന്നും വേണ്ടത്ര പാഠങ്ങൾ പഠിക്കുന്നില്ല എന്ന വിഷമവും ബാക്കിയാകുന്നു.

**മാറുന്ന കാലാവസ്ഥ:** കാലാവസ്ഥാ വ്യതിയാനം ലോകമെമ്പാടും മനുഷ്യന് ദുരന്തങ്ങളുണ്ടാക്കിയ വർഷം കൂടിയായിരുന്നു 2018. ജപ്പാനിൽ വെള്ളപ്പൊക്കമായി, കാലിഫോർണിയയിൽ കാട്ടുതീയായി, യൂറോപ്പിൽ കൊടുംചൂടായി കാലാവസ്ഥാ വ്യതിയാനം മനുഷ്യനെ വിറപ്പിച്ചു. അതേസമയം തന്നെ കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ മനുഷ്യരാശിയുടെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടത്ര ശക്തി യിൽ മുന്നോട്ട് പോകുന്നില്ലെന്ന് ശാസ്ത്രങ്ങൾ ഒരിക്കൽക്കൂടി മുന്നറിയിപ്പ് നൽകി. ഹരിതവാതക ങ്ങളുടെ ബഹിർഗമനം 2018 ൽ കൂടുതലായി. ഇത്രയൊക്കെ ആയിട്ടും ഹരിതവാതകങ്ങളുടെ നിർഗ്ഗമനം കുറക്കുന്ന കാര്യത്തിൽ ഒന്നും വേണ്ടത്ര വർദ്ധനവ് വരുത്താൻ സർക്കാരുകൾക്ക് ആകുന്നില്ല. കാലാവസ്ഥ വ്യതിയാനം അതിനെ ചെറുക്കാനുള്ള മനുഷ്യ രാശിയുടെ ശ്രമത്തിലും വേഗത്തിലാണ് പുരോഗമിക്കുന്നതെന്ന് ഐക്യ രാഷ്ട്ര സഭ സെക്രട്ടറി ജനറൽ പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞു. 2100 ൽ ആഗോളതാപനം രണ്ടു ഡിഗ്രിയിൽ താഴെ ചൂടുവർദ്ധനവിൽ തടുത്തുനിർത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇനിയും മനുഷ്യർ ആർജ്ജിച്ചിട്ടില്ല എന്നാണ് 2018 ന്റെ ബാക്കിപത്രം.

ലോകത്ത് നടക്കുന്ന കാലാവസ്ഥ ചർച്ചകളിൽ കേരളം ഒരു പങ്കാളി അല്ലെങ്കിലും അത്തരം ചർച്ചകൾ മലയാളികൾ പൊതുവെ ശ്രദ്ധിക്കാറില്ലെങ്കിലുംഇക്കാര്യത്തിന് കേരളത്തിൽ വലിയ പ്രത്യാഘാത ങ്ങളുണ്ട്. രണ്ടു ഡിഗ്രി ചൂട് വർദ്ധിക്കുന്നത്, സമുദ്രനിരപ്പ് ഒരു കൂടുന്നത്, മഴയുടെ സാന്ദ്രത കൂടുന്നത്, മഴദിനങ്ങൾ കുറയുന്നത്, വരൾച്ച കൂടുന്നത്, എല്ലാം കേരളത്തിലെ തീരദേശം മുതൽ സഹ്യപർവ്വതം വരെ മാറ്റങ്ങളുണ്ടാക്കുകയാണ്. 2050 ൽ പോലും എറണാകുളത്ത് വെള്ളക്കെട്ടുകൾ ഇന്നത്തേതി നേക്കാൾ സർവ്വസാധാരണമാകും. തീരദേശത്തെ കടലെടുക്കൽ കടൽഭിത്തി കെട്ടി തടഞ്ഞുനിർത്താൻ സാധിക്കാതെ വരും. കുട്ടനാട്ടിൽ ബണ്ടുകെട്ടി കൃഷി നടത്തുക എന്നത് സാമ്പത്തികമായി താങ്ങാനാ വാത്തതാകും.

കാര്യങ്ങൾ ഇത്രത്തോളം രൂക്ഷമാണെങ്കിലും കേരളത്തിലെ

കാലാവസ്ഥ ആക്ഷൻ പ്ലാൻ ഇപ്പോഴും കടലാസ്സിൽ ഉറങ്ങുന്നു. ജനങ്ങളുടെ കാലാവസ്ഥാ സാക്ഷരത ഒട്ടും വർദ്ധിക്കുന്നില്ല.കാലാവസ്ഥാ വ്യതിയാനം വികസിത രാജ്യങ്ങൾ ഉണ്ടാക്കിയതാണെന്നും അതിനുള്ള പരിഹാരം ഡൽഹിയിൽ നിന്നു വരുമെന്നുമുള്ള ചിന്തയാണ് ഇപ്പോഴും ആളുകൾക്കുള്ളത്. ഒരു പ്രളയം കൊണ്ടൊന്നും ഇത് മാറുന്ന മട്ടില്ല താനും.

**എണ്ണായിരം ദുരന്തങ്ങൾ:** കേരളത്തിൽ 483 പേരാണ് ഈ പ്രളയകാലത്ത് മരിച്ചത്. അതിൽത്തന്നെ ഭൂരിഭാഗവും മണ്ണിടിച്ചിലിലും. പക്ഷെ ഓരോ മാസവും കേരളത്തിൽ എഴുനൂറോളം ആളുകളാണ് ഒഴിവാക്കാവുന്ന മറ്റപകടങ്ങളിൽ മരിക്കുന്നത്. മുന്നൂറ്റി അൻപതോളം പേർ റോഡിൽ മരിക്കുന്നു, നൂറിലധികം ആളുകൾ വെള്ളത്തിൽ വീണുമരിക്കുന്നു, അറുപതോളം ആളുകൾ ഉയരത്തിൽ നിന്ന് വീണു മരിക്കുന്നു. ഓരോ വർഷവും എണ്ണായിരം ആളുകളെങ്കിലും തീർത്തും ഒഴിവാക്കാവുന്ന അപകടങ്ങളിൽ മരിച്ചിട്ടുണ്ട്.

കേരളത്തിൽ സുരക്ഷാ സംസ്ക്കാരം എന്നൊന്ന് ഇപ്പോഴുമില്ല. ഒരു വർഷത്തിൽ എണ്ണായിരം മലയാളികളുടെ മരണമോ, വൻ പ്രളയത്തിൽ അഞ്ഞൂറ് പേരുടെ മരണമോ, കോടികളുടെ നാശനഷ്ടമോ ഒന്നും അതിൽ ഒരു മാറ്റവും വരുത്തുന്നുമില്ല. ഇപ്പോൾ കേരളത്തിൽ സ്ഥിരം ജീവിക്കുന്ന ഒരാൾ അപകടത്തിൽ മരിക്കാനുള്ള സാധ്യത ഒരു ലക്ഷത്തിൽ ഇരുപത്തിയഞ്ചാണ്. ആഴ്ചയിൽ ഒരിക്കൽ വിമാനയാത്ര ചെയ്യുന്ന ഒരാൾപോലും വിമാനാപകടത്തിൽ മരിക്കാനുള്ള സാധ്യത രണ്ടു ലക്ഷത്തിൽ ഒന്ന് ആണെന്നു ചിന്തിക്കുമ്പോളാണ് കേരളം എത്രമാത്രം അപകട സാധ്യതയുള്ള പ്രദേശമാണെന്ന് മനസ്സിലാവുന്നത്.

ചുരുക്കത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ലക്ഷണങ്ങൾ ചുറ്റുമുണ്ടെങ്കിലും വൻ പ്രളയം വന്നുപോയിട്ടും മലയാളിയുടെ സുരക്ഷാബോധം ഒട്ടും ഉയർന്നിട്ടില്ല. സമൂഹം എന്ന നിലയിൽ ദുരന്തങ്ങളിൽ നിന്നും നാം ഒന്നും പഠിക്കുന്നില്ല. അതുകൊണ്ടുതന്നെ നിങ്ങളുടെ കാര്യം നിങ്ങൾ തന്നെ നോക്കണം.

കേരളത്തിലെ ശരാശരി കണക്കനുസരിച്ച് ഞാനും എന്റെ ഒരു ലക്ഷം ഫോളോവേഴ്സും ഉൾപ്പെട്ടവരിൽ നിന്നും ഇരുപത്തിയഞ്ച് പേർ 2019 കടക്കില്ല. ഇത് ഞാൻ കഴിഞ്ഞ വർഷവും പറഞ്ഞിരുന്നു. പക്ഷെ ശരാശരിയിൽ ഒന്നും കാര്യമില്ല, ശരിയായ സുരക്ഷാ ഉപദേശങ്ങൾ അനുസരിച്ചു പ്രവർത്തിച്ചാൽ നമ്മുടെ ജീവൻ രക്ഷിക്കാനാകും എന്ന് കൂടി രണ്ടായിരത്തി പതിനെട്ട് നമ്മെ പഠിപ്പിച്ചു. കൃത്യസമയത്ത് വേണ്ടത്ര ഉപദേശങ്ങൾ നൽകുന്നതിലൂടെ പൊതു സമൂഹത്തിന്റെ മരണനിരക്ക് കുറക്കാൻ പറ്റിയില്ലെങ്കിലും എന്റെ ഫോളോവേഴ്സി ന്റെയെങ്കിലും മരണനിരക്ക് തീർച്ചയായും എനിക്ക് കുറക്കാൻ പറ്റിയിട്ടുണ്ട് എന്നാണെന്റെ വിശ്വാസം. നിങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാക്കാനുള്ള ഉപദേശങ്ങളുമായി അടുത്ത വർഷവും ഞാൻ ഇവിടെത്തന്നെയുണ്ടാകും. അതൊക്കെ വായിച്ചുകൊണ്ടു നിങ്ങളും ഉണ്ടാകണം എന്നാണെന്റെ ആഗ്രഹം.

2019 സുരക്ഷിതമായ ഒരു വർഷം ആകട്ടെ എന്ന് ആശംസിക്കുന്നു..! ●


# വാസുദേവ ട്രേഡേഴ്സ്
# സാമിൽസ് & ടിമ്പർ ഡിപ്പോ

പ്രിയദർശിനി ജം. എരുവ

**ഫോൺ : 0479 2435128,2435649,9446193548**

Email:vwoodkylm2@gmail.com

**ഇംപോർട്ട് ചെയ്ത മേൽത്തരം തടികളായ ചെറുതേക്ക്, തേക്ക്, വയലറ്റ്**

**നാടൻ മരങ്ങളായ ആഞ്ഞിലി, മഹാഗണി, കുപ്പ്തേക്ക് മറ്റ് ഇനങ്ങൾ**

**കോൺക്രീറ്റ് ഷട്ടറിങ്ങിന് ആവശ്യമായ മാവ്, വെള്ളമരങ്ങൾ എന്നിവ വിൽക്കപ്പെടുന്നതാണ്.**



ക്രെയിൻ
വാടകയ്ക്ക്
കൊടുക്കുപ്പെടും



**എല്ലാവിധ പായ്ക്കിംഗ് മെറ്റീരിയലുകളും നിർമ്മിച്ചു നൽകുന്നതാണ്**

# പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം ഒരു സമഗ്ര സമീപനം



**പ്രൊഫ. ഡോ. മാത്യു കെ. ജേക്കബ്**

ഡയറക്ടർ, സെന്റർ ഫോർ റിസോഴ്സ് മാനേജ്മെന്റ് & സസ്റ്റെയിനബിൾ ഡെവലപ്മെന്റ് സ്റ്റഡീസ് (CRMSDS)

**പാർട്ട് -എ**



പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ തുടക്കത്തിൽതന്നെ വ്യക്തമായും കൃത്യമായും ഒരു ബഹുതലപദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത്തരം ഒരു പദ്ധതി തയ്യാറാക്കുമ്പോൾ എന്തൊക്കെയാണ് കേരളത്തിൽ പേമാരി, ഉരുൾപൊട്ടൽ, പ്രളയ പ്രതിഭാസങ്ങൾ കൊണ്ട് ഉണ്ടായ നാശനഷ്ടങ്ങൾ എന്നു കൃത്യമായി പഠിച്ച് വിലയിരുത്തേണ്ടതാണ്. ഇത്തരം പ്രാരംഭപഠനങ്ങൾ സർക്കാർ-സർക്കാരിതര സംഘടനകൾക്കു ചെയ്യാവുന്നതാണ്.

ഇത്തരം പ്രാരംഭപഠനങ്ങൾ നടത്തുന്നതിനു നിയോഗിക്കപ്പെടുന്നവർക്കു ചിലപരിശീലനങ്ങൾ (Training) നൽകേണ്ടതാവശ്യമാണ്. ഉദാഹരണത്തിന്, വർഗ്ഗീകരണം (Classification procedures), ചോദ്യാവലി (Questionnaire) തയ്യാറാക്കൽ, ലളിത, ഭൂപടം (Simple map making) ഉണ്ടാക്കൽ, ഡേറ്റാ ടാബുലേഷൻ, ഡേറ്റാ പ്രോസസിംഗ്, ഡേറ്റ പ്രസന്റേഷൻ, റിപ്പോർട്ടു തയ്യാറാക്കൽ എന്നിവ.

ഇത്തരം പ്രാഥമിക പഠനങ്ങൾ വാർഡ്, വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ നടത്താവുന്നതാണ്. പ്രകൃതിദുരത കാരണങ്ങൾ വേർതിരിച്ചുകൊണ്ട്, വിവിധങ്ങളായ നാശനഷ്ടങ്ങൾ സ്റ്റാറ്റിസ്റ്റിക്കൽ അപഗ്രഥനത്തിനും പ്രയോജനപ്പെടത്തക്കവണ്ണം തയ്യാറാക്കണം. സ്ഥലം, ഭവനം, കൃഷി, റോഡ് -പാലം എന്നിങ്ങനെ പ്രാദേശിക തലത്തിലുള്ള നഷ്ടങ്ങൾ, നഷ്ടതുകയുടെയും പുനർനിർമ്മാണചിലവിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തണം.

സർക്കാർ തലത്തിലും, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീക്രമത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ തരംതിരിക്കണം. വളരെ പ്രധാനപ്പെട്ട ഒരു റേഖയാണിത്.

വ്യക്തികൾക്ക് ഒറ്റയ്ക്കോ, കൂട്ടായോ ചെയ്യാവുന്ന പ്രവർത്തങ്ങൾ കഴിവും താൽപര്യവുമുള്ളവരെ കണ്ടെത്തി ഏൽപ്പിക്കണം.

അടുത്തതായി സർക്കാർതലങ്ങളിൽ മാത്രം ചെയ്യാൻ കഴിയുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നു വ്യക്തമായി പഠിച്ചു ആവശ്യക്ത വ്യക്തമാക്കി പ്രാവർത്തിക റിപ്പോർട്ട് (Action Plan) തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാവുന്നതാണ്. ഇതിനായി വാർഡ്മെമ്പർ മുതൽ, എം.എൽ,എമാർ മന്ത്രിമാരെ വരെ സമീപിക്കേണ്ടതാണ്. സന്നദ്ധ സംഘടനകൾക്കു പൊതുആലോചനായോഗങ്ങൾ, പാരിഷ്, വാർഡ് പ്രാദേശിക തലങ്ങളിൽ സംഘടിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കു ബഹുജന പിന്തുണ ലഭിക്കും എന്നതിൽ സംശയമില്ല.

മൂന്നമതായി സന്നദ്ധസംഘടനകൾക്കു നേരിട്ടു ഏറ്റെടുത്തു ചെയ്യാൻ സാധിക്കുന്ന പുനർനിർമ്മാണ പദ്ധതികൾ തിരിച്ചറിയുക എന്നതാണ്. (Project identification)

Project identification അഥവാ പദ്ധതി തിരിച്ചറിയൽ ചെയ്തുകഴിഞ്ഞാൽ, ധനസമാഹരണം, സങ്കേതിക പരിഞ്ജാനം, മനുഷ്യവിഭവശേഷി (Human resources) എന്നീ മൂന്നു പ്രധാനകാര്യങ്ങൾക്ക് വഴികണ്ടെത്തുകയാണ് ചെയ്യേണ്ടത്. മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങളും ഫലപ്രദമായി ഏകോപിപ്പിച്ചു പ്രാവർത്തികമാക്കാൻ, ആത്മാർത്ഥതയും, കാര്യശേഷിയും സമർപ്പണവുമുള്ള ഒരു എക്സിക്യൂട്ടിവ് കമ്മിറ്റി രൂപീകരിക്കണം. പ്രസ്തുത കമ്മറ്റിയിൽ ഒരു സി.ഇ.ഒ (Cheif Executive Officer) ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സി.ഇ.ഒ, മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ താൽപ്പര്യവും കാര്യശേഷിയുമുള്ള ആളായിരിക്കണം.

കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനത്തിൽ സജീവമായി ഏർപ്പെടുന്ന വ്യക്തികളും ഏജൻസികളും, സന്നദ്ധസംഘടനകളും പൊതുവായി ശ്രദ്ധിക്കുകയും, സൂക്ഷ്മശ്രദ്ധകൊടുക്കേണ്ടതുമായ ചിലകാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു. പൊതുവായി ശ്രദ്ധിക്കേണ്ടവ.

1. ശുദ്ധജല ലഭ്യത
2. ഗാർഹിക ശൗചാലയ സംരക്ഷണവും പുനർനിർമ്മാണവും
3. ഭാഗികമായി/ പൂർണ്ണമായി ചെയ്യേണ്ട ഭവനപുനർനിർമ്മാണം
4. ആടു/പശു/കോഴി/താറാവ് എന്നിവയുമായി ബന്ധപ്പെട്ട കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കവെ നഷ്ടം സംഭവിച്ചവർക്കു ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ.
5. ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിങ്ങനെയുള്ള പ്രകൃതിദുരന്തനഷ്ടങ്ങൾ സംഭവിച്ചവർക്ക് കഴിയുന്നതും സൗജ

ന്യമായി ഭൂമിവീണ്ടും കൃഷിയോഗ്യമാക്കുക.

6. ഉപയോഗശൂന്യമായതും എന്നാൽ പ്രകൃതിക്കുദോഷം വരുത്തുന്നതുമായ, കുതിർന്ന് നശിച്ച മെത്തകൾ, തലയിണകൾ, പ്ലാസ്റ്റിക് വസ്തുക്കൾ, തുണികൾ, മറ്റുമാലിന്യങ്ങൾ ശാസ്ത്രീയമായി മറവുചെയ്യുക.

**സൂക്ഷ്മശ്രദ്ധവേണ്ട കാര്യങ്ങൾ**

1. ദുരന്തബാധിതർക്കാവശ്യമായ മാനസികാശ്വാസം (Trauma care and Counselling) വിദ്ഗദ്ധരെ കൊണ്ട് കൊടുക്കുക.

2. ശാരീരികക്ഷതം, പരുക്ക്, മുതലായ പ്രശ്നങ്ങൾക്കൊണ്ട് വിഷമിക്കുന്നവർക്കു അനുയോജ്യമായ ആതുര സേവനം ഉറപ്പാക്കുക. സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സന്നദ്ധസംഘടനകൾക്ക് സംഘടപ്പിക്കാവുന്നതാണ്.

3. പാസ്പോർട്ട്, റേഷൻകാർഡ്, വസ്തുവിന്റെ ആധാരം, ഇൻഷുറൻസ് രേഖകൾ മുതലായ നഷ്ടപ്പെട്ടവരെ, ശരിയായ ഡേറ്റാബാങ്ക് തയ്യാറാക്കി സഹായിക്കുക. വിവിധ മേഖകളിൽ ഇതിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സഹായിക്കുവാൻ പരിശീലനം കൊടുത്ത വോളന്റിയർമാരെ (Volunteers) തയ്യാറാക്കുക.

4. വിവിധ കടങ്ങൾ എടുത്തു ദുരന്തകാരണത്താൽ തിരികെ അടയ്ക്കുവാൻ പ്രയാസം നേരിടുന്നവർക്കു വിദഗ്ദ്ധ സഹായവും ഉപദേശവും കൊടുക്കുക. ദുഃഖകരമായ പല അവസ്ഥകളിൽ നിന്നും ഇവരെ രക്ഷിക്കുവാൻ ഇങ്ങനെയുള്ള അടിയന്തര ഇടപെടലുകളിലൂടെയും ബോധവൽക്കരണത്തിലൂടെയും സാധിക്കും.

5. കുട്ടികളുടെ വിദ്യാഭ്യാസത്തിനു നേരിട്ട തടസ്സങ്ങളും നഷ്ടങ്ങളളും സൂക്ഷമമായ സർവ്വേനടത്തി പഠിച്ചു പരിഹാരം കണ്ടെത്തുക. CARD പോലുള്ള സന്നദ്ധസംഘടനകൾക്കു ഈ കാര്യത്തിൽ വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുന്നതാണ്.

6. പ്രാദേശികമായി നിലനിൽക്കുന്ന സൗഹാർദ്ദവും സഹകരണവും നിലനിർത്താൻ വളരെ ശ്രദ്ധയോടെ എല്ലാ മുൻകരുതലുകളും എടുക്കുക.

**പാർട്ട് – ബി**

ദുരന്തനിവാരണ പ്രവർത്തനങ്ങൾ (Disaster Management) മൂന്നു തലങ്ങളിലാണ്

1. **മുൻകരുതൽ** (Anticipatory guidance and action)
2. **ദുരന്തനിവാരണം** (Mitigation)
3 **പ്രതിരോധം** (Prevention)

2018 ജൂലൈ ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിൽ കേരളത്തിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ ഭാഗികമായി പ്രതീക്ഷിച്ചതും ഭാഗികമായി അപ്രതീക്ഷിതവും ആയിരുന്നു. മേൽസൂചിപ്പിച്ച ഒന്നാം ഘട്ടമായ മുൻകരുതൽ ശരിയായ രീതിയിലെടുക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ആയതിനാൽ നദികളുടെ പ്രളയപ്രതലങ്ങളിൽ (Flood Plains) വൻതോതിൽ ആവാസഗൃഹങ്ങളും മറ്റും നിർമ്മിക്കുന്നതിനെ തടയുവാനും നിരുത്സാഹപ്പെടുത്തുവാനും കഴിഞ്ഞില്ല. നദികൾ പ്രകൃതിയുടെ ചാലകപ്രക്യയയാണ് (Dynamic System). നദികൾക്ക് അതിന്റെ കരകവിഞ്ഞ് ഒഴുകുവാൻ സ്വാതന്ത്ര്യമുണ്ട്. മനുഷ്യർ ആ സ്വാതന്ത്ര്യത്തെ തടയുമ്പോൾ പ്രളയം ദുരിതപൂർണ്ണമാകുന്നു. പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ മുൻകൂട്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള ആസുത്രണത്തിലൂടെ (Perspective planning) നിർണയിക്കേണ്ടതാണ്. മാത്രമല്ല. അണകെട്ടുകളിലെ ജലവിതാന നിയന്ത്രണങ്ങളും കൂടുതൽ മെച്ചപ്പെടുത്താമായിരുന്നു. നമ്മുടെ ഭൗമസമ്പത്തിന്റെ ശാസ്ത്രീയ വിനിയോഗവും, സുസ്ഥിരവികസനരീതികളും (Geo Resource Management and Ssutainable Development) അവലംബിക്കേണ്ടതായിട്ടുണ്ട്. സന്നദ്ധസംഘടനകൾക്ക് ഈ ഉദ്ദേശത്തോടെ പഠനപരിപാടികളും, സെമിനാറുകളും ഫലപ്രദമായി സംഘടിപ്പിക്കാവുന്നതാണ്. കേരളത്തിൽ ദുരന്തനിവാരണ സംവിധാനങ്ങൾ ഇനിയും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ദുരന്തഘട്ടങ്ങളിൽ രക്ഷപ്പെടുത്തൽ, സുരക്ഷിത താല്കാലിക താമസം (Safe Temperory Accommodation), വൈദ്യസഹായം (Medical Aid), ആഹാര- വസ്ത്രവിതരണം, സ്ത്രീ-ശിശു സുരക്ഷയും, മുൻഗണനയും, പകർച്ചവ്യാധികൾ തടയൽ, അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ (ensuring basic amenities), പുനരധിവാസം എന്നിവ ഘട്ടങ്ങളായി, കൃത്യമായ ആസൂത്രണത്തോടുകൂടി (Master Plan) ചെയ്യേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ ഓരോഘട്ടങ്ങളിലും ഉണ്ടായ വീഴ്ചകളും, കോട്ടങ്ങളും നേട്ടങ്ങളും സന്നദ്ധസംഘടനകൾക്ക് ദുരന്തമേഖലകൾ സന്ദർശിച്ചു സത്യസന്ധമായ വിലയിരുത്തലുകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കാവുന്നതാണ്.

***നാം ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.***

1. നദികളുടെയും തോടുകളുടെയും സ്വാഭാവിക ചാലുകൾ നികത്തി ജല നിർഗ്ഗമനം തടയരുത്.

2. നദികളുടെ പ്രളയപ്രതലങ്ങൾ (Floos plains) പാർപ്പിടനിർമ്മണത്തിന് തെരഞ്ഞെടുക്കരുത്.

3. അണകെട്ടുകൾക്ക് താഴെയുള്ള നദീതടങ്ങളിൽ പാർപ്പിടങ്ങൾ നിർമ്മിക്കരുത്. അതു നദീതടമായി തന്നെ നിലനിർത്തണം.

4. വയലുകൾ നികത്തി കെട്ടിട നിർമ്മണത്തിനായി ഉപയോഗിക്കരുത്. വയലുകളും ചതുപ്പ് പ്രദേശങ്ങളും പ്രകൃതിയുടെ വരദാനമാണ്. അവ പ്രകൃതിയ്ക്കാവശ്യമാണ്. അവ പ്രകൃതിയുടെ ശുചീകരണ കേന്ദ്രങ്ങളാണ്.

5. $20^0$ കൂടുതൽ ചരിവുള്ള ഉയർന്ന പ്രദേശങ്ങളിൽ പാർപ്പിടങ്ങൾ നിർമ്മിക്കരുത്.

6.ക്രമരഹിതമായി പാറകൾ പൊട്ടിയ്ക്കരുത്. അങ്ങനെയുണ്ടാകുന്ന വിള്ളലുകൾ ഉരുൾപൊട്ടലിനു കാരണമാകുന്നു.

7. പാർപ്പിടനിർമ്മാണത്തിൽ മിതത്വം പാലിക്കണം. മണ്ണ്, മണൽ, ചെളി, പാറ എന്നീ പ്രകൃതിവിഭവങ്ങൾ പുനരുൽഭവിക്കുന്നവ (renewable) അല്ല. ഇവയൊക്കെ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു പ്രകൃതിയുണ്ടാക്കിയതാണ്. അമിത ചൂഷണം പാടില്ല.

8. കുഴൽകിണർ നിർമ്മാണം നിരുത്സാഹപ്പെടുത്തുക.

9. ഡാമുകളിൽ അടിയുന്ന എക്കൽ/ചെളി/മണൽ യഥാസമയം എടുത്തു മാറ്റി പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കുക.

10. പ്രകൃതി സംരക്ഷണത്തെക്കുറിച്ചു ജനങ്ങളിൽ ശരിയായ അവബോധം വളർത്തുക. ഇതിനു CARD പോലുള്ള സന്നദ്ധസംഘടനകൾക്കു വളരെ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ സാധിക്കും. ഈ മനോഹരഭൂമിയിൽ നാം കേവലം സന്ദർശകർ മാത്രം. വരുന്ന തലമുറകൾക്കായി ഈ ഭൂമിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

●

# പ്രളയാനന്തര കേരളം–
# പുണ്യ നദി പമ്പയുടെ നൊമ്പരങ്ങൾ



**എൻ.കെ.സുകുമാരൻ നായർ**
ജനറൽ സെക്രട്ടറി,
പമ്പാപരിരക്ഷണ സമിതി

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിലുണ്ടായ പ്രളയം അക്ഷരാർത്ഥത്തിൽ കേരളത്തെ ദുരന്തപൂർണ്ണമാക്കി. കാസർഗോഡ് ഒഴിച്ചുള്ള പതിമൂന്ന് ജില്ലകളിലും ജനങ്ങൾ വല്ലാതെ കഷ്ടപ്പെട്ടു. ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രി മുതൽ നാലു ദിവസം കേരളത്തിന്റെ ഇടനാടു ഭാഗങ്ങൾ പൂർണ്ണമായി വെള്ളത്തിനടിയിലായി. വീടുകൾ മാത്രമല്ല, സർക്കാർ ഓഫീസുകൾ വ്യാപാര സ്ഥാപനങ്ങൾ, സ്കൂളുകൾ, കടകൾ, ബാങ്കുകൾ, ആശുപത്രികൾ എല്ലാം അപ്രതീക്ഷിത പ്രളയത്തിലായി. ദുരന്തനിവാരണത്തിനു നേതൃത്വം നൽകേണ്ട വില്ലേജാഫീസുകളിലും പഞ്ചായത്താഫീസുകളിലും വെള്ളം കയറി പ്രവർത്തനരഹിതമായി ദുരിതാശ്വാസകേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്ന സ്കൂളുകളിലും വെള്ളം കയറി. 18-ാം തീയതിയോടുകൂടി വെള്ളം ഇറങ്ങിക്കഴിഞ്ഞതോടുകൂടി കേരളത്തിൽ പമ്പാതീരവും കുട്ടനാടും ഒഴിച്ചുള്ള പ്രദേശങ്ങൾ സാധാരണജീവിതത്തിലേക്കു തിരിച്ചുവന്നു. പക്ഷെ പുണ്യനദിയായ പമ്പയുടെ രൗദ്രഭാവം ഈ വെള്ളപ്പൊക്കത്തിൽ തീരദേശവാസികളെ രണ്ടുമാസത്തോളം പ്രയാസത്തിലാക്കി. റാന്നി, കോഴഞ്ചേരി, തിരുവല്ല, ചെങ്ങന്നൂർ, കുട്ടനാടു താലൂക്കുകളിലുള്ള മുഴുവൻ ജനങ്ങളേയും ദുരിതത്തിലാക്കി. പമ്പാനദിയുടെ ഗതിയും ഘടനയും സാരമായി മാറി. സാധാരണ വെള്ളപ്പൊക്കത്തെ സ്വാഗതം ചെയ്യുന്ന ഒരു ജനതയാണ് പമ്പാനദീ തീരത്തും, കുട്ടനാട്ടിലും ഉള്ളത്. വെള്ളപ്പൊക്കം ഒരു പ്രദേശത്തെ ഒന്നു കുളിപ്പിച്ചു ശുദ്ധമാക്കും. കുട്ടനാട്ടിലെ ഒരു പഴഞ്ചൊല്ല് "പുരയ്ക്കുമീതെ വെള്ളം വന്നാൽ അതുക്കുമേലെ വള്ളം" എന്നാണ്. പ്രളയത്തിൽ എത്തുന്ന എക്കൽ മണ്ണ് കൃഷിയിടങ്ങളെല്ലാം ഫലഭൂയിഷ്ടം ആക്കും. എത്ര കഠിനമായ പ്രളയം ആണങ്കിലും വെള്ളം മാറിക്കഴിഞ്ഞാൽ എല്ലാവരും സന്തോഷത്തോടെ സ്വജീവിതത്തിലേക്കു തിരിച്ചുവരും. 2018 ആഗസ്റ്റ് 15 ലെ വെള്ളപ്പൊക്കം എല്ലാവരുടേയും കണക്കുകൂട്ടലുകൾ തെറ്റിച്ചു.

കാലാവസ്ഥ വ്യതിയാന ഫലമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ അടിക്കടി ഉണ്ടാകുവാനിടയുള്ളതുകൊണ്ട് 2018ലെ പ്രളയക്കെടുതികൾ ആവർത്തിച്ചു കൂടായ്കിയില്ല. ദുരന്തങ്ങൾ അനുഭവപാഠമാക്കുകയും ദുരന്തപ്രത്യാഘാതങ്ങൾ പരിമിതപ്പെടുത്തുവാൻ ശ്രമിക്കുകയുമാണ് പരിഷ്കൃതസമൂഹം



ചെയ്യേണ്ടത്. പ്രളയവുമായി ബന്ധപ്പെട്ടു ചില വിവരങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

പമ്പാ തീരത്ത് വീടുകളിൽ വന്നടിഞ്ഞ ചെളിയും മണ്ണും നീക്കുന്നതിനുതന്നെ ഓരോ വീട്ടുകാർക്കും 15000 മുതൽ 50000 രൂപാവരെ ചെലവായിട്ടുണ്ട്. കൂടുതൽ തുക മുടക്കേണ്ടി വന്നവരുടെ സംഖ്യയും ചെറുതല്ല. റോഡുകളെല്ലാം ചെളിവന്നടിഞ്ഞതിനാൽ മഴമാറി വെയിലായതോടെ പൊടിയുടെ ശല്യം യാത്രകൾ ദുഃഷ്ക്കരമാക്കി. ബസ്സ് സർവ്വീസുകൾ പലതും നിർത്തി. കുട്ടികൾക്കും വയോധികർക്കും പനി, ചുമ, കഫക്കെട്ടു തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് ആശുപത്രിയെ ശരണം പ്രാപിക്കേണ്ടി വരുന്നു. പമ്പാനദിക്കരയിൽ പ്രളയാനന്തര ദുരിതങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഗ്രാമീണപട്ടണങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയെങ്കിലും പലരും കച്ചവടം ഉപേക്ഷിച്ചു. പൊടിയുടെ ആധിക്യം കാരണം തെങ്ങ്, ജാതി, മാങ്കുസ്തി തുടങ്ങിയ ദീർഘകാല വിളകളുടെ ഇലകളിലെല്ലാം പൊടിവന്നടിഞ്ഞ് പ്രകാശസംശ്ലേഷണം അസാധ്യമായി. ഫലവൃക്ഷങ്ങളുടെ ഉല്പാദനനഷ്ടം കണക്കാക്കുവാൻ കഴിയില്ല. വാർഷിക കാർഷിക വിളകളെല്ലാം തന്നെ പമ്പാനദീതടത്തിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതീതിയാണ് പ്രകടമാകുന്നത്.

പമ്പാ നദീതടത്തിൽ പ്രളയാനന്തരം, മണ്ണിന്റെ ഘടനയിലും, സ്വഭാവത്തിലും മാറ്റം വന്നതായി സംസ്ഥാന കൃഷിവകുപ്പിന്റെ പഠനത്തിൽ വ്യക്തമായി (26.10.2018) മേൽമണ്ണിൽ ജൈവാംശം കുറഞ്ഞു. റാന്നി, പെരുനാട്, വടശ്ശേരിക്കര, നാറാണംമൂഴി, ചെറുകോൽ പഞ്ചായത്തുകളിൽ പി.എച്ച് മൂല്യം 6.6 മുതൽ 7.3 വരെയാണ്. മറ്റു പ്രദേശങ്ങളിൽ പി.എച്ച് മൂല്യം 4.2 മുതൽ 6.5 വരെ യാണ്. അധിക അമ്ലത കാണിക്കുന്ന ഈ പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ നീറ്റുകക്കയോ ഡോളോമൈറ്റോ ചേർത്ത് അമ്ലതയിൽ കുറവു വരുത്തിയാൽ മാത്രമെ കൃഷിക്ക് അനുയോജ്യമാക്കൂ. പ്രളയത്തിൽ മേൽ മണ്ണ് വലിയ തോതിൽ ഒലിച്ചുപോയ സ്ഥലങ്ങളിൽ നൈട്രജന്റെ അളവു കുറഞ്ഞിട്ടുള്ളതായി പരിശോധനയിൽ കണ്ടു. തിരുവല്ലാ പുല്ലാടു ഭാഗങ്ങളിൽ ഫോസ്ഫറസിന്റെ അളവു കുറഞ്ഞിട്ടുള്ളതായി പരിശോധനയിൽ കണ്ടു. മറ്റു സ്ഥലങ്ങളിൽ കൂടുതലായും കണ്ടെത്തി. പ്രളയാനന്തരം പൊതുവെ പൊട്ടാസ്യത്തിന്റെ അളവ് കുറവു കാണിച്ചു. പ്രളയത്തിനുമുമ്പ് ചെമ്പിന്റെ അംശം കുറവായിരുന്നു. പ്രളയാനന്തരം മണ്ണിൽ ആവശ്യത്തിനു ചെമ്പിന്റെ സാന്നിദ്ധ്യം കൂടുതൽ ഉണ്ടായിട്ടുണ്ട്. പുരയിടങ്ങളിൽ ചെളിയും, പൊടിയും ചേർന്ന് മിശ്രിതം മൂടിക്കിടക്കുന്നതിനാൽ മണ്ണിൽ വായു സഞ്ചാരം കുറയുന്നു. ചെടികൾക്ക് തടമെടുത്ത് വായുസഞ്ചാരം സൗകര്യപ്പെടുത്തി സൂഷ്മാണുക്കളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് കൃഷി വകുപ്പ്.

**നഷ്ടപ്പെട്ട പദ്ധതികൾ**

ഈ അവസരത്തിൽ പമ്പാനദിയുമായി ബന്ധപ്പെട്ട് നദിയുടെ സംരക്ഷണത്തിനായി ആവിഷ്ക്കരിച്ച ചില പദ്ധതികളെക്കുറിച്ച് അറിയുന്നതു നന്നായിരിക്കും. കേരളത്തിലെ പ്രളയക്കെടുതികൾ കഴിഞ്ഞ 70 വർഷങ്ങളായി നമ്മൾ സ്വീകരിച്ച വികലമായ വികസന നയത്തിന്റെ പരിണിതഫലം ആണെന്നുള്ളതിനു സംശയമില്ല.

കേരളത്തെ എല്ലാ അർത്ഥത്തിലും സംരക്ഷിച്ചു പരിപാലിക്കുന്നതിൽ പശ്ചിമഘട്ട മലനിരകൾക്കു സുപ്രധാന പങ്കാണുള്ളത്. പശ്ചിമഘട്ടമല നിരകളിലെ വനങ്ങളെല്ലാം വെട്ടിമാറ്റിയും കയ്യേറിയും ഭൂമി ഉപയോഗത്തിൽ വലിയമാറ്റങ്ങളാണ് വരുത്തിയത്. ഭക്ഷ്യക്ഷാമത്തിന്റെ നാളുകളിൽ വനഭൂമി ഭക്ഷ്യ വിളകൾ കൃഷി ചെയ്യുന്നതിന് നൽകപ്പെട്ടു. വളരെ സാഹസികമായി കൊടുംകാടു വെട്ടിത്തെളിച്ചും വന്യമൃഗങ്ങളോടു മല്ലിട്ടും കൃഷി ചെയ്ത കർഷകരെ ആദരവോടെ സ്മരിക്കുന്നു. പക്ഷെ കേരളം നേടിയ സാമ്പത്തിക വളർച്ചയ്ക്കോടൊപ്പം പ്രത്യക്ഷത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിലെ വനഭൂമിയെല്ലാം കയ്യേറാനും നാണ്യവിളകൾ കൃഷി ചെയ്യാനും ആരംഭിച്ചു. കൂടാതെ വൻകിട കെട്ടിടങ്ങളും വിനോദസഞ്ചാരമേഖലയായും പശ്ചിമഘട്ടത്തെ മാറ്റി. പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനായി കേന്ദ്രഗവൺമെന്റു നിയോഗിച്ച **ഗാഡ്ഗിൽ കമ്മറ്റി**യെ ജനകീയ ശത്രുവായി ചിത്രീകരിക്കുകയും പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളെല്ലാം പാടെ അവഗണിക്കുകയും ചെയ്തു.

മലകളും, കുന്നുകളും, വനവും സസ്യാവരണവും ഒക്കെ മഴവെള്ളത്തെ ഉൾക്കൊള്ളാനും ക്രമപ്പെടുത്തുവാനും പ്രകൃതി നൽകിയ സുപ്രധാന ഘടകങ്ങളാണ്. ജലനിർഗ്ഗമന മാർഗ്ഗങ്ങളെല്ലാം തടയപ്പെട്ടു. ഓരോ മലയുടേയും സംവഹനശേഷി (Carrying Capacity) യുടെ പല മടങ്ങാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. മലകളിൽ പെയ്യുന്ന മഴവെള്ളം മേൽമണ്ണിൽ ഇറങ്ങി അപ്രതീക്ഷിതമേഖലകളിൽ കൂടി ശക്തിയോടെ പുറത്തേക്കു വരുമ്പോൾ ലോലപരിസ്ഥിതി മേഖലയായ മലകളിലും കുന്നുകളിലും ഉരുൾപൊട്ടി വലിയ നാശനഷ്ടങ്ങളും ജീവ അപായവുമാണ് സംഭവിച്ചത്. മലകളിൽ സ്വീകരിക്കപ്പെടുന്ന മഴവെള്ളത്തിന് സുരക്ഷിതമായി ഒഴുകിപ്പോകുന്നതിന് വഴിയുണ്ടെങ്കിൽ ഉരുൾപൊട്ടൽ എന്ന അപകടം ഒഴിവാക്കുവാനോ പരിമിതപ്പെടുത്തുവാനോ കഴിയും. മലകളും, വനങ്ങളെ പോലെതന്നെ ജലസംഭരണികളായി പ്രവർത്തിക്കുന്നു. അനുസ്യൂതമായി നടന്നു വരുന്ന പാറഖനനം ജലസ്രോതസ്സുകളെയെല്ലാം ഇല്ലാതാക്കി. **പശ്ചിമഘട്ട മലനിരകളിൽ തുടരുന്ന ഉരുൾപൊട്ടൽ ഗാഡ്ഗിൽ റിപ്പോർട്ടിനെ അവഗണിച്ചു തള്ളിയവർക്ക് താക്കീതും പാഠവുമാകേണ്ടതാണ്.** നദിയുടെ പ്രളയബാധിത പ്രദേശങ്ങളിലെ (Flood Plain Area) നിർമ്മാണ പ്രവർത്തനങ്ങൾ പ്രളയക്കെടുതികളുടെ ആക്കം വർദ്ധിപ്പിച്ചു. പമ്പാനദിക്കു സമാന്തരമായി ഇരുകരകളിലും നെല്പാടങ്ങളും, നീർത്തടങ്ങളും, ചാലുകളും ധാരാളം ഉണ്ടായിരുന്നു. പമ്പാനദിക്ക് 288 പോഷക കൈവഴികൾ ഉണ്ടായിരുന്നു. ഇവയിൽ ഭൂരിഭാഗവും ഇപ്പോൾ നിലവിലില്ല. നദീതടത്തിൽ പ്രളയജലത്തെ ഉൾക്കൊള്ളാനുള്ള പ്രകൃതിഘടകങ്ങളെല്ലാം തന്നെ ഇല്ലാതാക്കി.

**പമ്പാ ആക്ഷൻപ്ലാൻ** : പമ്പാനദിയുടെ സംരക്ഷണത്തിനായി 2003 ൽ അനുവദിക്കപ്പെട്ട പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കാതെ അട്ടിമറിച്ചത് ഇത്തരുണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയ നേതാക്കന്മാരും ഓർക്കേണ്ടതാണ്. ശബരിമല പമ്പ മുതൽ കുട്ടനാടുവരെയുള്ള പമ്പാനദീതീരത്തെ മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം, വരട്ടാർ, കോലരയാർ, അരീതോട് ഇല്ലിമല തോട് (ചിറ്റാർ) എന്നീ പ്രധാന കൈവഴികൾ പുനരുജ്ജീവിപ്പിക്കുന്നതിനും സാധിക്കുമായിരുന്നു. ദേശയനദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റ് 2003 ൽ അനുവദിച്ച 320 കോടി രൂപയുടെ പദ്ധതിയാണ്. യാതൊരു ദയാദാക്ഷിണ്യവും കൂടാതെ നാം അട്ടിമറിച്ചത്.

**കുട്ടനാടു പാക്കേജ്**

ലോക പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം.എസ്സ് സ്വാമിനാഥന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കുട്ടനാട്ടുപാക്കേജിൽ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിന് കുട്ടനാട്ടിലെ ജലവ്യവസ്ഥ പുനരുജ്ജീവിപ്പിക്കണം എന്നും മാലിന്യമുക്തമാക്കണമെന്നും കൃത്യമായി നിർദ്ദേശിച്ചിരുന്നു. 1840 കോടി രൂപ പ്രതീക്ഷിച്ച പാക്കേജിൽ കുട്ടനാട്ടിൽ സിരാവ്യൂഹം പോലെ ഒഴുകിയിരുന്ന 650 കി.മീറ്റർ തോടുകൾ പുനരുജ്ജീവിപ്പിക്കണമെന്നും 55 വലിയ കുളങ്ങൾ നന്നാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കുട്ടനാടു വികസന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിരുന്ന എ.സി.കനാൽ, തോട്ടപ്പള്ളി ലീഡിംഗ് കനാൽ, തണ്ണീർ മുക്കം ബണ്ട് എന്നിവ ലക്ഷ്യം ഇട്ടിരുന്ന രീതിയിൽ പൂർത്തിയാക്കണമെന്ന് ശുപാർശ ചെയ്യുകയും അതിനാവശ്യമായ തുക പാക്കേജിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു. പമ്പാനദിയിലൂടെ എത്തുന്ന പ്രളയ ജലം കിടങ്ങറയിൽ നിന്ന്



പള്ളാത്തുരുത്തിയിൽ എത്തിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട 22 കിലോമീറ്റർ ദൈർഘ്യ മുള്ള എ.സി.കനാൽ 13 കിലോമീറ്റർ മാത്രമാണ് ഉണ്ടാക്കിയത്. ബാക്കിയുള്ള ഒൻപതുകിലോ മീറ്റർ കൂടി ഉടൻ പണികൾ പൂർത്തിയാക്കണ മെന്നു നിർദ്ദേശിച്ചിരുന്നു. എ.സി.കനാൽ സമ യബന്ധിതമായി പൂർത്തിയാക്കിയിരുന്നുവെ ങ്കിൽ പ്രളയ ആഘാതം ഗണ്യമായി കുറയുമാ യിരുന്നു. കൂടാതെ ഇപ്പോൾ കൂടെ കൂടെ തകരാറിലായിക്കൊണ്ടിരിക്കുന്ന കുട്ടനാട്ടിലെ പ്രധാന റോഡായ ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിന്റെ സുരക്ഷയും ഉറപ്പാക്കുവാൻ കഴി യുമായിരുന്നു.

2018 ആഗസ്റ്റ് 15, 16, 17 തീയതിക ളിൽ പമ്പ, അച്ചൻകോവിൽ, മണിമലയാർ, മീന ച്ചിൽ നദികളിൽ കൂടി വേമ്പനാട്ടുകായലിലെ ത്തിയത് 1.63 ബില്യൻ ക്യൂബിക്ക് മീറ്റർ വെള്ള മാണ്. വേമ്പനാടിന്റെ ജല സംവഹന ശേഷി 0.6 ബില്യൻ ക്യൂബിക്ക് മീറ്റർ മാത്രം. തോട്ട പ്പള്ളി സ്പിൽവേ തണ്ണീർ മുക്കം ബണ്ടു വഴി പുറത്തു പോയത് 0.65 ബില്യൻ ക്യൂബിക് മീറ്റർ മാത്രം ബാക്കി ഒരു ബില്യൻ ക്യൂബിക് മീറ്റർ വെള്ളം കുട്ടനാട്ടിലെ ജല നിരപ്പ് ഭയാന കമായി ഉയർത്തി.

വേമ്പനാട്ടുകായലിന്റെ ജലസംവഹ നശേഷി 78% കണ്ടു കുറഞ്ഞിരുന്നു. 2.4 ക്യൂബിക് കിലോമീറ്ററിൽ നിന്ന് 2000 ആയ പ്പോഴേക്ക് 0.6 ക്യൂബിക് കിലോമീറ്ററായി കുറ ഞ്ഞു. കുട്ടനാടു ജല വ്യവസ്ഥ 4 നദികളിക ളുടെ ഫ്ളെഡ്പ്ലേയിൻ ഏറിയ (Flood Plain Area) യാണ്. കഴിഞ്ഞ നൂറ്റാണ്ടാരംഭ ത്തിൽ വേമ്പനാട്ടു കായലിന്റെ വിസ്തൃതി 36,750 ഹെക്ടർ ആയിരുന്നത് 1983 ൽ 23750 ആയും 2000 ൽ 12504 ഹെക്ടറായും ചുരു ങ്ങി. കായലിന്റെ ആഴവും ഗണ്യമായി കുറഞ്ഞ താണ് ജലസംവഹനശേഷി ഭയാനകമായി കുറ യുവാനിടയായത്. കുട്ടനാട്ടിൽ നെൽപാടങ്ങ ളുടെ വിസ്തൃതി 1990കളിൽ 59304 ഹെക്ട റായിരുന്നു. 2017-ൽ 46388 ഹെക്ടറായി ശോഷിച്ചു. രണ്ടു തവണ കൃഷിചെയ്യുന്ന പാട ങ്ങളുടെ വിസ്തൃതി ഇപ്പോൾ 113% മാത്രം (കാർഷിക തീവ്രത) 1980 കളിൽ 133 ശതമാന മായിരുന്നു. (ഡോ.പത്മകുമാർ)

തോട്ടപ്പള്ളി സ്പിൽവേയിലേക്കു പ്രളയജലത്തെ പമ്പാനദിയിൽ നിന്ന് അതി വേഗം എത്തിക്കുവാനുദ്ദേശിച്ചു നിർമ്മിച്ച തോട്ടപ്പള്ളി ലീഡിംഗ് കനാലിന്റെ നിർദ്ദേശിക്ക പ്പെട്ട ഒൻപതുകിലോമീറ്ററിൽ ഒരു കിലോമീറ്റർ മാത്രമാണ് പൂർത്തിയാക്കിയത്. വിയപുരം മുത ലുള്ള പ്രളയജലത്തെ അറബിക്കടലിലേക്ക് വിടുവാനുള്ള ലീഡിംഗ് ചാനൽ പൂർത്തിയാ ക്കണമെന്നും കുട്ടനാട് പാക്കേജിൽ ശുപാർശ ചെയ്തിരുന്നു.

വേമ്പനാട്ടുകായലിൽ സ്ഥാപിച്ചിരി ക്കുന്ന തണ്ണീർമുക്കം ബണ്ടിന്റെ മധ്യഭാഗത്തെ മൺചിറ മാറ്റി സ്പിൽവേ ഷട്ടറുകൾ നിർമ്മിക്ക ണമെന്നു ശുപാർശ ചെയ്തിരുന്നു. ഷട്ടറുകൾ പുതുതായി 2018 ആഗസ്റ്റിൽ പണിപൂർത്തിയാ ക്കിയെങ്കിലും മൺചിറ മാറ്റുന്നതിനു കഴിഞ്ഞി രുന്നില്ല. മാറ്റപ്പെടുന്ന മണ്ണിന്റെ ഉടമസ്ഥാവകാശ തർക്കം വലിയ പ്രതിസന്ധി സൃഷ്ടിച്ചു. തണ്ണീർമുക്കം ബണ്ടിന്റെ എല്ലാ ഷട്ടറുകളും 15-30 മിനിറ്റിനുള്ളിൽ ആവശ്യാനുസരണം തുറക്കുന്നതിനും, അടയ്ക്കുന്നതിനും സൗക ര്യപ്പെടുത്തണമെന്നും, അടയ്ക്കുന്നതും, തുറ ക്കുന്നതും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയോടു ബന്ധപ്പെടുത്തണമെന്നും നിർദ്ദേ ശിക്കപ്പെട്ടിരുന്നു.

2008 ൽ കേന്ദ്രഗവൺമെന്റംഗീക രിച്ച കുട്ടനാട്ടുപാക്കേജിലെ നിർദ്ദേശങ്ങളെല്ലാം 2013 ൽ പൂർത്തിയാക്കേണ്ടിയിരുന്നു. പി.എ ച്ച്. വൈദ്യനാഥയ്യരുടെ നേതൃത്വത്തിൽ തയ്യാ റാക്കിയിരുന്ന കുട്ടനാട് വികസന പദ്ധതിയും, ഡോ.എം. എസ്സ് സ്വാമിനാഥന്റെ നേതൃത്വ ത്തിൽ തയ്യാറാക്കിയ കുട്ടനാടുപാക്കേജും ലക്ഷ്യം ഇട്ട രീതിയിൽ നിശ്ചിത സമയത്തിനു ള്ളിൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇപ്പോൾ കുട്ടനാട്ടിലുണ്ടായ പ്രളയക്കെടുതികൾ തീർച്ച യായും ലഘൂകരിക്കുവാൻ കഴിയുമായിരുന്നു. ഇപ്പോഴുണ്ടായ പ്രളയക്കെടുതികൾ അനുഭവ പാഠമാക്കി കുട്ടനാട്ടിലെ ജല സ്രോതസ്സുകൾ അതിന്റെ സ്വാഭാവികത നിലനിർത്തി പുനരു ജ്ജീവിപ്പിച്ച് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നില നിർത്തുന്നതിനുള്ള ഒരു മാനസികാവസ്ഥ ഔദ്യോഗിക സംവിധാനങ്ങൾക്കും, ജന ങ്ങൾക്കും ഉണ്ടാകണം. വളരെ ദുർബലമായ പരിസ്ഥിതി മേഖലയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പുനർ ചിന്തനം ഉണ്ടാകണം. കായൽ നികത്തി എടുത്ത ലോവർ കുട്ടനാടു പ്രദേശങ്ങളിൽ വാസഗൃഹ ങ്ങൾ പണിയുന്നതിനു നിയന്ത്രണങ്ങൾ ഉണ്ടാ കണം. കാർഷിക സ്ഥലങ്ങൾ കൃഷിക്കുമാത്ര മായി ഉപയോഗിക്കണമെന്നുള്ള മുന്നറിയിപ്പു കളാണ് തുടർച്ചയായുണ്ടായ പ്രളയക്കെടുതി കൾ നമ്മെ പഠിപ്പിക്കുന്നത്. കേരളത്തിലെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ഉല്പാദന ത്തിൽ ഗണ്യമായ സംഭാവന നൽകുന്ന കുട്ട നാട്ടിലെ കർഷകരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള ബാദ്ധ്യത സമൂഹം ഏറ്റെടുക്കണം. ഒരു സാമൂഹ്യബാദ്ധ്യത എന്ന നിലയിൽ ബദൽ താമസ സൗകര്യം ഉണ്ടാക്കു ന്നതിന് സംസ്ഥാനഗവൺമെന്റ് തയ്യാറാകണം. അതീവ സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമു ഖീകരിക്കുന്ന **കുട്ടനാടിനെ ഒരു പ്രത്യേക കാർഷിക മേഖല (Special Agriculture zone) യായി പ്രഖ്യാപിച്ച് തദനുസരണമായ നടപടികൾ ഉണ്ടാകണമെ ന്നുള്ള കുട്ടനാട്പാക്കേജിലെ ശുപാർശ സംസ്ഥാന സർക്കാർ നടപ്പിലാക്കണം.**

**നദീസംരക്ഷണം**

കേരളത്തിൽ നദീ സംരക്ഷണ ത്തിന്റെ പേരിൽ നദികളെകെട്ടി ഒതുക്കുക യാണ് ചെയ്തത്. നദികളിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളം. ഇൻഡ്യയിൽ എല്ലാ വർഷവും വിവിധ സംസ്ഥാനങ്ങളിലുണ്ടാ കുന്ന പ്രളയം അതാതു സ്ഥലത്തെ നദികൾ സംരക്ഷിക്കുന്ന കാര്യത്തിൽ കാണിക്കുന്ന ആലംഭാവത്തിന്റെ പ്രതിഫലനമാണെന്ന് പ്രള യക്കെടുതികളെക്കുറിച്ച് അഭിപ്രായം പറഞ്ഞി ട്ടുള്ള വിദഗ്ദന്മാരെല്ലാം. ഏകസ്വരത്തിൽ പറ യുന്നു.

1993 മുതൽ പമ്പാനദിയും അതിന്റെ കൈവഴികളും പോഷകനദികളും സംരക്ഷി ക്കണമെന്നാവശ്യപ്പെടുന്ന ഒരു സന്നദ്ധ പരി സ്ഥിതി സംഘടനയാണ്. പമ്പാ പരിരക്ഷണ സമിതി. അശാസ്ത്രീയവും അനധികൃതവു മായി നദികളിൽ നടന്ന മണൽഖനനമാണ് കേര ളത്തിലെ നദികളെല്ലാം മരണവക്രത്തിലകപ്പെ ട്ടതിനു പ്രധാന കാരണം. കേരളത്തിലെ 44 നദികളും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങ ളിലെ നദികളെക്കാൾ ആപേക്ഷികമായി ചെറി യവയാണ്. അതുകൊണ്ടുതന്നെ അവയ്ക്ക് ഏൽക്കുന്ന ചെറിയ ആഘാതം പോലും നദി യുടെ സുഗമമായ ഒഴുക്കിനെ ബാധിക്കും. ഈ തിരിച്ചറിവിന്റെ ഫലമായിട്ടാണ് നദികളിൽ മണൽവാരുന്നതിന് ശാസ്ത്രീയമായ ചില ക്രമീ



കരണങ്ങൾ ഉണ്ടാകണമെന്ന് പരിസ്ഥിതി സംഘടനകൾ ആവശ്യപ്പെട്ടത്. 2001-ൽ കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമം കേരളാ അസംബ്ലി ഏകകണ്ഠമായി അംഗീകരിക്കുകയും 2002 ഏപ്രിൽ മാസം മുതൽ നടപ്പിലാക്കുകയും ചെയ്തു. ഈ നിയമത്തിൽ നദീസംരക്ഷണത്തിന് ജനകീയ ഇടപെടലുകൾ ഉണ്ടാക്കത്തക്കവിധം പൂർണ്ണഅധികാരം തദ്ദേശം സ്വയംഭരണസ്ഥാപനങ്ങൾക്കു നൽകി. പക്ഷെ, കേരളത്തിലെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംരക്ഷണവ്യവസ്ഥകൾ ലംഘിക്കുകയും മണൽവാരി സാമ്പത്തികം വർദ്ധിപ്പിക്കുന്നതിന് നടപടികളെടുക്കുകയും ചെയ്തു.

അതോടൊപ്പം നദികളിൽ നിന്ന് മണൽവാരുമ്പോൾ സർക്കാരിനു ലഭിക്കുന്ന റോയൽറ്റിയുടെ 50% വും, നിയമം ലംഘിക്കുന്നവർ നൽകുന്ന പിഴശിക്ഷ തുകയും ചേർന്ന് നദീസംരക്ഷണ ഫണ്ട് സ്വരൂപിക്കുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇൻഡ്യയിൽ ആദ്യമാണ് നിയമംമൂലം നദീസംരക്ഷണവ്യവസ്ഥകൾ നടപ്പിലാക്കിയത്. ഇത് ഒരു മാതൃകാ നിയമമാണന്ന് നദിയെ സ്നേഹിക്കുന്ന എല്ലാവരും വാഴ്ത്തുകയും ചെയ്തു. പക്ഷെ നിയമം നടപ്പിലാക്കുന്നതിലല്ല ലംഘിക്കുന്നതിലാണ് ബന്ധപ്പെട്ടവരെല്ലാം ശ്രമിച്ചത്. അപൂർവ്വം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചില ജില്ലാ കളക്ടർമാരും നിയമം നടപ്പിലാക്കുവാൻ പരിശ്രമിച്ചിട്ടുണ്ടന്നുള്ളത് ഇവിടെ സ്മരണീയമാണ്. അവരുടെ ശ്രമങ്ങൾ വിജയിച്ചില്ല. മണൽവാരൽ മൂലമുണ്ടാകുന്ന നദിക്കുവരുന്ന പരിക്കുകൾ പരിഹരിക്കുന്നതിനും, കുളിക്കടവുകളും, കടത്തുകടവുകളും പരിരക്ഷിക്കുന്നതിനുമാണ് നദീസംരക്ഷണ ഫണ്ട് കൊണ്ട് ലക്ഷ്യമിട്ടത്. കേരളത്തിൽ തൂക്കുപാലങ്ങൾ നിർമ്മിക്കുന്നതിനും ആഡംബര കാറുകൾ വാങ്ങുന്നതിനും രാഷ്ട്രീയ സ്വാധീനമുള്ള കയ്യേറ്റക്കാരുടെ ഭൂമി സംരക്ഷിക്കുന്നതിനുമാണ് നദീസംരക്ഷണ ഫണ്ട് ഉപയോഗിക്കപ്പെട്ടത്. നദീതീര സംരക്ഷണ നിയമം ലംഘിച്ചതും, നദീതീരസംരക്ഷണഫണ്ട് വിപരീത ലക്ഷ്യങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്തതും കേരളത്തിലെ പ്രളയക്കെടുതികളുടെ ആക്കം വർദ്ധിപ്പിച്ചു എന്നുള്ളതിനു തർക്കമില്ല. 2001 ലെ നിയമം അനുസരിച്ച് നദികളിൽ നിന്നുള്ള മണൽഖനനം നിയന്ത്രിക്കുകയും നദീതീരങ്ങൾ മരങ്ങൾ വച്ച് സംരക്ഷിക്കുകയും പുറമ്പോക്കും കയ്യേറ്റങ്ങൾ ഒഴിവാക്കുകയും ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും പ്രളയക്കെടുതികൾ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുമായിരുന്നു.

**പുണ്യനദിയുടെ ദുഃഖം**

2018 ആഗസ്റ്റ് 14, 15 തീയതികളിൽ ശബരിഗിരി പദ്ധതി പ്രദേശത്ത് 48 മണിക്കൂറിനുള്ളിൽ 59 സെ.മീറ്റർ മഴലഭിക്കുകയുണ്ടായി. നിറഞ്ഞുനിന്ന ജലസംഭരണിയിലേക്കുള്ള വർദ്ധിത നീരൊഴുക്ക് കൂടുകയും ചെയ്ത സാഹചര്യത്തിൽ ശബരിഗിരി പദ്ധതിയുടെ ആനത്തോടു ഡാമിന്റേയും, പമ്പാ ഡാമിന്റേയും സ്പീൽവേ ഷട്ടറുകൾ തുറന്നു വിട്ടും വയ്യാറ്റുപുഴയിലും, മറ്റും വലിയ തോതിൽ ഉരുൾപൊട്ടലുണ്ടാകുകയും ചെയ്തു. പേമാരിമൂലമുള്ള ജലപ്രവാഹവും ഡാമുകളിൽ കൂടിയുള്ള ജലപ്രവാഹവും, ഉരുൾപൊട്ടൽ മൂലമുണ്ടായ ജലപ്രവാഹവും ഒന്നിച്ച് 14-ാം അർദ്ധരാത്രിയോടെ മഹാപ്രളയമായി രൂപാന്തരപ്പെട്ടു. ഒരു ദിവസം കൊണ്ടു തന്നെ പമ്പയുടെ ഇരുകരകളും, കുട്ടനാടും വെള്ളത്തിനടിയിലായി. വർദ്ധിത തോതിലുള്ള നീരൊഴുക്ക് രക്ഷാപ്രവർത്തനത്തെപ്പോലും തടസ്സപ്പെടുത്തി.

ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം, ആനത്തോടു സ്പിൽവേ തുറക്കുമ്പോൾ വർദ്ധിത ജല പ്രവാഹം വനത്തിലൂടെ 4 കിലോമീറ്ററോളം സഞ്ചരിച്ച് കക്കിയാറിലൂടെയാണ് ത്രിവേണിയിൽ പമ്പയിൽ വന്നു ചേരുന്നത്. ധ്രുതഗതിയിലുള്ള ജലപ്രവാഹം വനത്തിനുള്ളിലെ ചെറിയ കുന്നുകളും മരങ്ങളും മണ്ണും ചെളിയും എല്ലാം ഒഴുക്കിക്കൊണ്ടുവന്നു. തീരങ്ങളെല്ലാം ചെളി വന്നടിയുന്നതിനും, പമ്പാനദിയിൽ പലഭാഗങ്ങളും മണൽ വന്നടിഞ്ഞ് ക്രമാതീതമായി ഉയരുന്നതിനും ഇടയാക്കി. ശബരിമല പമ്പയിൽ 15 അടിയോളം ഉയരത്തിൽ മണ്ണും മണലും വന്നടിഞ്ഞു. വെള്ളം കയറിയ എല്ലാ വീടുകളിലും പുരയിടങ്ങളിലും വലിയതോതിൽ ചെളിവന്നടിഞ്ഞു. ശക്തമായ ജലപ്രവാഹത്തിൽ ഒഴുകിവന്ന സാന്ദ്രതകൂടിയ മണൽ നദിയിലും ചെളി തീരങ്ങളിലുമാണ് അടിഞ്ഞുകൂടിയത്. ഈ ആഗസ്റ്റിൽ ഉണ്ടായ പ്രളയക്കെടുതികളിൽ പമ്പാനദീതീരത്തുണ്ടായ ദുരന്തങ്ങളിലേറെയും, ഒഴുകിവന്ന ചെളിയുടെ സാന്നിദ്ധ്യം മൂലമുണ്ടായതാണ്. പമ്പാനദി പലസ്ഥലത്തും ഗതിമാറി ഒഴുക്കുണ്ടായി. മണൽതിട്ടകളും മാറി രൂപം കൊണ്ടു. റാന്നി ഹിന്ദുമതകൺവൻഷൻ നടന്നിരുന്ന മണൽപ്പുറം പൂർണ്ണമായി ഇല്ലാതായി. തെക്കുവശത്ത് മണൽപ്പുറം രൂപപ്പെടുകയും ചെയ്തു. അയിരൂർ മൂക്കന്നൂർ ഭാഗത്തെ വലിയ കയം നികന്ന് മണൽതിട്ട രൂപം കൊള്ളുകയും ചെയ്തു. താഴോട്ടു ആറാട്ടുപുഴവരെയും ആറ്റുതിട്ടകളിൽ വെളുത്ത നിറമുള്ള പൊടി മണൽ വന്നടിഞ്ഞിട്ടുണ്ട്. ദുരന്ത അനുഭവങ്ങളിൽ പമ്പാതീരവും കുട്ടനാടും കേരളത്തിലെ ഇതര സ്ഥലങ്ങളിൽ നിന്നു വേറിട്ടുനിൽക്കുന്നു. പമ്പാ നദിയിലെ ജലനിരപ്പ് പ്രളയം, കഴിഞ്ഞതോടെ സാധാരണ ഡിസംബർ-ജനുവരി മാസങ്ങളിലെ തലത്തിലേക്കു താഴ്ന്നു. തീരങ്ങളിലെ കിണറുകൾ ഇടിഞ്ഞു താഴ്ന്നു.

**തോട്ടപ്പള്ളി സ്പിൽവേ**

(Spillway with combined road bridge and regulator) തിരുക്കൊച്ചി ഗവൺമെന്റ് 1951 മേയ് 21ന് അനുവാദം നൽകി. ജോലികൾ 1951 ഡിസംബറിൽ ആരംഭിച്ചു. 1954 ഡിസംബർ 5ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. പട്ടം താണുപിള്ള ഉത്ഘാടന കർമ്മം നിർവഹിച്ചു. 4300 അടി നീളത്തിലും 1200 അടി വീതിയിലും സ്പിൽവേ ചാനലും പൂർത്തീകരിച്ചു. ഷട്ടറുകൾ എല്ലാം (40 ഷട്ടറുകൾ) തുറക്കുമ്പോൾ 64000 ക്യുബിക്ക് അടി/സെക്കന്റ് വെള്ളം ഒഴുക്കിക്കളയാൻ ശേഷിയുണ്ട്.

സ്പിൽവേയുടെ നിർമ്മാണത്തിനു വേണ്ടി കുഴിച്ചപ്പോൾ ഭീമാകാരമായ മരക്കുറ്റികളും പഴകിയ തടികളും മരങ്ങളും ലഭിക്കുകയുണ്ടായി. സഹസ്രാബ്ദങ്ങൾക്കുമുമ്പ് ഈ പ്രദേശം വനമായിരുന്നുവെന്നുള്ളതിന്റെ തെളി

വായികണക്കാക്കുന്നു. പൈലിംഗ് നടത്തിയപ്പോൾ മണലിന്റെ തലത്തിൽ കട്ടിയുള്ള കളിമണ്ണിന്റെ പാളികൾ കാണുകയുണ്ടായി. ഒരു കാലത്ത് ഈ പ്രദേശം കടലിനടിയിലായിരുന്നുവെന്നതിന്റെ തെളിവാണ്.

**പമ്പാനദീ തീരത്തു കണ്ട പ്രത്യേകതകൾ**

2018ലെ മഹാ പ്രളയം ശബരിമല പമ്പയിൽ 15 മീറ്ററോളം ഉയരത്തിൽ വെള്ളം വന്നതായിട്ടാണ് റിപ്പോർട്ടുകൾ അഞ്ചു മീറ്ററോളം ഉയരത്തിൽ മണ്ണും മണലും മരങ്ങളും വന്നടിഞ്ഞു. റാന്നി ടൗണിൽ വെള്ളം കെട്ടിടങ്ങളുടെ രണ്ടാം നിലയിലും കയറി. താഴോട്ട്, കോഴഞ്ചേരി, ആറന്മുള, ആറാട്ടുപുഴ ഭാഗങ്ങളിൽ 8 മുതൽ 10 മീറ്റർ വരെ നദിയിൽ നിന്നുയർന്നാണ് വെള്ളം ഒഴുകിയത്.

നേരിയ മണൽതരികളുടെ സാന്നിദ്ധ്യമാണ് ഈ പ്രളയത്തിൽ കണ്ട ഒരു പ്രത്യേകത. ക്രഷർ യൂണിറ്റുകളിൽ നിന്ന് പുറംതള്ളുന്ന പാറപൊടിക്കു സമാനമായ വെള്ള നിറത്തിലുള്ള പൊടിയാണ് നദീതീരങ്ങളിൽ വന്നടിഞ്ഞത്. ആനത്തോടു സ്പിൽവേ വഴി വലിയതോതിൽ വെള്ളം തുറന്നു വിട്ടപ്പോൾ ഉണ്ടായ വർദ്ധിത ഊർജ്ജം മൂലം പാറകൾ പൊടിഞ്ഞ് ഒഴുകിവന്നതാണ് ഇതിനുകാരണമായി ഭൗമശാസ്ത്രജ്ഞനായ ഡോ. ഡി.പത്മലാൽ പറയുന്നു. (ഹിന്ദു 10.09.18) 2018 ആഗസ്റ്റ് 14ന് ആനത്തോട് സ്പിൽവേ തുറന്നപ്പോൾ താഴെ ഭാഗങ്ങളിലുള്ള മലകൾ അടക്കം വനഭൂമി ഒലിച്ചുപോയി. വലിയ തോതിലുള്ള ഹൈഡ്രോളിക് പ്രഷർ ആണ് അനുഭവപ്പെട്ടത്. ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം വഴി ഉണ്ടാകുന്ന മർദ്ദത്തിനു സമാനമായ മർദ്ദം മൂലം പാറകൾ പൊടിഞ്ഞു. പമ്പാ തീരവാസികൾക്ക് ക്രഷർ യൂണിറ്റുകളുടെ സമീപം താമസിക്കുന്നവരുടെ ദുരനുഭവമാണ് നവംബർ മാസത്തിലും സർവ്വത്ര പൊടിപൂരം, റോഡുകളിൽ കൂടി യാത്ര ചെയ്യാനാകുന്നില്ല. അന്തരീക്ഷത്തിൽ കലർന്ന പൊടിയുടെ അംശവും വളരെ കൂടിയത് ഈ പ്രദേശത്ത് അനാരോഗ്യ സാഹചര്യങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. 2018 ആഗസ്റ്റ് 15-ാം തീയതി പല സ്ഥലങ്ങളിലും വെള്ളത്തിന്റെ നിറം കറുപ്പായിരുന്നതായി നാട്ടുകാർ പറയുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ജൈവ അവശിഷ്ടങ്ങൾ കുത്തി ഒഴുകിവന്നതായിരിക്കാം ഇതെന്നു കരുതുന്നു. പ്രളയാനന്തരം പമ്പാ തീരത്തുണ്ടായ പ്രതിഭാസങ്ങളെക്കുറിച്ച് വിശദമായ പഠനങ്ങളും തുടർനടപടികളും അനിവാര്യമാണ്. പ്രളയാനന്തര പമ്പയെക്കുറിച്ചുള്ള വിവിധതരത്തിലുള്ള പഠന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഇതര നദികളിൽ നിന്നു വ്യത്യസ്തമായി പമ്പാനദിയിൽ പ്രളയ ജലത്തോടൊപ്പം ഉരുളൻകല്ലുകളും, ചരൽ, ഗ്രാവൽ, മണൽ, ചെളി കളിമൺ എല്ലാം ഒഴുകി വന്നു. ക്രഷർയൂണിറ്റിൽ നിന്നു പുത്തു വരുന്ന പാറപ്പൊടി പോലെ വെളുത്തനിറത്തിലുള്ളവയായിരുന്നു. ഡാമിൽ കെട്ടിക്കിടന്ന വെള്ളം ഒഴുകിവരുമ്പോൾ ഉണ്ടായ ഉയർന്ന ഊർജ്ജമാണ് പാറക്കഷണങ്ങളെ പൊടിക്കുന്നതിനും, മരത്തടിയെ ചതക്കുന്നതിനും ഇടയാക്കിയത്. (ഡോ. ഡി.പത്മലാൽ - പത്രറിപ്പോർട്ട് 02.10.18)

പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കുവാൻ മനുഷ്യസാധ്യമല്ല. പക്ഷെ പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി അറിയുവാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ മനുഷ്യർ വികസിപ്പിച്ചു കഴിഞ്ഞു. വികസിതരാഷ്ട്രങ്ങളിൽ മാത്രമല്ല ഇന്ത്യയിലും ദുരന്തമുന്നറിയിപ്പു സംവിധാനങ്ങൾ പല സംസ്ഥാനങ്ങളിലും സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിൽ ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനും, മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും സംവിധാനങ്ങൾ അപര്യാപ്തമാണ്. പക്ഷെ, ദുരന്ത അവസരങ്ങളിൽ വെള്ളപ്പൊക്കമായാലും, ഉരുൾപ്പൊട്ടലായാലും രക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ എല്ലാവരും ഏകമനസ്സോടെ ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നത് ശ്ലാഘനീയമാണ്. ദുരിത ബാധിതരെ സഹായിക്കുന്നതിലും അഭിനന്ദനാർഹവും അഭിമാനകരവുമായ പ്രവർത്തനങ്ങളാണ് കേരളീയർ നടത്തുന്നത്. പക്ഷെ ദുരന്തങ്ങളെ പാഠമാക്കുവാനും, ഭാവിയിലുണ്ടാകുവാനിടയുള്ള അപകടങ്ങളുടെ രൂക്ഷത ലഘൂകരിക്കുവാനും നമ്മൾക്കാകുന്നില്ല.

●

Best Compliments from

*Wellwisher*

# മഴക്കാലത്ത് കന്നുകാലികളുടെ പരിപാലനം



**ഡോ. സെൻസി മാത്യു (സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് – ആനിമൽ സയൻസ്)**
**ഡോ. സി.പി. റോബർട്ട് (സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്)**
**ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, പത്തനംതിട്ട ജില്ല. ഫോൺ: 0469-2662094**

കേരളക്കര കണ്ടതിൽവച്ച് ഏറ്റവും വലിയ ദുരിതമാണ് 2018 ലെ വെള്ളപ്പൊക്കത്തിലൂടെ നാം സാക്ഷ്യം വഹിച്ചത്. 400 ൽ പരം മനുഷ്യർക്ക് ജീവഹാനി സംഭവിച്ചു. കാർഷിക മേഖലയ്ക്കുൾപ്പെടെ ഏകദേശം 30000 കോടി രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തു. മഴക്കെടുതിയിൽ മുങ്ങിനിൽക്കുമ്പോൾ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടത് മനുഷ്യരക്ഷയ്ക്കായുള്ള മാർഗ്ഗങ്ങളാണ്. എന്നാൽ വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് വേണ്ടവിധം ചർച്ചചെയ്യപ്പെടാതെ പോകുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യരേപ്പോലെതന്നെ മൃഗങ്ങളും മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നു. മനുഷ്യരക്ഷപോലെതന്നെ മൃഗസംരക്ഷണവും വളരെ പ്രധാനപ്പെട്ടതാണ്. അവയുടെ സംരക്ഷണത്തെക്കുറിച്ച് നാം കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ നേരിടുന്ന കർഷകർ മഴക്കാലങ്ങളിൽ തങ്ങളുടെ വളർത്തു മൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ യഥാസമയങ്ങളിൽ നൽകാൻ സാധിക്കാതെ വരുന്നു..

കേരളത്തെ സംബന്ധിച്ച് കാലവർഷക്കെടുതികൾ സാധാരണമാണ്. നൂതന സാങ്കേതിക വിദ്യകളുടെ ശാസ്ത്രീയമായ പ്രയോഗത്തിലൂടെ കാലവർഷക്കെടുതിയെ ചെറുത്ത് മൃഗങ്ങളുടെ പരിപാലനം ഉറപ്പുവരുത്തുവാൻ കഴിഞ്ഞാൽ കർഷകരുടെ വരുമാന നഷ്ടം കുറയാതെ സൂക്ഷിക്കുന്നതിന് സാധിക്കും.

വെള്ളം കയറി തീറ്റപ്പുല്ല് നശിച്ചുപോയതാണ് ഈ മേഖലയിലുള്ള കർഷകർ നേരിട്ട ഏറ്റവും വലിയ പ്രശ്നം. ദിവസേന ഒരു കന്നുകാലിക്ക് ശരാശാരി 25 മുതൽ 30 കിലോ വരെ തീറ്റപ്പുല്ല് ആവശ്യമാണ്. കുറഞ്ഞ സ്ഥലത്തുനിന്നും കൂടുതൽ ഉല്പാദനം ലഭിക്കുന്ന അത്യുല്പാദന ശേഷിയുള്ള പുല്ലിനങ്ങൾ നട്ടുവളർത്തേണ്ടത് അത്യാവശ്യമാണ്. പാരാ ഗ്രാസ്സ്, സൊർഗ്ഗം മുതലായ ഇനം പുല്ലുകൾ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അനുയോജ്യമാണ്. ഇതുകൂടാതെ സി.ഒ.3, സി.ഒ.4, സി.ഒ.5 എന്നീ

**കന്നുകാലികൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ ആരോഗ്യം സൂക്ഷിക്കുന്നതുപോലെ തന്നെ നമ്മോടൊപ്പം അധിവസിക്കുന്ന കന്നുകാലികളുടെ ആരോഗ്യവും സൂക്ഷിക്കുവാൻ നാം കടപ്പെട്ടവരാണ്. ശാസ്ത്രീയ രീതിയിലുള്ള മൃഗപരിപാലനം പ്രകൃതി ദുരന്തങ്ങൾ പ്രത്യേകിച്ച് വരൾച്ച, കാലവർഷ കെടുതി എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനും കർഷകർക്ക് സ്ഥായിയായ വരുമാനം നില നിർത്തുന്നതിന് സാധിക്കും. രോഗങ്ങളും, വിപത്തുകളും വന്നതിനുശേഷം നെട്ടോട്ടം ഓടാതെ അവയെ മുൻകൂട്ടി കണ്ട് കരുതലോടെ നീങ്ങാം.**

പുല്ലിനങ്ങളിൽ നിന്നും ഹെക്ടറിന് 400 മുതൽ 450 ടൺ വരെ തീറ്റപ്പുല്ല് ലഭിക്കും. ആദ്യവിളവെടുപ്പ് 60–75 ദിവസത്തിൽ നടത്താം. തുടർന്ന് 35 മുതൽ 40 ദിവസങ്ങളിൽ വിളവെടുപ്പ് നടത്താം. വിളവെടുപ്പിന് ശേഷം ഇവ ചെറിയ കഷണങ്ങളാക്കി അരിഞ്ഞ് തണലത്ത് ഉണങ്ങിയ ശേഷം പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ചാക്കുകളിൽ വായുകടക്കാത്തവിധം മുറുക്കികെട്ടി സൂക്ഷിച്ചുവച്ചാൽ വർഷകാലത്ത് ഉപയോഗിക്കുവാൻ സാധിക്കും. ഇങ്ങനെ തയ്യാറാക്കുന്നതിനെ സൈലേജ് എന്ന് പറയുന്നു. സൈലേജ് സംമ്പുഷ്ടമാക്കുവാൻ 4% വരെ യൂറിയയും നനയാൻ പാകത്തിന് ശർക്കരപാനിയും ചേർത്ത് സൂക്ഷിക്കാം.

കാലവർഷകെടുതിപോല തന്നെ കാലാവസ്ഥയിലുണ്ടാകുന്ന മറ്റ് വ്യതിയാനങ്ങളും കന്നുകാലികളെ സാരമായി ബാധിക്കാറുണ്ട്. വേനൽകാലത്ത് കന്നുകാലികളിൽ കണ്ടുവരുന്ന ചൂട് സമ്മർദ്ദം മൂലമുള്ള കിതപ്പും പാൽ ഉല്പാദനക്കുറവും പരിഹരിക്കുന്നതിന് വിവിധ സാങ്കേതിക വിദ്യകൾ നിലവിലുണ്ട്. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഝാൻസിയിലുള്ള ഇൻഡ്യൻ ഗ്രാസ് ലാന്റ് ആന്റ് ഫോഡർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ ഉല്പാദിപ്പിക്കുന്ന ധാതുലവണമശ്രിതം ഈ പ്രശ്നത്തിന് ഒരു പരിഹാരമായി നൽകാവുന്നതാണ്.. ഈ ധാതുലവണ മിശ്രിതം ദിവസം 40 ഗ്രാം കൈത്തീറ്റയിൽ ചേർത്ത് കന്നുകാലികൾക്ക് കൊടുത്താൽ പാൽ ഉൽപാദനത്തോടൊപ്പം ആരോഗ്യ സംരക്ഷണത്തിനും ഉത്തമമാണ്.

കന്നുകാലികൾക്ക് സമയാസമയങ്ങളിലുള്ള വിരയിളക്കൽ പ്രത്യേകിച്ചും കാലവർഷത്തിന് ശേഷം നടത്തുന്നതിന് ശ്രദ്ധിക്കണം. വർഷകാലത്ത് കണ്ടുവരുന്ന രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പുകൾ നൽകേണ്ടതുമാണ്.

**മഴക്കാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1 കറവയുള്ള പശുക്കളെ കഴിവതും ഒരേസമയത്ത് തന്നെ കറക്കാൻ ശ്രമിക്കുക, പാൽകുറവാണെങ്കിലും കറക്കാതിരിക്കാൻ പാടില്ല.

2 കാലിത്തീറ്റ സൂക്ഷിച്ചിരിക്കുന്ന മുറികളിൽ വെള്ളം കയറിയാൽ ആ തീറ്റ കന്നുകാലികൾക്ക് കൊടുക്കാതിരിക്കുക. കച്ചിയിൽ പൂപ്പൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മുറി ശുചിയാക്കി അണുനശീകരണം നടത്തി ഈർപ്പ വിമുക്തമാക്കിയതിനു ശേഷം മാത്രം പുതിയ തീറ്റകൾ സൂക്ഷിക്കുക.

3 തണുത്ത ചുറ്റുപാടിൽ നിൽക്കുന്ന കന്നുകാലികൾക്ക് തണുപ്പുമൂലം വിറയൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഇവയ്ക്ക് കുപ്പിയിൽ ചൂടുവെള്ളം നിറച്ചോ തൊണ്ട് ചൂടാക്കി ചൂടാക്കിയോ കൊടുത്ത് ക്രമേണ ശരീര ഉഷ്മാവ് നിലനിർത്തേണ്ടതാണ്.

4 മഴക്കാലത്ത് ന്യൂമോണിയ, വയറിളക്കം, കുളമ്പ് രോഗം, എലിപ്പനി എന്നീ രോഗങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ മുൻകരുതലുകൾ എടുക്കേണ്ടതാണ്.

5 കന്നുകാലികൾക്ക് കൊടുക്കുന്ന തീറ്റയും വെള്ളവും ശുദ്ധമാണെന്ന് ഉറപ്പുവരുത്തുക.

6 കന്നുകാലികൾക്ക് ഉണ്ടാകുന്ന മുറിവുകൾ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. മുറിവിനെ ശുദ്ധജലം ഉപയോഗിച്ചുകഴുകുക. അയഡിൻ ഉപയോഗിച്ച് വൃത്തിയാക്കുക. അതിനുശേഷം അടുത്തുള്ള മൃഗഡോക്ടറെ സമീപിക്കുക. ഈ മുൻകരുതലുകൾ പാലക്കേണ്ടത് അത്യാവശ്യമാണ്. എന്തെന്നാൽ മുറിവുകളിലൂടെ ടെറ്റനസ് പകരാനുള്ള സാധ്യതകൾ ഏറെയാണ്.

7 കന്നുകാലികൾ നിർജ്ജലീകരണ ലക്ഷണങ്ങൾ കാണിക്കുമ്പോൾ നിർബന്ധിച്ച് യാതൊരുകാരണവശാലും വെള്ളം നൽകരുത്. ശരീര ഊഷ്മാവ് നിലനിർത്തിയശേഷം മാത്രം ചെറിയ ചൂടുവെള്ളമോ കഞ്ഞിവെള്ളമോ കൊടുക്കുക.

8 കന്നുകാലികളുടെ കുളമ്പ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് അത് വൃത്തിയോടെ ഇരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈർപ്പമുള്ള ചുറ്റുപാടിൽ കുളമ്പുകളുടെ ഇടയിൽ കുമിളകൾ ഉണ്ടായി പഴുത്ത് ദുർഗന്ധം വമിക്കുന്നത് തടയാൻ ഇത് സഹായിക്കും. പൊട്ടാസ്യം പെർമാംഗനേറ്റ് ഉപയോഗിച്ച് കുളമ്പകൾ കഴുകി ശുചിയാക്കുന്നത് കുളമ്പുകൾക്ക് ഉണ്ടാകുന്ന മുറിവുകൾ തടയുകയും മുടന്ത് ഇല്ലാതാക്കുകയും ചെയ്യുന്നു.

മഴക്കാലത്ത് കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൽ കർഷകർക്ക് വൻ നാശം വിതയ്ക്കുന്നു. അതുപോലെതന്നെ പക്ഷിമൃഗാദികളിൽ നിന്നും മനുഷ്യരിലേക്ക് രോഗങ്ങൾ പടരാൻ സാധ്യതകൾ ഏറെയാണ്. അകിടുവീക്കത്തിന് ഇരയായ കന്നുകാലികളിൽ നിന്നും ലഭിക്കുന്ന പാൽ, പാൽ ഉൽപന്നങ്ങൾ എന്നിവ ഉപയോഗിക്കുന്നത് പലവിധ രോഗങ്ങൾക്കും കാരണമാകുന്നു. ആന്ത്രാക്സ് ബാധിക്കപ്പെട്ട മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് രോഗം പടരാനുള്ള സാധ്യത ഏറെയാണ്. ഇത് മനുഷ്യരിൽ ശ്വാസതടസ്സം, പനി, നെഞ്ച് വേദന, വയറുവേദന, വയറിളക്കം, ചർദ്ദി, തൊലിയിലുണ്ടാകുന്ന ചൊറിച്ചിൽ എന്നിവയ്ക്കും കാരണമാകുന്നു. വട്ടചൊറിച്ചിൽ, ടെറ്റനസ് എന്നിവയും മൃഗങ്ങളിൽനിന്നും മനുഷ്യരിലേക്ക് പകരാവുന്ന മറ്റുചില രോഗങ്ങളാണ്. ഈ രോഗങ്ങൾ തടയാൻ വ്യക്തി ശുചിത്വം പാലിക്കേണ്ടതാണ്. മൃഗങ്ങളെ പരിചരിക്കുമ്പോൾ കയ്യുറകൾ, ബൂട്ട് എന്നിവ ധരിക്കുക. രോഗങ്ങൾക്കെതിരായുള്ള കുത്തിവയ്പ്പുകൾ എടുക്കുക. പന്നി, എലി എന്നീ ജന്തുക്കൾ രോഗം പടർത്താനുള്ള സാധ്യതയുള്ളതിനാൽ ഇവയുടെ കടന്നുകയറ്റം നിയന്ത്രിക്കുക.

കന്നുകാലികൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ ആരോഗ്യം സൂക്ഷിക്കുന്നതുപോലെ തന്നെ നമ്മോടൊപ്പം അധിവസിക്കുന്ന കന്നുകാലികളുടെ ആരോഗ്യവും സൂക്ഷിക്കുവാൻ നാം കടപ്പെട്ടവരാണ്. ശാസ്ത്രീയ രീതിയിലുള്ള മൃഗപരിപാലനം പ്രകൃതി ദുരന്തങ്ങൾ പ്രത്യേകിച്ച് വരൾച്ച, കാലവർഷ കെടുതി എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനും കർഷകർക്ക് സ്ഥായിയായ വരുമാനം നില നിർത്തുന്നതിന് സാധിക്കും. രോഗങ്ങളും, വിപത്തുകളും വന്നതിനു ശേഷം നെട്ടോട്ടം ഓടാതെ അവയെ മുൻകൂട്ടിക്കണ്ട് കരുതലോടെ നീങ്ങാം.

# ദുരന്തം തെളിയിക്കുന്ന പ്രകാശങ്ങൾ

(പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ഒരു തിരിഞ്ഞുനോട്ടം)

**റിബുതോമസ് മാത്യു, കോ-ഓർഡിനേറ്റർ, കാർഡ്**





**ന**ന്മ ഉള്ളവരേയും അതിരില്ലാത്തവരേയും കാണിച്ചുതരുന്ന സന്ദർഭങ്ങളാണ് ദുരന്തങ്ങൾ. കുറെ നല്ല പാഠങ്ങൾ പഠിപ്പിച്ചുകൊണ്ട് മഹാപ്രളയം നിലച്ചു. കേരളത്തിലെ പ്രളയ ദുരന്തം മനുഷ്യനിലെ നന്മയും ഐക്യവും കരുണയും പുറത്തുകൊണ്ടുവന്നു. ജാതി മതങ്ങളുടേയും രാഷ്ട്രീയ വൈരത്തിന്റേയും ചങ്ങലകൾ പൊട്ടിച്ചാണ് നാം പ്രളയത്തോട് പോരാടിയത്.

സ്വന്തം കൊട്ടാരത്തിൽ എനിക്ക് ആരുടേയും സഹായം വേണ്ടന്ന ഗർവ്വിൽ വസിച്ചവർക്ക് അതല്ല ജീവിതമെന്ന പാഠവും പ്രളയം പകർന്ന് നൽകി. മനുഷ്യൻ കെട്ടി ഉയർത്തിയ മതിലുകളും വേലികളും കൊട്ടാരങ്ങളും പ്രകൃതി എത്ര നിസ്സാരമായാണ് പൊളിച്ചൊഴിക്കിയത്.

ജാതി മത വർണ്ണ വ്യത്യാസമില്ലാതെ സമൂഹത്തിൽ വേദനയനുഭവിക്കുന്നവർക്കൊപ്പം നന്മയ്ക്കുവേണ്ടി നിലനിൽക്കുവാൻ കഴിഞ്ഞ 40 വർഷമായി CARDന് സാധിക്കുന്നു. മാർത്തോമ്മ സഭയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായി ഭാരതത്തിലെ ഗ്രാമീണ ജനങ്ങളുടെ ഉന്നമനത്തിനായി ഉണർന്ന് സംഘടിച്ചു പ്രവർത്തിക്കുവാൻ, ചാലകശക്തിയാകുവാൻ, പ്രചോദകരാകുവാൻ കാർഡിന് സാധിക്കുന്നു.

ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കാർഡ് പ്രവർത്തകർ സജീവമായി മുൻപും പ്രവർത്തിച്ചിരുന്നു.സുനാമിസമയത്ത് കുളച്ചലിൽ 3 വർഷക്കാലം പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ കാർഡ് സജീവമായി പ്രവർത്തിച്ചിരുന്നു. 2015 ൽ ചെന്നൈ വെള്ളപ്പൊക്കത്തിലും ഓഖി ദുരന്തത്തിലും കാർഡ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്നു.

**പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ ഒന്നാംഘട്ടം**

വർഷക്കാലങ്ങളിൽ ഉണ്ടാകുന്ന പ്രളയത്തിൽ ദുരിതം അനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിന് മുൻ വർഷങ്ങളിലെപ്പോലെ 2018ലെ ജൂൺ- ജൂലൈ മാസങ്ങളിൽ സാധിച്ചു. CASAയുടേയും ബാംഗ്ലൂർ പ്രിംറോസ് മാർത്തോമ്മാ ഇടവകയുടേയും മറ്റ് അഭ്യുദയകാംഷികളുടേയും സഹായം ഇതിനു ലഭിച്ചു.

കാര്യമായി ആരും പ്രളയത്തെ ഗൗനിക്കാതിരുന്ന സമയത്ത്, 2018 ജൂലൈ 13 ന് എറണാകുളം ജില്ലയിലെ കുട്ടമ്പുഴ, മാമലക്കണ്ടം തുടങ്ങിയ ഒറ്റപ്പെട്ടു കിടക്കുന്ന സ്ഥലങ്ങളിൽ കോട്ടയം, കൊച്ചി ഭദ്രാസനത്തിന്റെ സഹകരണത്തോടെ ദുരിതാശ്വാസ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു.

ഓഗസ്റ്റ് 14ന് മഹാ പ്രളയം എത്തുന്നതിന് മുമ്പ് രണ്ട് മാസക്കാലത്തോളം വെള്ളക്കെട്ടിലും ദുരിതാശ്വാസ ക്യാമ്പുകളിലും താൽക്കാലിക ഷെഡ്ഡുകളിലും കഴിഞ്ഞിരുന്ന ആലപ്പുഴ ജില്ലയിലെ വെളിയനാട്, വേഴപ്ര, മാമ്പുഴക്കരി, രാമങ്കരി, മുട്ടാർ, പാണ്ടംകേരി, നിരണം, കോട്ടയം ജില്ലയിലെ നക്ര, പൂവം, അറുനൂറിൽപുതുവൽ, മേലേപുതുവൽ, എസി കോളനി തുടങ്ങിയ താഴ്ന്ന സ്ഥലങ്ങളിൽ ചെറുവള്ളങ്ങളിലും ബോട്ടിലുമായി ദുരിതാശ്വാസ ഭക്ഷ്യ സുരക്ഷാ കിറ്റ് എത്തിച്ച് സഹായം നൽകി. റാന്നി കുറുമ്പൻമൂഴിയിലും തിരുവല്ല മുനിസിപ്പാലിറ്റിയിലെ താഴ്ന്ന പ്രദേശങ്ങളിലും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

ആരും ശ്രദ്ധിക്കാതെ അവഗണിക്കപ്പെട്ട് പാലങ്ങളിലും ഉയർന്ന റോഡിലും താൽക്കാലിക ഷെഡ് കെട്ടി ഒറ്റപ്പെട്ട് ക്യാമ്പിൽ കഴിഞ്ഞവർക്ക് കാർഡിന്റെ സഹായം ആശ്വാസമായിരുന്നു. ഒന്നാം ഘട്ട ദുരിതാശ്വാസ പ്രവർത്തനത്തിൽ 3000 കുടുംബങ്ങൾക്ക് സഹായം നൽകി. അപ്പോഴും ഉയർന്ന പ്രദേശങ്ങളിൽ താമസിച്ചിരുന്നവർ സുരക്ഷിതർ എന്നു കരുതി പ്രളയ ദുരിതം മാധ്യമങ്ങളിലൂടെ ആസ്വദിച്ചു.

**പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ രണ്ടാംഘട്ടം**

2018 ഓഗസ്റ്റ് 14-17 ചരിത്രം തിരുത്തിക്കുറിച്ച ദിനങ്ങൾ. തീർത്തും അവിശ്വസിനീയമായ പ്രകൃതി മാറ്റങ്ങളിൽ പരിഭ്രാന്തരായ മനുഷ്യരും ജീവജാലങ്ങളും; ഒരു പ്രദേശം ആകെ പതറിപ്പോയ നാളുകൾ.

2018ലെ ജലപ്രളയത്തിന്റെ രണ്ടാം ഘട്ടത്തെ മഹാപ്രളയമെന്നും നൂറ്റാണ്ടിലെ വെള്ളപ്പൊക്കം എന്നും വിളിച്ചു. നൂറ്റാണ്ടിലെ കാലത്തി നിടയിൽ ഏറ്റവും കൂടുതൽ മഴ ഏറ്റവും കുറവ് ദിനങ്ങളിൽ പെയ്തിറങ്ങിയതിനെത്തുടർന്ന് ഉണ്ടായ പ്രളയത്തിലും

# കാർഡ് ഗവേണിംഗ് ബോർഡ് മെമ്പേഴ്സ് 2017-2020



മോസ്റ്റ് റവ.ഡോ.ജോസഫ്
മാർത്തോമ്മാ മെത്രാപ്പോലീത്ത
(രക്ഷാധികാരി)



റൈറ്റ്.റവ.തോമസ്
മാർ തിമൊഥെയോസ് എപ്പിസ്കോപ്പ
(പ്രസിഡന്റ്)



റവ.കെ.ജി.ജോസഫ്
സെക്രട്ടറി



റവ.ഏബ്രഹാം പി.വർക്കി
ഡയറക്ടർ



ജോസി കുര്യൻ
(ട്രഷറർ)



റവ.തോമസ് ബി.
(അസി.ഡയറക്ടർ)



കുരുവിള മാത്യു



റവ.ഡെയിൻസ് ബി.ഉമ്മൻ



എം.സി.മാത്തുകുട്ടി



സാമുവേൽ തോമസ്



ജോർജ്ജ് പണിക്കർ കെ.



ജോർജ്ജ് മാത്യു



പി.ജെ.ഡേവിഡ്



മറിയാമ്മ കെ.ജെ.



സൂസൻ വർഗ്ഗീസ്



അഡ്വ.എലിസബത്ത് ജോർജ്ജ്



റെയ്ച്ചൽ തോമസ്

## പ്രളയ ബാധിത പ്രദേശങ്ങളിൽ കാർഡിന്റെ കൈതാങ്ങ്
























# പ്രളയ ബാധിത പ്രദേശങ്ങളിൽ കാർഡിന്റെ സാന്ത്വന സ്പർശം



പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാർത്തോമ്മാ മാനേജ്മെന്റ് സ്കൂളുകളിൽ പ്രളയ ബാധിതരായ കുട്ടികൾക്ക് പഠനോപകരണങ്ങളുടെ വിതരണം ഉദ്ഘാടനം ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തലവടി റ്റി.എം.ടി.സ്കൂളിൽ നിർവ്വഹിക്കുന്നു.



തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സഭാ സെക്രട്ടറി റവ.കെ.ജി.ജോസഫ് നിർവ്വഹിക്കുന്നു. ആറന്മുള എം.എൽ.എ.വീണാ ജോർജ്ജ്, ജില്ലാ പഞ്ചായത്ത് വൈ.പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ, ട്രഷറർ ജോസി കുര്യൻ എന്നിവർ സമീപം





ആലപ്പുഴ കൈനകരി പഞ്ചായത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിന്നും






പ്രളയ ബാധിതരായ കുരുന്നുകൾക്ക് സാന്ത്വനമായി



എടത്വ പാണ്ടംകേരിയിൽ ബാംഗ്ലൂർ പ്രിംറോസ് മാർത്തോമ്മാ ഇടവകയുടെ സഹകരണത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുൻ സഭാ സെക്രട്ടറി റവ.ഉമ്മൻ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു




പാണ്ടനാട് പഞ്ചായത്തിൽ ഹൈദ്രബാദ് സങ്കല്പ് ഫൗണ്ടേഷന്റെ സഹകരണത്തോടെ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ സഭാ സെക്രട്ടറി റവ.കെ.ജി.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

# പ്രളയ ബാധിത പ്രദേശങ്ങളിൽ കാർഡിന്റെ സാന്ത്വന സ്പർശം





പുളിക്കീഴ് പഞ്ചായത്തിലെ സീറോലാന്റിൽ അടുക്കള ഉപകരണങ്ങളടങ്ങിയ കുടുംബ കിറ്റിന്റെ വിതരണ ഉദ്ഘാടനം പുളിക്കീഴ് സബ് ഇൻസ്പെക്ടർ ശ്യാം ബാലചന്ദ്രൻ നിർവ്വഹിക്കുന്നു.







പ്രളയാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടമ്പുഴ, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിലെ 200 കുടുംബങ്ങൾക്ക് കിടക്കകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം റവ.എബ്രഹാം പി. വർക്കി നിർവ്വഹിക്കുന്നു.





കാർഡിന്റെ ചുമതലയിൽ വയനാട് ആദിവാസി കോളനികളിൽ നടക്കുന്ന പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും.







കുട്ടനാട് മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ






ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മറ്റും ഉണ്ടായ അപകടങ്ങളുടെ നടുക്കത്തിൽ നിന്ന് കേരളം മുക്തമായിട്ടില്ല. മാനത്ത് കാറ് കണ്ടാൽ കുട്ടികൾ മാത്രമല്ല മുതിർന്നവർപോലും ഭയന്നുപോകുന്ന സ്ഥിതി സംസ്ഥാനത്തിന്റെ പല ഭാഗത്തും ഇന്നും നിലനിൽക്കുന്നു. എന്നാൽ പ്രളയ കാലത്ത് ഉണ്ടായ കൂട്ടായ്മയും കാര്യക്ഷമമായ പ്രവർത്തനവും മഹാ ദുരന്തത്തെ ഒറ്റക്കെട്ടായി അതിജീവിക്കും എന്ന പ്രതീക്ഷ വാനോളം ഉയർത്തി.

മഹാപ്രളയത്തിൽ എല്ലാംനഷ്ടപ്പെട്ട കുട്ടികൾക്ക് സാന്ത്വനമേകുന്നതിനായി ചെന്നൈ ആസ്ഥാനമായ HACI യുടെ സഹകരണത്തോടെ പഠനോപകരണങ്ങളുടെ കിറ്റ് വിതരണം ചെയ്തു. മാർത്തോമ്മാ മാനേജ്മെന്റിന്റെ കീഴിലുള്ള 13 പ്രളയബാധിത സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും മറ്റ് 8 ഗവൺമെന്റ് സ്കൂളുകൾക്കും വിദ്യാഭ്യാസ സഹായമായി പഠനോപകരണങ്ങളുടെ കിറ്റ് വിതരണം ചെയ്തു. 3000 രൂപ വിലവരുന്ന കിറ്റ് 1300 കുട്ടികൾക്ക് പ്രയോജനപ്പെട്ടു.

പുനരധിവാസപ്രവർത്തനങ്ങളുടെ ഭാഗമായി ഡൽഹി ആസ്ഥാനമായ ഇമ്മാനുവേൽ ഹോസ്പിറ്റൽ അസ്സോസ്സിയേഷനുമായി സഹകരിച്ച് മുട്ടാർ, വെളിയനാട്, തലവടി, എടത്വ, പായിപ്പാട്, രാമങ്കരി, മാന്നാർ, കടപ്ര, തോട്ടപ്പുഴശ്ശേരി, കോയിപ്രം, ഇരവിപേരൂർ തുടങ്ങിയ പഞ്ചായത്തുകളിലെ 3000 കുടുംബങ്ങൾക്ക് അടുക്കള ഉപകരണങ്ങളും ആരോഗ്യ സംരക്ഷണ വസ്തുക്കളും അടങ്ങിയ കുടുംബകിറ്റ് വിതരണം ചെയ്തു.

കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, വയനാട്, ഇടുക്കി ജില്ലകളിലെ 6000-ൽപരം കുടുംബങ്ങൾക്ക് സാന്ത്വനമായി ആരോഗ്യസംരക്ഷണ കിറ്റ്, അവശ്യ വസ്ത്രങ്ങൾ, പാത്രങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, അടങ്ങിയ കിറ്റുകളും, കിടക്കകളും വിതരണം ചെയ്ത് ദുരിതബാധിതരുടെ പുനരധിവാസപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

വയനാട്ടിലെ പ്രളയബാധിതരായ 251 ആദിവാസി കുടുംബങ്ങളുടെ സമഗ്രസംരക്ഷണവും പുനരധിവാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നവകേരള നിർമ്മാണത്തിലും കേരളത്തിലെ 5 ജില്ലകളിൽ കാർഡ് സജീവ സാന്നിദ്ധ്യമായി പ്രവർത്തിക്കുന്നു. അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടേയും കാർഡ് പ്രസിഡന്റ് തിമഥെയോസ് തിരുമേനിയുടേയും ആലോചനയോടെ കാർഡ് ഡയറക്ടർ റവ. ഏബ്രഹാം പി. വർക്കിയുടെ നേതൃത്വത്തിൽ കാർഡ് പ്രവർത്തകർ വിവിധ പദ്ധതികൾക്ക് രൂപം നൽകി ചിട്ടയോടെ സമയബന്ധിതമായി പ്രവർത്തിക്കുന്നു. ഇങ്ങനെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ദുരിതം അനുഭവിക്കുന്ന ഒറ്റപ്പെട്ട് കഴിയുന്ന 11,000 കുടുംബങ്ങൾക്ക് സ്വാന്തനമേകി സഹായങ്ങൾ നൽകുവാൻ കാർഡിന് കഴിഞ്ഞു.

CASA, KNH, ഡൽഹി ആസ്ഥാനമായ EHA, ചെന്നെ ആസ്ഥാനമായ HACI, ഹൈദരാബാദിലുള്ള സങ്കൽപ്പ് ഫൗണ്ടേഷൻ, ലുധിയാനായിലുള്ള കെവിൻ & ടീം, ഇന്ത്യയിലും വിദേശത്തുമുള്ള ഇടവകകൾ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ കാർഡിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, കാർഡ് പ്രസിഡന്റ് റൈറ്റ്.റവ.തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ, ഡയറക്ടർ റവ. ഏബ്രഹാം പി. വർക്കി, അസിസ്റ്റന്റ് ഡയറക്ടർ റവ. ബി.തോമസ്, ട്രഷറർ ജോസി കുര്യൻ, കാർഡ് ജീവനക്കാരായ ഫിലിപ്പ് ചെറിയാൻ, സജി റ്റി.ചെറിയാൻ, ഷാജി തോമസ്, പ്രകാശ് തോമസ്, സ്റ്റീഫൻസെൻ ജേക്കബ്, സക്കറിയ ഐസക്ക് ഇ.എച്ച്.എ.കോ-ഓർഡിനേറ്റർ റോഷൻ സാം തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ സമുദായങ്ങളിൽ ഉള്ള സന്നദ്ധ പ്രവർത്തകർ പ്രവർത്തനങ്ങളിൽ സഹായിച്ചു.

വിവിധ പഞ്ചായത്തുകളിൽ കാർഡിന്റെ ചുമതലയിൽ നടന്ന രണ്ടാംഘട്ട പ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും വിവിധ സാമൂഹ്യ-രാഷ്ട്രീയ നേതാക്കൾ സംബന്ധിച്ചിരുന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, കാർഡ് പ്രസിഡന്റ് റൈറ്റ്.റവ.തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ, ആറന്മുള എം.എൽ.എ.ശ്രീമതി വീണാ ജോർജ്ജ്, ചെങ്ങന്നൂർ എം.എൽ.എ. ശ്രീ.സജി ചെറിയാൻ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാദേവി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.ജോർജ്ജ് മാമ്മൻ കൊണ്ടൂർ, പുളിക്കീഴ് എസ്.ഐ. ശ്യാം ബാലചന്ദ്രൻ, മാർത്തോമ്മാ സഭാ സെക്രട്ടറി റവ.കെ.ജി.ജോസഫ്, മുൻസഭാ സെക്രട്ടറി റവ.ഉമ്മൻ ഫിലിപ്പ്, മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യൻ, തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണൻ നായർ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഈപ്പൻ കുര്യൻ, പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, മെമ്പർമാർ തുടങ്ങിയവർ കാർഡിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ചു. കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രളയാനന്തര നവകേരള സൃഷ്ടിയിൽ സർക്കാരിനോട് ചേർന്ന് മറ്റ് പല സംഘടനകളുടെ സഹായത്താൽ മൂന്നാം ഘട്ടമായി പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

സമസൃഷ്ടങ്ങളായ സഹോദരങ്ങൾക്ക് കാരുണ്യത്തിന്റെ സഹായം നൽകുവാൻ സന്നദ്ധരായ എല്ലാവരോടും നന്ദി പ്രകാശിപ്പിക്കുന്നു.

●

## CARD Emergency Response to Kerala Flood -2018




**Over view of CARD Relief Programme**

**6 Districts**:

Alappuzha, Kottayam, Pathanamthitta, Eranakulam, Idukki and Wayanad

**7 Taluks/Blocks** : Changanassery, Kuttanad, Thiruvalla, Kozhenchery, Kothamangalam ,Peerumed,Pulpally

**34 Panchayat:**

Velliyanad, Ramenkery, Punnapra, Kainakiri, Muttar, Thalavady, Pandanad, Mannar, Budanoor, Edathua, Peringara, Paippad Niranam, Koipuram, Pullikeezh,Nedumbram,Karukachal, Kallooppara, Kuttoor,Vechoochira, Thottapuzhasseri, Puramatam, Mallapuzhasserry, Eraviperoor,Kumarakam, Kutampuzha, Vandiperiyar, Pulppally, Poothady, Panamaram, Thiruvalla Muncipality, Kaviyoor, Veeyapuram, Pandalam

**102 Villages**

**11290 Families**

**Provision kit, Hygienekit, Non Food items, Kitchen utensils kit, Educationalkit, Shelter Maintenance**



# പ്രളയാനന്തര മാലിന്യപ്രളയം

ഫിലിപ്പ് ചെറിയാൻ, കാർഡ്

**100** വർഷത്തിനുശേഷം കേരളം കണ്ട ഒരു വലിയ പ്രളയത്തിന്റെ അനന്തരഫലമായുണ്ടായ മാലിന്യം സംസ്കരിക്കുന്നതിന് നല്ല ഒരു തയ്യാറെടുപ്പ് ആവശ്യമായിരുന്നു. വിദേശ രാജ്യങ്ങൾ പലതും ദുരിതങ്ങളുണ്ടായാൽ അതിനെ അഭിമുഖീകരിക്കുവാനും പ്രശ്ന പരിഹാരങ്ങൾക്കും പരിശീലനങ്ങൾ നേടുന്നുണ്ട്.

പ്രളയാനന്തര മാലിന്യത്തിന്റെ നല്ലൊരു ഭാഗവും പുഴകളിലൂടെ സ്ഥിരം സ്വീകർത്താവായ സമുദ്രം സ്വീകരിച്ചു. എന്തെല്ലാം മാലിന്യങ്ങളാണ് പ്രളയംമൂലം ഉടലെടുത്തതെന്ന് ആദ്യം മനസിലാക്കാം.

വീട്ടുപകരണങ്ങൾ നഷ്ടമായത്, ജീവജാലങ്ങളുടെ ശവശരീരങ്ങൾ, സസ്യജാലം, പഴങ്ങൾ, ഇല, ചെളി, പ്ലാസ്റ്റിക്, മാരകമായ കെമിക്കൽസ് ദുരിതാശ്വാസ പ്രവർത്തനത്തിലൂടെ സംഭവിച്ച മാലിന്യകവറുകൾ കുപ്പികൾ ഉപയോഗ ശൂന്യമായ വസ്തുക്കൾ

മാലിന്യം എന്നാൽ - തെറ്റായ വസ്തു
തെറ്റായ രീതിയിൽ
തെറ്റായ സമയത്ത്
തെറ്റായ അളവിൽ
തെറ്റായ സ്ഥലത്ത് - നിക്ഷേപിക്കപ്പെടുമ്പോൾ അത് മാലിന്യമാകുന്നു. എന്നാൽ തെറ്റായ വസ്തു ശരിയായി നിക്ഷേപിക്കുമ്പോൾ അത് സമ്പത്തായി മാറുന്നു.

സർക്കാർ കണക്കനുസരിച്ച് 4 ലക്ഷം പക്ഷികൾ, 21500 മൃഗാദികളുടേയും ശവശരീരങ്ങൾ മറവു ചെയ്തു. 1 ലക്ഷം മെത്തകൾ ചെങ്ങന്നൂർ തന്നെ മാലിന്യമായി മാറി 60 ലക്ഷം പ്ലാസ്റ്റിക് കുപ്പി ദുരിതാശ്വാസമായി എത്തി. മാലിന്യമായിമാറി ആകെ 35000 മെട്രിക് ടൺ മാലിന്യം, ആഗസ്റ്റ് മാസം സൃഷ്ടിക്കപ്പെട്ടു . ശുചിത്വ മിഷൻ 20 ലക്ഷം കിലോ ജൈവ മാലിന്യവും 23 ലക്ഷം കിലോ അജൈവ മാലിന്യവും സംഭരിച്ചു (45 ശതമാനം ജൈവ മാലിന്യവും 55 ശതമാനം അജൈവ മാലിന്യവും). എന്നാൽ മാലിന്യം നിർമ്മാജനം ചെയ്യുന്നതോടൊപ്പം ആദായകരമാക്കുകയും ചെയ്യാം.

എങ്ങനെ മാലിന്യം നിർമ്മാജനം ചെയ്യാമെന്നു നമുക്കൊന്നുചിന്തിക്കാം

മാലിന്യം ഒന്നിച്ച് സംഭരിക്കാം തരം തിരിച്ച് നിർമ്മാർജനത്തിന് തയ്യാറാക്കുക. പഞ്ചായത്ത്, വാർഡ്, സന്നദ്ധസംഘടനകൾ ശുചിത്വ മിഷൻ എന്നിവയെല്ലാം ഉപകാരപ്പെടുത്താം. ജൈവ മാലിന്യങ്ങൾ മനുഷ്യവാസമല്ലാത്ത സ്ഥലത്തെത്തിച്ച് വായു മലിനീകരണ ദോഷമില്ലാതെ കത്തിയ്ക്കാം, ബാക്കിയുള്ളവ കമ്പോസ്റ്റിംഗ് രീതിയിൽ വളമാക്കാം. മെത്തപോലുള്ള മാലിന്യം, മെത്ത നിർമ്മാണ കമ്പനികളിൽ എത്തിച്ച് നനവുമാറ്റി പുതുക്കുന്നതിന് (ചൂടാക്കൽ പ്രോസസിംഗിന്) പുനരുപയോഗത്തിനു വിധേയമാക്കാൻ, സംസ്ക്കരിക്കാൻ - നിയമം മൂലം സാധ്യമാക്കാം.

പ്ലാസ്റ്റിക് മാലിന്യം പുനചക്രമണത്തിന് നൽകി വരുമാനമുണ്ടാക്കാം, റോഡ് ടാറിംഗിന് ഉപയോഗിക്കാം. Sports dress നിർമ്മിക്കാൻ നൂൽ നിർമ്മിക്കാം. പരിസ്ഥിതിക്ക് ഹാനികരമായ E-Waste അമോണിയം, മെർക്കുറി, മഗ്നിഷ്യം, ലിഥിയം എന്നീ വിഷാംശങ്ങൾ ജലശ്രോതസിനെ മോശമായി ബാധിക്കും.

നിലവിൽ 25% E-Waste കേരളത്തിൽ റിസൈക്ലിംഗിന് വിധേയമാക്കുവാൻ സംവിധാനമുണ്ട്.

# പ്രളയം പഠിപ്പിച്ച പാഠങ്ങൾ– മണ്ണ് അറിഞ്ഞുവേണം കൃഷി

**ഡോ.സി.പി.റോബർട്ട്** (സീനിയർ സയന്റിസ്റ്റ് & ഹെഡ്)
**ഡോ.റിൻസി കെ.ഏബ്രഹാം** (സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഹോർട്ടി കൾച്ചർ)
ICAR-KVK, CARD, Pathanamthitta



കേരളത്തിന്റെ കാർഷികമേഖലയിൽ സാരമായ ആഘാതം ഏൽക്കുവാൻ കഴിഞ്ഞവർഷം ഉണ്ടായ അസാധാരണമായ മഴയും പ്രളയവും ഇടയായി. പ്രളയം ഏൽപ്പിച്ച ദുരിതങ്ങളിൽ നിന്നും പലരും ഇന്നും മുക്തരായിട്ടില്ല. എങ്കിലും വരും കാലങ്ങളിൽ ആവർത്തിക്കുവാൻ സാധ്യതയുള്ള ഇത്തരം സംഭവങ്ങളെ മുൻകൂട്ടിക്കണ്ട് പ്രതിരോധിക്കുവാനും മുന്നൊരുങ്ങുവാനും ഉതകുന്ന ധാരാളം പാഠങ്ങൾ നൽകിയിട്ടാണ് പ്രളയം പിൻവാങ്ങിയത്.

രൂക്ഷമായ പ്രളയം മണ്ണിന്റെ ഘടനയിലും രചനയിലും മാറ്റങ്ങൾ വരുത്തി.പ്രളയകാലത്ത് ചില സ്ഥലങ്ങളിൽ മണ്ണ് ധാരാളമായ അളവിൽ ഒലിച്ചു നഷ്ടപ്പെടുകയും ഇങ്ങനെ നഷ്ടപ്പെട്ട മണ്ണ് മറ്റു ചിലയിടങ്ങളിൽ അടിഞ്ഞു കൂടുകയുമുണ്ടായി. ആയിരക്കണക്കിനു വർഷങ്ങളിലെ വിഘടനപ്ര ക്രിയയിലൂടെ രൂപം പ്രാപിച്ച ഫലഭൂയിഷ്ടമായ മേൽമണ്ണ് ഇങ്ങനെ നഷ്ടപ്പെട്ടതിന്റെ പ്രധാനകാരണം ചരിവുള്ള സ്ഥലങ്ങലിൽ വേണ്ടത്ര മണ്ണുസംരക്ഷണ നടപടികൾ സ്വീകരിക്കാതെ കൃഷിയിറക്കിയതും മണ്ണിളക്കിയതുമാണ്.

പ്രളയത്തിൽ ഒലിച്ചു വന്നത് തരിവലുപ്പം വളരെക്കുറവുള്ള ചെളിമണ്ണ് ആയതിനാൽ ഇത് ഉപരിതലത്തിൽ കട്ടിയുള്ള പാളിയായി രൂപാന്തരം പ്രാപിക്കുകയും മണ്ണിലെ വായുസഞ്ചാരത്തിനും ജലം ഊർന്നിറങ്ങുന്നതിനും തടസ്സം സൃഷ്ടിക്കുകയും ചെയ്തു.പ്രളയം മൂലം മണ്ണ് അടിഞ്ഞ് മിക്ക കൃഷിയിടങ്ങളിലും വിളകൾ കരിഞ്ഞുണങ്ങിയതിന്റെ പ്രധാന കാരണം മണ്ണിന്റെ വായുസഞ്ചാരത്തിലുണ്ടായ കുറവും തന്മൂലം ഉണ്ടാക്കപ്പെടുന്ന ചില വിഷവസ്തുക്കളുടെ സാന്നിദ്ധ്യമാണ്.

വെള്ളപ്പൊക്കസാധ്യതാമേഖലകളിൽ കൃഷിയിറക്കുമ്പോഴും വെള്ളപ്പൊക്കത്തിനു ശേഷവും താഴെപ്പറയുന്ന കാര്യങ്ങൾ ഉത്തമമായിരിക്കും.

1. വെള്ളപ്പൊക്കത്തിനു ശേഷം മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുവാനായി കുമ്മായം/ ഡോളോമൈറ്റ് സെന്റിന്

---

ബാക്കിയുള്ളത് ഹൈദ്രബാദ് (എർത്ത് സെൻസ് റിസൈക്ലിംഗ് പ്രൈവറ്റ്ലിമിറ്റഡ്) ലേയ്ക്ക് അയക്കാം. നമ്മുടെ നാട്ടിൽ എഞ്ചിനിയറിംഗ് പഠിക്കുന്ന കുട്ടി കളെ കൊണ്ട് റിസൈക്ലിംഗ് യൂണിറ്റ്നിർമ്മാണ ത്തിന് പുതിയ ഉൽപന്നം നിർമ്മിക്കൽ സാധ്യമാ ക്കാം.

ചെളി കട്ടപോലുള്ള മാലിന്യം സംഭരിച്ച് നിലം നികത്തലിന് ഉപയോഗിക്കാം പുതിയ നിർമ്മാണ കട്ടകൾ ഉണ്ടാക്കുവാനായി ഉപയോഗിക്കാം. ദുരി താശ്വാസ സഹായം നൽകുന്നവർ പ്ലാസ്റ്റിക് പായ്ക്കിംഗ് ഒഴിവാക്കുക, ആവശ്യക്കാർക്ക് ആവ ശ്യമുള്ളത് മാത്രം നൽകുന്ന രീതി അവലംബിക്കുക. എല്ലാ ദുരന്തങ്ങളേയും നേരിടാനും അതോടൊപ്പം ഉണ്ടാകുന്ന മാലിന്യങ്ങളും കൈകാര്യം ചെയ്യാനും ജനങ്ങളേയും സംഘടനകളേയും ബോധവൽക്കരിക്കുന്ന സംവിധാന മുണ്ടാകണം.

ദുരിതം ഉണ്ടാകുമ്പോൾ മാത്രം ആശ്വാസത്തിനി റങ്ങാതെ എല്ലാവരേയും ബോധവൽക്കരണം ചെയ്യാൻ സർക്കാർ ഇതര സംഘടനകളുടെ നേതൃത്വത്തിൽ സാധി ക്കണം. നിലവിൽ സംഭവിച്ച പാളിച്ചകൾ ഉൾക്കൊണ്ടു കൊണ്ട് ഭാവിയിൽ ദുരന്തമുണ്ടായാൽ വളരെ ലളിതമായി നേരിടാൻ ● 



1കി.ഗ്രാം എന്ന തോതിൽ ചേർത്ത് മണ്ണിളക്കുക.

2. മണ്ണിലെ വായുസഞ്ചാരം ഉറപ്പാക്കുന്നതിനായി ജൈവവസ്തുക്കൾ, വളങ്ങൾ, പച്ചിലവളങ്ങൾ മുതലായവ മണ്ണിൽ ചേർത്തിളക്കുക.

3. വലിയതോതിൽ പ്രളയമണ്ണ് അടിഞ്ഞുകൂടി യിട്ടുണ്ടെങ്കിൽ ചെടികളുടെ തടങ്ങളിൽ നിന്നും മണ്ണ് നീക്കിയശേഷം കുമ്മായം,ജൈവവളങ്ങൾ എന്നിവ ചേർത്ത് മണ്ണിളക്കുക. എന്നാൽ

ജാതി,റമ്പൂട്ടാൻ മുതലായ ഉപരിതലത്തിൽ വേരുകളുള്ള വിളകളുടെ വേരുകൾ മുറിഞ്ഞുപോകാ തെ വേണം മണ്ണിളക്കുവാൻ. ചെടിയുടെ വലിപ്പം അനുസരിച്ച് 500 ഗ്രാം മുതൽ 1 കി.ഗ്രാം വരെ കുമ്മായം ചേർത്തുകൊടുക്കാം.

4. അഴുകിനിൽക്കുന്ന വിളകൾ മറ്റ് ജൈവ അവശിഷ്ടങ്ങൾ എന്നിവ മണ്ണിര കമ്പോസ്റ്റാ ക്കുകയോ, ജൈവകുമിൾനാശിനിയായ ട്രൈക്കോ ഡെർമയും ചാണകവും ചേർത്ത് വളമാക്കി മാറ്റുക.

5. വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന വിളകൾ തെരഞ്ഞെടുത്ത് കൃഷിയിറക്കുക. വിവിധ വിളകൾക്ക് വെള്ളക്കെട്ടിനോടുള്ള പ്രതികരണം വ്യത്യസ്ഥമാണ്. ഇന്ന് നാം കൃഷി ചെയ്യുന്ന മിക്ക പച്ചക്കറിവിളകളും വെള്ളക്കെട്ടിൽ നശിക്കുന്നവയാണ്. ആയതിനാൽ വെള്ളപ്പൊക്കസാധ്യതയുള്ള സ്ഥലങ്ങളിൽ മഴക്കാലത്ത് ടെറസ്സുകളിലെ മഴമറകളിൽ കൃഷിയിറക്കുന്നതാണ് ഉത്തമം.

വെള്ളം കയറി ഒരു ദിവസത്തിനുള്ളിൽ ഇറങ്ങുന്ന സ്ഥലങ്ങളിൽ എല്ലാ വാഴയിനങ്ങളും കപ്പ ഒഴികെയുള്ള കിഴങ്ങുവർഗ്ഗ വിളകളും കൃഷി ചെയ്യാം. തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ എന്നിവയും ഇത്തരം കൃഷിയിടങ്ങളിൽ കൃഷി ചെയ്യാം.

6. പ്രളയജലം രണ്ടുദിവസത്തിനുള്ളിൽ ഇറങ്ങുന്ന സ്ഥലങ്ങളിൽ നേന്ത്രവാഴ ഒഴികെയുള്ള വാഴയിനങ്ങൾ കൃഷി ചെയ്യാം. തെങ്ങ്, കവുങ്ങ് എന്നിവയുടെ തൈകൾ വയ്ക്കുമ്പോൾ ഉയർത്തിയെടുത്ത കൂനകളിൽ കൃഷി ചെയ്യുന്നതാണ് ഇത്തരം സ്ഥലങ്ങളിൽ അഭികാമ്യം. ഫലവൃക്ഷങ്ങളായ റമ്പൂട്ടാൻ, മാംഗോസ്റ്റിൻ എന്നിവയും കുടംപുളിയും ഇത്തരം സ്ഥലങ്ങളിൽ കൃഷിയിറക്കാം. എന്നാൽ പൂർണ്ണമായും വെള്ളത്തിൽ മൂടിപ്പോകുന്ന സാഹചര്യങ്ങളിൽ പ്ലാവ്,മാവ് മുതലായവയുടെ തൈകൾ നശിക്കുവാൻ സാധ്യതയുണ്ട്.

വാഴയിനങ്ങളിൽ ഞാലിപ്പൂവൻ മാത്രമേ മൂന്നു ദിവസം വരെയുള്ള വെള്ളക്കെട്ടിനെ അതിജീവിക്കുന്നതായി കണ്ടിട്ടുള്ളു. നാമ്പ് വെള്ളത്തിനു മുകളിൽ നിൽക്കത്തക്ക ഉയരമുള്ള തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ എന്നിവയും മൂന്നു ദിവസം വരെയുള്ള വെള്ളപ്പൊക്കത്തെ അതിജീവിക്കും. എന്നാൽ മാംഗോസ്റ്റിൻ, കുടംപുളി എന്നീവിളകൾ പൂർണ്ണമായി മൂടിപ്പോയ അവസ്ഥയിലും മൂന്നു ദിവസത്തെ വെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ കഴിവുള്ള വയാണ്.

പ്രളയം മൂലം മണ്ണിൽ നിന്നും നഷ്ടപ്പെട്ട സൂക്ഷ്മജീവികൾ, മണ്ണിരകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ചാണകസ്ളറി, ട്രൈക്കോഡെർമ സ്യൂഡോമോണാസ് എന്നിവ മണ്ണിൽ ചേർത്തു കൊടുക്കുക.

7. പ്രളയം മണ്ണിന്റെ രാസഘടനയിലും ഫലഭൂയിഷ്ടതയിലും വ്യതിയാനങ്ങൾ വരുത്തും എന്നതിനാൽ അടുത്ത വിളയിറക്കുന്നതിനു മുമ്പ് മണ്ണ് പരിശോധിച്ച് ശുപാർശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക.

8. കൃഷിയ്ക്ക് മുന്നോടിയായി പച്ചിലവള വിത്തുകളായ ചണമ്പ്,വൻപയർ,സെസ്ബേനിയ എന്നിവയിൽ ഏതെങ്കിലും വിതയ്ക്കുകയും പൂക്കുന്നതിനുമുമ്പ് മണ്ണിൽ ചേർത്തുകൊടുക്കുകയും ചെയ്യുക.

9. വെള്ളപ്പൊക്കം പ്രതീക്ഷിക്കാവുന്ന സ്ഥലങ്ങളിൽ കിഴങ്ങുവർഗ്ഗവിളകളായ ചേന, നനകിഴങ്ങ് എന്നിവ വെള്ളപ്പൊക്കമാകു മ്പോഴേക്കും വിളയത്തക്കവിധം നേരത്തേ കൃഷിയിറക്കുക.

10. കന്നുകാലികൾക്ക് വെള്ളപ്പൊക്ക സമയത്ത് ആവശ്യമായ തീറ്റ ഉറപ്പാക്കുന്നതിനായി സൈലേജ് നിർമ്മാണം, വെള്ളക്കെട്ടിലും വളരുന്ന തീറ്റപ്പുല്ലുകളുടെ കൃഷി എന്നിവ അനുവർത്തിക്കുക.

നഷ്ടപ്പെട്ടതും അതിലേറെയും സ്വന്തം ഇച്ഛാശക്തിയിലൂടെയും കഠിനാധ്വാനത്തിലൂടെയും നേടിയെടുത്ത നമ്മുടെ പൂർവ്വികരുടെ മാതൃകകളെ നമുക്ക് പിൻതുടരാം. ലഭ്യമായ എല്ലാ സാഹചര്യങ്ങളും പരമാവധി പ്രയോജനപ്പെടു ത്തുകയും ശാസ്ത്രീയ മാർഗ്ഗങ്ങൾ കൃത്യമായി അവലംബിക്കുകയും ചെയ്താൽ നമുക്ക് തിരിച്ചു വരവിന്റെ വീരഗാഥ രചിക്കാൻ കഴിയും. ●

# നവകേരള നിർമിതി: മിത്തോ യാഥാർത്ഥ്യമോ?

റവ. ഡോ. വൈ. റ്റി. വിനയരാജ്





**നവകേരള നിർമിതി, നവോത്ഥാന കേരള നിർമ്മിതി, പ്രളയാനന്തര കേരളനിർമ്മിതി എന്നൊക്കെ പറഞ്ഞ് ഉപരിവർഗ്ഗ ചിന്തകളെയും താൽപര്യങ്ങളെയും ആചാരങ്ങളെയും താലോലിക്കുന്ന സമകാലീന സംവാദങ്ങളിൽ എന്തെങ്കിലും പ്രസക്തിയുണ്ടെന്ന് കരുതുന്നില്ല. അല്ലെങ്കിൽ ഉപരിവർഗ്ഗ സങ്കൽപ്പങ്ങളെ കീഴ്മേൽ മറിക്കുന്ന രാഷ്ട്രീയ, സംസ്കാരിക, മത-വിശ്വാസ ധാര ഇവിടെ പരിപോഷിക്കപ്പെടണം.**

അടുത്തകാലത്തുണ്ടായ പ്രളയമാണ് നവകേരള നിർമിതിയെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും ഉയർത്തിയത്. സമീപകാലത്തുണ്ടായ പ്രളയം ആഴമായ ആഘാതമാണ് കേരളത്തിന് നൽകിയത്. ഒരുപക്ഷേ അതിന്റെ നഷ്ടങ്ങൾ പരിഹരിക്കുവാൻ വർഷങ്ങൾ തന്നെ വേണ്ടി വന്നേക്കും. എന്നിരിക്കിലും കേരളത്തിലെ സാമൂഹിക സാമ്പത്തിക വിഭവങ്ങൾ പുനക്രമീകരിക്കും വിധം പുതുകേരളനിർമിതി അനിവാര്യമാക്കിയത് പ്രസ്തുത പ്രളയാനുഭവങ്ങൾ തന്നെയാണ്. പ്രളയദുരന്തങ്ങൾ കേരളസമൂഹത്തെ ഭീതിപ്പെടുത്തുന്നതിൽ എത്രയോകാലം മുൻപ് തന്നെ ഇവിടുത്തെ പാർശ്വവൽകൃത സമൂഹങ്ങൾ ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നു. എത്രയെത്ര സമരങ്ങൾ നയിച്ചിരിക്കുന്നു. അന്നൊക്കെ അതിനെ അവഗണിച്ചു നിന്ന മത-രാഷ്ട്രീയ സമൂഹങ്ങൾ ഇപ്പോഴെങ്കിലും നവകേരള നിർമിതിയെന്നൊക്കെപ്പറഞ്ഞു മുമ്പോട് വന്നത് ആശവഹമായ കാര്യമാണ്.

നവകേരള നിർമിതിയെക്കുറിച്ചുള്ള ഏതൊരു സംവാദവും ആരംഭിക്കേണ്ടതു 'കേരള മോഡൽ വികസനം' എന്ന മിത്തിൽ നിന്നാണ്. ഇവിടുത്തെ ഇടതു- വലതു രാഷ്ട്രീയ കക്ഷികളും ബുദ്ധിജീവി സമൂഹവുമൊക്കെ വാഴ്ത്തിപ്പാടുന്ന കേരള മോഡൽ വികസനം കേരളത്തിലെ ഉപരിവർഗ്ഗത്തെ മാത്രം ലക്ഷ്യമാക്കിയുള്ളതാണെന്നും ഇന്നാട്ടിലെ പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹങ്ങളെ അത് അവഗണിക്കുന്നതാണെന്നുമുള്ള പരമാർത്ഥത്തെ അംഗീകരിച്ചുകൊണ്ടുമാത്രമെ ഇനിയൊരു മുന്നേട്ടുപോക്ക് സാധ്യമാവുകയുള്ളൂ. കൊട്ടിഘോഷിക്കപ്പെട്ട ഭൂപരിഷ്കരണവും അനുബന്ധക്ഷേമ പദ്ധതികളുമൊക്കെ കേരളത്തിലെ ഉപരിവർഗ്ഗത്തിന് മാത്രമെ പ്രയോജനപ്പെട്ടുള്ളുവെന്നതിന് പ്രത്യക്ഷതെളിവാണ് ഒരു തരി ഭുമിപോലുമില്ലാത്ത ആദിവാസി സമൂഹങ്ങൾ. കൃഷിഭൂമിക്കുവേണ്ടി ആദിവാസികളുടെ നില്പുസമരം നടത്തേണ്ടി വന്ന സമൂഹമാണ് കേരളം. വിശക്കുന്ന ആദിവാസിയെ പരസ്യമായിതല്ലിക്കൊന്ന സംഭവം നടന്നത് ഉത്തരേന്ത്യയിലല്ലെന്നും നമ്മളോർക്കണം. അപ്പോൾ കേരളമോഡൽ വികസനം കിഴാള സമൂഹങ്ങളെ ഉൾക്കൊണ്ടിരുന്നില്ലായെന്ന തിരിച്ചറവിൽ നിന്നു വേണം പുതിയ കേരള നിർമിതിയെക്കുറിച്ചുള്ള പരിചിന്തനങ്ങൾ ആരംഭിക്കുവാൻ.

ഇവിടെ പറഞ്ഞത് സാമൂഹി - സാമ്പത്തിക വിഭവങ്ങളുടെ അസന്തുലിതമായ വിതരണത്തെക്കുറിച്ചും അനീതിയെക്കുറിച്ചുമാണങ്കിൽ സാംസ്കാരിക മൂലധനത്തെക്കുറിച്ചു ഈ ഘട്ടത്തിൽ സംസാരിക്കേണ്ടിയിരിക്കുന്നു. സാംസ്കാരികമായി അത്യുന്നതിയിൽ നിൽകുന്ന സമൂഹമാണ് കേരള സമൂഹമെന്ന തലത്തിലാണ് നവോത്ഥാനത്തെക്കുറിച്ചുള്ള ചർച്ചകൾ ഇപ്പോൾ നടക്കുന്നത്. നവോത്ഥാനം അഥവാ റിനൈസൻസ് കേരളത്തിൽ മാത്രമല്ല അത് ഇന്ത്യയൊട്ടാകെ ആധുനിക കാലഘട്ടത്തിൽ സംഭവിച്ചതാണ്. പാശ്ചാത്യ സംസ്കാരിക- സാമ്പത്തിക-മതബോധ്യങ്ങളും മൂല്യങ്ങളും മാത്രമല്ല ബുദ്ധമതത്തിന്റെയും മറ്റു മത നിരപേക്ഷമായ പ്രത്യയശാസ്ത്രങ്ങളുടെയും മിഷനറി സംഭാവനകളെയും തിരസ്കരിക്കാനാവില്ല. എന്നാൽ കേരളീയ സമൂഹിത്തി

അത്തരത്തിലുള്ള ഒരു സാമൂഹികനവോത്ഥാനം ഉണ്ടായിട്ടില്ലെയെന്നു തന്നെപ്പറയണം.

ആധുനിക കാലഘട്ടത്തിൽ കേരളത്തിലുണ്ടായത് സാംസ്കാരിക നവോത്ഥാനമല്ല; മറിച്ച് സാമുദായിക നവോത്ഥാനമാണ്. 1900 ത്തിന്റെ പ്രരംഭ ദശകം മുതൽ രൂപമെടുത്ത നായർ- ഈഴവ- നസ്രാണി - ബ്രാഹ്മണ- പുലയ സാമൂദായിക ഭാവനകളെയാണ് നാം നവോത്ഥാനമെന്ന് വിളിക്കുന്നത്. ഇത് നവോത്ഥാനത്തിന്റെ തന്നെ അന്തസത്തയ്ക്ക് നിരക്കാത്തതാണ്. എന്നാൽ പ്രസ്തുത സാമുദായിക രൂപീകരണങ്ങളെല്ലാം തന്നെ സ്വയം പരിഷ്കരിക്കാനുള്ളവയായിരുന്നുവെന്നത് വാസ്തവം തന്നെയാണ്. ആ അർത്ഥത്തിൽ ദുരാചാരങ്ങളും അനാചാരങ്ങളും നിഷേധിക്കപ്പെടുകയും ആധുനിക സമുദായങ്ങളായി മാറുവാനും അവർക്ക് കഴിഞ്ഞിട്ടുണ്ടാകാം. എന്നാൽ ജാതിയുടെ പുരുഷാധിപത്യത്തിന്റെയും വംശീയതയുടെയും മതിൽക്കെട്ടുകളെ തകർത്ത് പുതിയൊരു മാനവികതയ്ക്കയുള്ള അന്വേഷണമായി അത്തരം സാമുദായിക പരിഷ്ക്കരണ ശ്രമങ്ങളെ മാറ്റിത്തീർക്കാൻ ആ 'നവോത്ഥാന നായകന്മാർക്ക്' കഴിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്. മലയാളിമെമ്മോറിയലെന്നും വിമോചന സമരമെന്നും ഒക്കെ വിളിക്കാവുന്ന കേരളത്തിന്റെ സംസ്കാരിക ഓർമ്മച്ചെപ്പിൽ വിടരുന്ന നവോത്ഥാന ചിത്രങ്ങളിലൊന്നും അത്തരത്തിലുള്ള നവമാനവികതയുടെ അടയാളങ്ങൾ വായിച്ചെടുക്കാനാവുന്നില്ല.

സമകാലീന ശബരിമല പ്രശ്നത്തോടനുബന്ധിച്ചുണ്ടായ സാമൂദായിക രൂപീകരണം തന്നെ ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഉപരിവർഗ്ഗ സമുദായങ്ങളുടെ രൂപീകരണമാണ് സംഭവിച്ചത്. വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇന്നും കേരളത്തിൽ പ്രതിനിധാനം ചെയ്യുന്നത്. മുൻപറഞ്ഞ ഉപരിവർഗ്ഗ സാമുദായികതയെത്തന്നെയാണെന്നത് കാണിച്ചുതന്നു. അതുകൊണ്ട് നവകേരള നിർമിതിയെക്കുറിച്ചുള്ള ഏതൊരു ചർച്ചയും മൂലധനത്തിന്റെ ഉടമസ്ഥാവകാശം കേരളത്തിൽ ഇന്നും ആർക്കാണെന്നുള്ള ചോദ്യം പരിശോധിക്കേണ്ടതുണ്ട്. സംഘപരിവാർ ഭരണകൂടം കളത്തിലെടുത്തെറിഞ്ഞ സാമ്പത്തിക





സംവരണമെന്ന രാഷ്ട്രീയ തുറുപ്പ് ചീട്ട് പ്രതിരോധിക്കാനാവാത്തവിധം ഇടതു- വലതു- രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉപരിവർഗ്ഗ മനോഭവത്തിന്റെ തടവറയിലായിരിക്കുന്നുവെന്ന വസ്തു നവകേരള നിർമ്മിതിയുടെ അടിസ്ഥാന ബോധ്യങ്ങളെ ചോദ്യം ചെയ്യുന്നതാണ്.

സാമൂഹിക- സാമ്പത്തിക- സാംസ്കാരിക മേഖലയിൽ മാത്രമല്ല മത- വിശ്വാസ മേഖലയിലും മുൻപറഞ്ഞ ഉപരിവർഗ്ഗ വത്ക്കരണം നടന്നു കഴിഞ്ഞിരിക്കുന്നുവെന്ന് കാണാം. ആചാരസംരക്ഷണം വിശ്വാസസംരക്ഷണമെന്നൊക്കെപ്പറഞ്ഞ് ഇവിടെ സംരക്ഷിക്കാനാഗ്രഹിക്കുന്നത് ഉപരിവർഗ്ഗത്തിന്റെ മത സങ്കൾപ്പങ്ങളെയാണ്.അവിടെ സ്ത്രീകളും ദലിതരും ആദിവാസികളുമൊക്കെ അസ്പർശരും തീണ്ടിക്കൂടാത്തവരും പ്രവേശനം നിക്ഷേധിക്കപ്പെട്ടവരുമായി തുടരുകയാണ്. ശുദ്ധിക്രീയകൾ എന്തു നവോത്ഥാന മതമൂല്യത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. ഇവിടെ ഉപരിവർഗ്ഗസമൂഹങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തിരികെപ്പിടിക്കാനാണ് ആഗ്രഹിക്കുന്നത്. കീഴാളസമൂഹങ്ങൾ നിരന്തര പോരാട്ടങ്ങളിലൂടെ ചെറുത്തുനിന്ന ജാതീയതയുടെയും പുരുഷാധിപത്യത്തിന്റെയും മത-വിശ്വാസ ആചാരങ്ങളെയാണ്.

നവകേരള നിർമിതി, നവോത്ഥാന കേരള നിർമ്മിതി, പ്രളയാനന്തര കേരളനിർമ്മിതി എന്നൊക്കെ പറഞ്ഞ് ഉപരിവർഗ്ഗ ചിന്തകളെയും താൽപര്യങ്ങളെയും ആചാരങ്ങളെയും താലോലിക്കുന്ന സമകാലീന സംവാദങ്ങളിൽ എന്തെങ്കിലും പ്രസക്തിയുണ്ടെന്ന് കരുതുന്നില്ല. അല്ലെങ്കിൽ ഉപരിവർഗ്ഗ സങ്കൽപ്പങ്ങളെ കീഴ്മേൽ മറിക്കുന്ന രാഷ്ട്രീയ, സംസ്കാരിക, മത-വിശ്വാസ ധാര ഇവിടെ പരിപോഷിക്കപ്പെടണം. ●

തയ്യാറാക്കിയത്
**റവ: തോമസ് ബി**
(കാർഡ് അസി.ഡയറക്ടർ)

# നവകേരള നിർമ്മിതിയിൽ അംസഘടിത തൊഴിലാളികളുടെ പങ്ക്

***BBC യുടെ 100 വനിതകളുടെ പേരിൽ വന്ന വിജി പെൺകൂട്ട് ആയുള്ള അഭിമുഖം.***

*(കോഴിക്കോട്ടു മിഠായി തെരുവിൽ അസംഘടിത സ്ത്രീ തൊഴിലാളികൾക്കായി പ്രവർത്തിക്കുന്നു. കേരളം കണ്ട ഇരിപ്പുസമരവും അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ മൂത്രപ്പുര സമരവും സംഘടിപ്പിച്ച സ്ത്രീ സന്നിദ്ധ്യം. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ഉന്നമനത്തിനും കുടിവരവിനുമായി ശക്തമായി പ്രവർത്തിക്കുന്നു)*

**○ ഒരു നവകേരള നിർമ്മിതിയെപ്പറ്റി പറയുമ്പോൾ പലരും രാഷ്ട്രീയം ഇല്ലാത്ത, സമാധാനത്തിന്റെ ചരിത്രങ്ങളും അനുഭവങ്ങളുമാണ് പങ്കുവെയ്ക്കുന്നത്. എന്നാൽ ഒരു അസംഘടിത തൊഴിൽ മേഖലയിൽ തൊഴിലാളിയും, അവരുടൊപ്പം ആയിരിക്കുകയും ചെയ്യുന്ന ഒരാളെന്ന നിലയിൽ എന്താണ് പറയാൻ ഉള്ളത്?**

ചരിത്രത്തിൽ എവിടെയാണ് സമാധാനത്തിന്റെ മാത്രം ചരിത്രമുള്ളത്. സ്വാതന്ത്ര്യ സമരത്തിൽ പോലും വ്യത്യസ്തമായ ചരിത്രങ്ങളാണുള്ളത്. ഒരു പ്രശ്നമുണ്ടാകുമ്പോൾ നാം പക്ഷം പിടിക്കുമ്പോൾ, പ്രത്യേകിച്ചും സ്ത്രീ പക്ഷ പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ, തൊഴിലാളി പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ ഒരു പ്രത്യേക നിലപാടുകൾ നാം സ്വീകരിച്ചേ മതിയാകു. അത് പലപ്പോഴും സമാധാനത്തിന്റെ മാത്രം വഴികളിലൂടെ ആകില്ല. ചിലപ്പോൾ കലഹിക്കേണ്ടിവരും. ഞാൻ ഒക്കെ അങ്ങനെയുള്ള വഴികളിലൂടെയാണ് വന്നിട്ടുള്ളത്. സ്ത്രീ പക്ഷ ചരിത്രം നോക്കിയാൽ വിലക്കുകളെ ഭേദിക്കുന്ന ഒരു ചരിത്രം ഒഴിവാക്കാൻ പറ്റില്ല. വിലക്കുകളെ ഭേദിച്ച് ചില സംഘർഷ ചരിത്രങ്ങളിലൂടെ തന്നെയാണ് സമൂഹം കടന്നു വന്നത്. അത്തരം സംഘർഷ ചരിത്രങ്ങളെ ഒഴിവാക്കി ഒരു ചരിത്ര നിർമ്മാണം എങ്ങനെ സാധ്യമാകും. അസംഘടിതമേഖലയിലെ തൊഴിലാളികൾ ഒരുപാട് പോരാട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഇത്തരം ചരിത്രങ്ങളെ അടയാളപ്പെടുത്താതെ ഒരു നവകേരള നിർമ്മിതി സാധ്യമാകുമോ. ഇത്തരം ചരിത്ര നിർമ്മിതികൾക്ക് നിമിത്തമാകുകയാണ് നമ്മുടെ ജീവിതങ്ങൾ.

**○ ഈ ഒരു അസംഘടിത തൊഴിൽ മേഖലയിൽ നിമിത്തമാകുവാൻ കടന്നുവന്ന വഴികളെ പറ്റി ഒന്നു പറയാമോ?**

ഞാൻ കടന്നുവരുന്ന എന്റെ കുടുംബം പ്രത്യേകിച്ചും എന്റെ മാതാപിതാക്കൾ തൊഴിലാളികളായിരുന്നു. എന്റെ പിതാവ് ഒരു മുതലാളിയുടെ കിഴിൽ, എന്റെ അമ്മ ഒരു തൊഴിലാളിയും അതിനോടൊപ്പം തന്നെ എന്റെ വീട്ടിലും തൊഴിലാളിയായിരുന്നു. കാരണം പിതാക്കൻമാർ വീട് എന്ന തൊഴിൽ മേഖലയിലെ ഉടമസ്ഥരാണ്. എന്റെ അമ്മയും എന്റെ അപ്പനും പുറത്ത് തൊഴിലാളികളാണ്. ആ മേഖലയിൽ സമ്മർദം അനുഭവിക്കുന്നവരാണ്. എന്നാൽ എന്റെ പിതാവിന് കൃത്യമായ വിശ്രമങ്ങളും വിനോദങ്ങളുമുണ്ട്. എന്റെ അമ്മയെ സംബന്ധിച്ചടതോളം വീട്ടിൽ എത്തുമ്പോഴും അടുത്ത തൊഴിൽ പൂർത്തിയാക്കാൻ ഉണ്ട്. ഇരട്ടി സമ്മർദത്തിലൂടെയാണ് അമ്മ കടന്നു പോകുക. അത് ആരും കാണാറില്ല. ഇതിനെ ചോദ്യം ചെയ്യുമ്പോൾ അച്ഛന്റെ പ്രശ്നം പരിഹരിക്കപ്പെടാൽ അമ്മയുടെ പ്രശ്നം പരിഹരിക്കപ്പെടും എന്നു പറയും. വേറെ ചിലർ പറയും തൊഴിലാളിയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോൾ മാറും എന്ന്. എന്നാൽ തൊഴിലാളി എന്ന രീതിയിലും സ്ത്രീ എന്ന രീതിയിലും ഉള്ള പരിഹാരങ്ങൾ ഇല്ലാതെ എന്റെ അമ്മയുടെ പ്രശ്നങ്ങൾ മാറില്ല. ഇത് എന്റെ ജീവിതത്തെ ചിന്തിപ്പിച്ച അനുഭവങ്ങളാണ്.



**○ തൊഴിലാളി എന്നു പറയുമ്പോൾ പലപ്പോഴും ഒരു പുരുഷ രൂപമാണ് കടന്നുവരുക. സ്ത്രീ തൊഴിലാളി എന്നതുതന്നെ ഒരു വലിയ ചിന്തയാണ്. എങ്ങനെയാണ് പങ്കാളിത്തത്തിന്റെ ദർശനത്തെ അടയാളപ്പെടുത്തുന്നത്?**

തൊഴിൽ മേഖലയിൽ സ്ത്രീയും പുരുഷനും തുല്യ പങ്കാളികളാണ്. തോളോട് തോൾ ചേർന്ന് പ്രവർത്തിക്കേണ്ടവർ. എന്നാൽ എല്ലാ കാലത്തും സ്ത്രീ തൊഴിലാളികളെ സമീപിക്കുന്ന രീതിയിൽ അനീതിയുണ്ട്. മണിക്കൂറുകൾ കഷ്ടപ്പെട്ട് വന്നാലും സ്ത്രീയ്ക്ക് കുടുംബത്തിൽ ഒന്ന് വിശ്രമിക്കുന്നതിന് അനുവാദമില്ല. അടുക്കളകളിലേക്ക് പിന്നെ ഓട്ടം ആണ്. നടുവ് നിവർത്തുന്നത് എത്രയോ മണിക്കൂറുകൾക്കുശേഷം. ടെക്സ്റ്റൈൽ ഷോപ്പുകളിൽ ഒക്കെ സ്ത്രീകൾ മണിക്കൂറുകളാണ് പ്രയത്നിക്കുന്നത്. ഇന്ന് സ്ത്രീകളാണ് മുതലാളിത്തത്തിന്റെയും മറ്റ് അതിക്രമങ്ങളുടെയും ഇര.

**○ തുണി കടകളിൽ ഒക്കെ ജോലി ചെയ്യുന്ന സ്ത്രീകളെ ഒരു പ്രത്യേക യൂണിഫോമിലൂടെയും പ്രത്യേക രീതികളിലൂടെയും ആണ് അവതരിപ്പിക്കുന്നത്. എന്നാൽ യാഥാർത്ഥ്യം അതല്ല ശരീരത്തിൽ തന്നെ വേദനകൾ അനുഭവിക്കേണ്ടിവരുന്നു, പ്രാഥമിക കർമ്മങ്ങൾ പോലും, ആഹാരംപോലും തൊഴിൽ ഇടത്തിൽ നിഷേധിക്കപ്പെടുന്നു. ഇത് എങ്ങനെയാണ് നാം മനസ്സിലാക്കുക?**

ഈ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ഒരു തൊഴിലാളി തന്നെയാണ് ഞാനും എന്റെ അമ്മയും അങ്ങനെ തന്നെയായിരുന്നു. ചെറുപ്പം മുതലെ ഞാൻ കാണുന്നത് അതുതന്നെയാണ്. അധ്വാനത്തിന് മൂല്യം ഇല്ലാതെ പോകുന്നു. കുടുംബത്തിലും പൊതു ഇടങ്ങളിലും ഇതുതന്നെയാണ് അവസ്ഥ. അധ്വാനിക്കുന്നത് ആരും കാണതെ പോകുന്നു. എന്നാൽ അധ്വാനിച്ചു കിട്ടുന്ന ഒരോ ചില്ലി കാശിനും ഒരുപാട് പേരോട് കണക്ക് പറയേണ്ടിവരുന്നു. മക്കളുടെ ആരോഗ്യവും കുടുംബ സമാധനവും അമ്മയുടെ ചുമലിൽ ഏറ്റപ്പെടുന്നു. ഒടുവിൽ ജോലി

ചെയ്യുവാനുള്ള ആരോഗ്യം പോലും നഷ്ടമാക്കുന്നു. തൊഴിലിടങ്ങളിലെ അനീതിയുടെ ഇരകളാണ് സ്ത്രീകൾ.

**○ തൊഴിൽ മേഖലയും, സ്ത്രീയുടെ ശരീരവും, കുടുംബവും എല്ലാം അസംഘടിത മേഖലകളിലെ തൊഴിലാളികളെ പറ്റി പറയുമ്പോൾ വിശദികരിക്കപ്പെടുന്നു എന്തു കൊണ്ട്?**

സ്ത്രീ പക്ഷ ചിന്താഗതി ഉള്ളതുകൊണ്ട്, കർഷക തൊഴിലാളി എന്ന് പറയുമ്പോൾ നാം പലപ്പോഴും ഓർക്കുന്നത് പുരുഷൻമാരെയാണ്. അതുകൊണ്ട് തന്നെയാണ് രാഷ്ട്രീയത്തിലും തൊഴിലാളി സാനിധ്യമായി പുരുഷൻ മാറുന്നത്. അധികാരങ്ങളിലും രാഷ്ട്രീയങ്ങളിലും സ്ത്രീകളെ ഒഴിവാക്കുന്നു. സ്ത്രീകളുടെ മൂത്രപ്പുര എന്നതിനുവേണ്ടി, അവരുടെ പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്തപ്പോൾ പോലും ഒരു രാഷ്ട്രീയ പാർട്ടിക്കാർ പോലും അത് ഗൗരവമായിപോലും എടുത്തില്ല. ആദ്യം മെംബർ ഷിപ്പ് എടുക്കാനാണ് പറഞ്ഞത്.

**○ മുഖ്യധാര രാഷ്ട്രീയ പാർട്ടിക്കാർ ഒരിക്കലും ഗൗരവമായി എടുക്കാത്തതും എന്നാൽ വ്യക്തമായ സൂഷ്മ രാഷ്ട്രീയത്തിന്റെ, അടയാളമാണ് ''മൂത്രപ്പുര''യെന്ന സമരം, ഇരുപ്പ് സമരവും, വിളിച്ച് അറിയിച്ചത്. ഇത് എങ്ങനെയാണ് കേരള സമൂഹത്തിൽ അടയാളപ്പെടുത്താൻ പോകുന്നത്?**

തുണികടകളിലെ സ്ത്രീകൾ ഒരു അനുകുല്യ സഹാചര്യത്തിൽ അല്ല ജോലി ചെയ്യുന്നത്. ആഹാരം കഴിക്കുന്നതിനും, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും മുതലാളികളുടെ അനുവാദം വേണ്ടി വരുന്നു. ഒന്ന് പലപ്പോഴും ആഹാരം പോയിട്ട്, ദീർഘ ശ്വാസം വിടാൻ പോലും പലപ്പോഴും സാധിക്കാറില്ല. ഇവിടെയാണ് മൂത്രപ്പുര സമരവും, ഇരുപ്പ് സമരവും വെല്ലുവിളിയായി മാറുന്നത്. ഇത് ഞങ്ങളുടെ അനുഭവമാണ്. കുടുംബത്തിലും, തൊഴിലിടങ്ങളിലും ജനാധിപത്യ ബോധം കുറയപ്പെടുന്നു. ഉദാഹരണമായി കുടുംബത്തിൽ എല്ലാ ഉത്തരവാദിത്തങ്ങളും ഒരു സ്ത്രീ തൊഴിലാളി ആണെങ്കിലും എല്ലാം നിർവ്വഹിക്കണം. അതിന് എവിടെയെങ്കിലും കുറവ് വന്നാൽ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീയാണ്. തൊഴിലിടങ്ങളിലെ അസമത്വം മാത്രമല്ല കുടുംബത്തിലെ സഹകരണം ഇല്ലായ്മ കൂടി സ്ത്രീയെ ബാധിക്കുന്നു. അതുകൊണ്ട് ഇത്തരം സമരങ്ങൾ കേരള സമൂഹത്തെ കൂടുതൽ ജനാധിപത്യബോധം ഉളവാക്കുന്നതിനുവേണ്ടിയാണ്.

**○ പെൺകൂട്ടം എന്നതിനേ ഒന്നു വിശദികരിക്കാമോ?**

കോഴിക്കോടാണ് ഇതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നത് എങ്കിലും ഇന്ന് കേരളം മുഴുവനും ഇത് ചർച്ച ചെയ്യപ്പെടുകയും, വ്യാപിക്കുകയും ചെയ്തു. ഗവൺമെന്റിന് നിർബന്ധപൂർവ്വം ഈ വിഷയത്തിൽ ഇടപെടെണ്ടിവരുന്നു. എല്ലാ മേഖലകളിലും ഉള്ള അസംഘടിതരായ സ്ത്രീകളും പുരുഷൻമാരും ഞങ്ങളോടൊപ്പം ഇപ്പോൾ ഉണ്ട്. സമരങ്ങൾ മാത്രമല്ല ഓരോ കൊച്ചു പ്രശ്നങ്ങളും പങ്കുവെയ്ക്കുകയും, പരിഹാരം കണ്ടെത്തുകയും, ഉത്തരവാദിത്തപ്പെട്ട വരെ അറിയിക്കുകയും ചെയ്യും.

**○ ഇന്ന് ഗവൺമെന്റ് സ്ത്രീകളുടെ പ്രശ്നങ്ങളിലും, തൊഴിലിടങ്ങളിലും ഇടപെടുന്നുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങളിൽ ദീർഘ വർഷങ്ങളായി ഇടപെട്ട പെൺകൂട്ടത്തിന്റെ ചരിത്രങ്ങളും പ്രാധാന്യങ്ങളും അംഗീകരിക്കപ്പെട്ടിട്ടുണ്ടോ?**

2010 മുതൽ നിരന്തരമായി പെൺകൂട്ടത്തിന്റെ ശ്രമങ്ങളുടെ ഫലമായാണ് തൊഴിലിടങ്ങളിലെ സ്ത്രീ പ്രശ്നങ്ങളെ ഇന്ന് സമൂഹവും ഗവൺമെന്റും മനസ്സിലാക്കുന്നതും, നിരവധി മേഖലകളിലെ അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്, ജീവിതങ്ങളാണ്, പെൺകൂട്ടം കൈകാര്യം ചെയ്യുന്നത്. സ്ത്രീകളുടെ അധ്വനത്തിന്റെ മൂല്യം അംഗീകരിക്കപ്പെടുന്നില്ല. കഴിവോ അധ്വാനമോ ശ്രദ്ധിക്കുന്നില്ല. പുരുഷന് സമൂഹം കല്പിച്ചു നൽകുന്ന പല പദവികളും സ്ത്രീയെ രണ്ടാം കിടയാകുന്നതിനും അർഹിക്കുന്ന പ്രാധാന്യം നൽകാതെ ഒഴിവാക്കാനും ഇടയാക്കുന്നു. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ പലപ്പോഴും നേരിടുന്ന മറ്റൊരു പ്രശ്നമാണ് ഭർത്താക്കൻമാരുടെ മദ്യപാനം. അധ്വാനിച്ച പണം മദ്യത്തിനും മറ്റു പലകാര്യങ്ങൾക്കും ചിലവാക്കി രണ്ടാമതായോ, മൂന്നാമതായോ ആണ് കുടുംബത്തെ ശ്രദ്ധിക്കുക. എന്നാൽ ഒരു സ്ത്രീ തൊഴിലാളിയെ സംബന്ധിച്ച് കുടുംബം ഏറ്റവും പ്രാധാന്യമുള്ളതാണ്. അവൾ അധ്വാനിക്കുന്ന പണം, വിയർപ്പ് മുഴുവൻ ചിലവാക്കുന്നത് കുടുംബത്താണ്. അത് ഒരു സാമ്പത്തിക ശാസ്ത്രത്തിലും ആരും പങ്കുവയ്ക്കുന്നുമില്ല.

**○ കോഴിക്കോട് മിഠായി തെരുവ് എന്ന് കേൾക്കുമ്പോൾ ഉയർന്നു വരുന്ന ചിത്രങ്ങൾ പലതുണ്ട്. എന്നാൽ ഇന്ന് അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികളുടെ വിഷയവും, ഇരിപ്പ് സമരവും ഒക്കെ ഒരു പുത്തൻ ചിത്രങ്ങളാണ് പങ്ക് വയ്ക്കുന്നത്. ഇതിനെ എങ്ങനെയാണ് കാണുന്നത്?**

2005 ൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതു മുതലാണ് സ്ത്രീകൾ തെരുവുകളിലേക്കും തൊഴിൽ ഇടങ്ങളിലേക്കും, പ്രത്യേകിച്ചും കോഴിക്കോട് മിഠായി തെരുവിലേക്ക് വരുന്നത്. സ്ത്രീകൾ തൊഴിൽ മേഖലകളിലേക്ക് പോകുമ്പോൾ പണ്ട് കാലത്ത് സംശയ ദൃഷ്ടിയോടെയാണ് വിക്ഷിച്ചുകൊണ്ടിരുന്നത്. തൊഴിൽ മേഖലയിൽ പ്രവർത്തിച്ചിരുന്ന എന്റെ അമ്മയെ എന്റെ അച്ഛൻ പോലും സംശയത്തോടെയാണ് കണ്ടിരുന്നത്. ഞാൻ പിന്നീട് എന്റെ അച്ഛനോട് ചോദിക്കുമ്പോൾ പറഞ്ഞിരുന്നത് സ്ത്രീകളെ ശരീരം വില്ക്കുന്നവരായിട്ടാണ് കണ്ടിരുന്നത് എന്നാണ്. എന്നാൽ ഇന്ന് ആ ചിന്തകൾക്ക് മാറ്റം വന്നിരിക്കുന്നു. അതിൽ സാമൂഹ്യ സംഘടനകളുടെയും, രാഷ്ട്രീയ പാർട്ടികളുടെയും സ്വാധിനം ഉണ്ട്.

**○ നവകേരള നിർമ്മാണം എപ്രകാരം ആയിരിക്കണം?**

അസംഘടിത സ്ത്രീ തൊഴിലാളികളുടെ കാഴ്ചപ്പാടിൽ എനിക്ക് പറയാനുള്ളത് സ്ത്രീകളെ, സ്ത്രീ തൊഴിലാളികളെ മനസ്സിലാക്കാനും അവരുടെ പ്രശ്നങ്ങളെ തിരിച്ച് അറിയുവാനുമുള്ള ഒരു സമൂഹ സൃഷ്ടിയാണ് നമുക്ക് വേണ്ടത്. വാർപ്പ് മാതൃകകളല്ല മറിച്ച് പങ്കാളിത്തത്തിന്റെ സ്ത്രീ ചിന്തകൾ ഉണ്ടാകപ്പെടണം. സ്ത്രീ ചരിത്രങ്ങളാണ് നിർമ്മിക്കപ്പെടെണ്ടത്. സമൂഹത്തിന് ഇന്ന് സ്ത്രീയെ ഭയമാണ്. ആ ഭയത്തിൽ നിന്നാണ് വിലക്കുകളും, തടസ്സങ്ങളും, പീഢനങ്ങളുമുണ്ടാകുന്നത്. ചിലതിനേ നിഷേധിക്കാനും മുന്നേറാനും സ്ത്രീകൾക്കു സാധിക്കണം. സ്ത്രീ ചരിത്രത്തിൽ പോരാട്ടത്തിന്റെയും, സമരത്തിന്റെയും അനുഭവങ്ങളുണ്ട്. അതിനെ അംഗീകരിക്കുന്ന നവകേരള നിർമ്മാണങ്ങളാണ് നമുക്ക് ആവശ്യം.

●

# വികസന സ്വപ്നങ്ങൾ

**ജോസി കുര്യൻ**
ട്രഷറാർ കാർഡ്





''നിങ്ങൾക്ക് സ്വപ്നങ്ങൾ ഉണ്ടായിരിക്കണം" ആദരണീയനായ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ.അബ്ദുൾ കലാമിന്റെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്.

' ദൈവം തരുമെന്ന് ചൊല്ലി ചിലർ
കൈ വെടിഞ്ഞീടുന്നു യത്നങ്ങളെ
ദൈവം കൃഷി ചെയ്തു ചോറു വാരി തരും
വേല ചെയ്യാം നമുക്കീശൻ
വേണമെങ്കിൽ ഫലം തരും'

ആരെങ്കിലും കുറച്ചു വികസനം കൊണ്ടു വന്നു തന്നെങ്കിൽ ഞങ്ങൾ കൈനീട്ടി വാങ്ങാമെന്ന ഭാവമാണ് പലർക്കും. മറ്റുള്ളവർക്കുവേണ്ടി എന്റെ ആരോഗ്യവും പണവും സ്വാധീനവും ബുദ്ധിയും ഉപയോഗിച്ചിട്ട് കാര്യമില്ല എന്നു ചിന്തിക്കുന്ന മറ്റൊരു കൂട്ടർ. ഇത്തരത്തിൽ സമുദായ സംഘടനകളിലേക്ക് കണ്ണോടിക്കുന്നത് നന്നായിരിക്കും. മൂന്നോ നാലോ തലമുറകൾക്കു ശേഷം ഉപകാരപ്പെടുന്നതിനായി രാജ്യത്തിന്റെ വികസന സാദ്ധ്യതയുടെ ഭാഗങ്ങൾ മനസ്സിലാക്കി വേണ്ട സ്ഥായിയായ വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കണം. എനിക്കെന്തു ചെയ്യാൻ കഴിയുമെന്നു നിസഹായതബോധത്തിൽ നിഷ്ക്രിയരാകുന്നവരാണ് മറ്റ് ചിലർ. എന്നാൽ ആദ്യത്തെ ചുവട് വയ്ക്കുക എന്നതാണ് പരമപ്രധാനം. വികസനത്തിന് വളരെയേറെ പണം ആവശ്യമാണെന്നും അതിന് വഴി കാണുന്നില്ല എന്നതാണ് മറ്റൊരു നിലവിളി. എന്നാൽ ഇതിനു പരിഹാരം കാണുവാൻ സാധിക്കും. നാലു പതിറ്റാണ്ടുകൾ ജനങ്ങളോടൊപ്പം സാധാരണക്കാരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച പ്രസ്ഥാനമാണ് ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, ഭവനം എന്നിവ ഒരുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിൽക്കുന്നവരേയും കോർത്തിണക്കി വികസന കാഴ്ചപ്പാടുകൾ പകർന്നു നൽകുവാൻ കാർഡിന് സാധിച്ചു. കാർഷിക മേഖലയിലും അതിനൂതനമായ സാങ്കേതിക വിദ്യകൾക്കനുസരിച്ച് കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിച്ചും അവർക്ക് വേണ്ട സാങ്കേതിക സഹായം നൽകുന്നതിലും കാർഡ് ശ്രദ്ധിച്ചു. സ്ഥായിയായ വികസനം,സുസ്ഥിര വികസനം ഈ ലക്ഷ്യ പ്രാപ്തിയിലേക്കാണ് കാർഡ് നീങ്ങുന്നത്. പലപ്പോഴും അലസരായി ജീവിതം തള്ളി നീക്കുന്ന അനേകർ നമ്മുടെ സമൂഹത്തിലുണ്ട്. എപ്പോഴും പരാതിയും പരിവേദനവും അവരുടെ മുഖമുദ്രയാണ്. എന്നാൽ എന്തെങ്കിലും സൗജന്യമായി നല്കി അവരുടെ പരാതി പരിഹരിക്കുവാൻ ശ്രമിച്ചാൽ അത് അസ്ഥാനത്തായിരിക്കും. താത്ക്കാലികമായി അവരെ ആശ്വസിപ്പിച്ചാലും സുസ്ഥിര വികസനമെന്ന സങ്കൽപ്പത്തിലേക്ക് അവരെ കൊണ്ടുവന്ന് കൃഷിചെയ്യുവാൻ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വികസന മാതൃകയാണ് കാർഡ് നിർവ്വഹിക്കുന്നത്. ഗുണഭോക്താവിന്റെ സജീവപങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമേ വികസനം അർത്ഥവത്താവൂ. പ്രവർത്തനങ്ങളുടെ പുരോഗതിയ്ക്ക് അടിസ്ഥാനപരമായ ആസ്ഥി നമ്മൾ തന്നെയെന്നു മനസ്സിലാക്കി ആസ്ഥിയുടെ മൂല്യം നിരന്തരം മെച്ചപ്പെടുത്തുവാൻ മോട്ടിവേഷൻ ക്ലാസ്സുകളിലൂടെ ശ്രദ്ധിക്കുന്നു. പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ വിലയിരുത്തി തടസ്സങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഇത്തരത്തിലാണ് കാർഡ് വിവിധ മേഖലകളിൽ സാന്നിദ്ധ്യം അറിയിച്ചിട്ടുള്ളത്. അതിന് അനേകരുടെ പിന്തുണ ലഭിച്ചു. സ്ഥായിയായ വികസന സങ്കൽപ്പത്തിലേക്ക് എത്തിച്ചേരുവാൻ ഇടയാകട്ടെ. ●

# ദൈവശാസ്ത്രത്തിന്റെ രാഷ്ട്രീയ സാധ്യതകൾ



**ഡോ. ഷിജു സാം വറുഗീസ്**

ഗുജറാത്ത് കേന്ദ്രീയ സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽസയൻസിൽ അസിസ്റ്റന്റ് പ്രഫസറാണ് ലേഖകൻ. ഓക് സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് 2017-ൽ പ്രസിദ്ധീകരിച്ച Contested Knowledge: Science, Media, and Democracy in Kerala എന്ന പുസ്തകത്തിന്റെ രചയിതാവുമാണ്.

**സെ**ക്യുലറിസം എന്ന ആശയത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ നങ്കൂരമിട്ടിരിക്കുന്നത് സമ്പൂർണമായ മതനിഷേധമാണ് ജനാധിപത്യ ജീവിതത്തിന്റെ അടിസ്ഥാനമാവേണ്ടത് എന്ന ചിന്തയിലാണ്. തന്മൂലം മതവിശ്വാസികളെ നമ്മൾ സംശയദൃഷ്ടിയോടെയാണ് നോക്കുക. ഏതു നിമിഷവും പുറത്തു ചാടാൻ സാധ്യതയുള്ള ഒരു തീവ്രവാദി / ജനാധിപത്യവിരുദ്ധ(ൻ)/ മനുഷ്യമൃഗം വിശ്വാസിയുടെ ഉള്ളിൽ ഒളിച്ചിരിക്കുന്നു എന്ന ചിന്ത അങ്ങനെയാണ് ശക്തമാവുന്നത്.

എന്നാൽ, മത വർഗീയതയിൽ അധിഷ്ഠിതമായ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയും പദ്ധതികളെയും (പ്രത്യേകിച്ചും ഹിന്ദുത്വയെ) പരാജയപ്പെടുത്താൻ സെക്യുലറിസത്തിന് എത്രത്തോളം ശക്തിയുണ്ട്?. മതത്തെ ലിബറൽ ജനാധിപത്യത്തിന്റെ സെക്യുലർ ധാരണകൾ വെച്ച് എതിർത്തു കൊണ്ടേയിരി ക്കുന്നതാണോ വർഗീയതയ്ക്കുള്ള മറുമരുന്ന്?

മതമെന്ന പ്രതിഭാസത്തെ മനസിലാക്കുന്നതിൽ സെക്യുലറിസം എന്ന പ്രത്യയശാസ്ത്രം ഇന്നത്തെ നിലയിൽ തികഞ്ഞ പരാജയമാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. ലിബറൽ സെക്യുലർ ജനാധിപത്യവാ ദിയുടെ മുമ്പിൽ മതമെന്ന 'പ്രശ്ന'ത്തെ നേരിടുന്നതിനായി രണ്ട് സാധ്യതകളാണ് ഇക്കാലത്തുള്ളത്.

മതത്തെ, അതിന്റെ വിവിധ രൂപങ്ങളെ, എതിർക്കുക; പകരം ശാസ്ത്രീയ യുക്തിയെന്ന അളവു കോൽ സ്വീകരിക്കുക. മതവിശ്വാസികളെ അവരുടെ ചിന്തയുടെ അയുക്തികൾ പറഞ്ഞു മനസിലാക്കാനോ പ്രകോപിപ്പിക്കാനോ ശ്രമിച്ചുകൊണ്ടേയിരിക്കുക. മതത്തെ ജനാധിപത്യവിരുദ്ധ പ്രത്യയശാസ്ത്രമായി കാണുക.

ജമ്മുവിൽ ക്ഷേത്ര സന്നിധാനത്ത് നടന്ന നാടോടി പെൺകുട്ടിയുടെ ക്രൂരമായ വംശീയ കൊലപാതകം 'നിങ്ങളുടെ ദൈവം എവിടെപ്പോയിരുന്നു?' എന്ന പരിഹാസത്തിനുള്ള സന്ദർഭമായി യുക്തിവാദികൾ കാണുന്നത് ഈ പരിപ്രേക്ഷ്യത്തിൽ നിന്നാണ്.

മതവിശ്വാസികളോട് അനുകമ്പാപരമായ മൃദു സമീപനം സ്വീകരിക്കുക. മതത്തെ വ്യക്തിപരമായ കാര്യമായി കാണുക. പക്ഷേ പൊതുജീവിതത്തിൽ മതവിശ്വാസത്തിന്റെ പ്രകാശനം ഉണ്ടായാൽ അതിനെ സംശയപൂർവ്വം വീക്ഷിക്കുക. മൗലിക- തീവ്രസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന മതകീയതയെ തുറന്നെതിർക്കുക. തിരഞ്ഞെടുത്ത മതാനുഷ്ഠാനങ്ങളെ 'സാംസ് കാരികത'യായി അംഗീകരിക്കുക (തൃശൂർ പൂരവും തെയ്യവും ഉദാഹരണങ്ങൾ. സാരി ഉത്തമ വസ്ത്രവും പർദ തടവറയും ആകുന്നതും ഇങ്ങനെയാണ്).

ഈ വീക്ഷണം പേറുന്നവരിൽ പലരും വ്യക്തി ജീവിതത്തിൽ ദൈവവിശ്വാസികളാണ്. പക്ഷേ അതിന്റെ പ്രകടനപരമായ അംശങ്ങൾ പൊതുജീവിതത്തിൽ അവർ ഒഴിവാക്കുന്നു. കാരശേരി മാഷിന്റെ ഇസ്ലാം വിമർശനം ഇതിന് നല്ല ഉദാഹരണമാണ്. കൂട്ട ബലാൽസംഗ ത്തിനിരയായി കൊല്ലപ്പെട്ട പെൺകുട്ടിയ്ക്ക് നീതി (?) ലഭിക്കുന്നതു വരെ അമ്പലത്തിന്റെ പടി ചവിട്ടില്ലെന്ന് പ്രഖ്യാപിക്കുന്നതും ഈ മനോഭാവത്തിൽ നിന്നാണ്.

മതത്തെക്കുറിച്ചുള്ള ഈ രണ്ട് വീക്ഷണങ്ങളും യഥാർത്ഥത്തിൽ ദൈവവിശ്വാസവുമായി സർഗാത്മകമായി ഇടപെടുന്നില്ല എന്നാണ് ഞാൻ കരുതുന്നത്. ഒരു വിശ്വാസിയുടെ പ്രവൃത്തികൾ ദൈവശാസ്ത്രപരമായ ധാരണകളിൽ ഉറപ്പിക്കപ്പെട്ടവയാണ്. അവർ ദൈവശാസ്ത്ര യുക്തി ഉപയോഗിച്ച് ചിന്തിക്കുന്നുമുണ്ട്. പക്ഷേ ലിബറൽ(സെക്യുലർ) ജനാധിപത്യവാദികൾക്ക് ദൈവശാസ്ത്രം മനസ്സിലാവില്ല എന്നതിനാൽ മത വിശ്വാസികളുമായി ക്രിയാത്മകമായ ഒരു ഇടപെടലും സാധ്യമല്ലാതായി മാറുന്നു. ദൈവശാസ്ത്രത്തിന്റെ രീതികളും സംവർഗങ്ങളും സങ്കൽപനങ്ങളും ഉപയോഗിച്ച് മതപരമായ സംവാദങ്ങളിൽ ഏർപ്പെടുകവഴി മാത്രമേ വിശ്വാസികളെ അഭിമുഖീകരിക്കാനാവൂ.

വർഗീയതയ്ക്കെതിരെ ഉണ്ടാകേണ്ടത് പുത്തൻ ദൈവശാസ്ത്രങ്ങളാണ്, അന്ധമായ മതവിരുദ്ധതയല്ല. ഉദാഹരണത്തിന്, മഹാപിന്തിരിപ്പനായ ഔദ്യോഗിക ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന്റെ കാറ്റഴിച്ചുവിട്ട പുതിയ വിശ്വാസ ചിന്തകളായിരുന്നു ഫെമിനിസ്റ്റ്, ദളിത്, പരിസ്ഥിതി ദൈവശാസ്ത്രങ്ങൾ. ഇത്തരം പുതിയ ദൈവശാസ്ത്രധാര കളാവട്ടെ പരസ്പരം വിമർശിച്ചും, കലഹിച്ചും കൈ കോർത്തും ഒരു ജനാധിപത്യ ഇടം സഭയ്ക്കുള്ളിൽ സൃഷ്ടിച്ചെടുക്കുകയും ചെയ്തു.

മതവിശ്വാസികളെ അഭിസംബോധന ചെയ്യുന്ന ഇത്തരം ദൈവശാസ്ത്രങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന ശൂന്യതയിലേക്കാണ് ഏതു മതത്തിലും ജനാധിപത്യ വിരുദ്ധമായ ആശയങ്ങൾ തള്ളിക്കയറി വരുന്നത്. അതായത്, മതവിശ്വാസത്തെ ഗൗരവപരമായ ഒരു രാഷ്ട്രീയ സാധ്യതയായി തിരിച്ചറിയുകയും അവിടെ സർഗാത്മകമായ ദൈവശാസ്ത്ര-ഇടപെടലുകൾ നടത്തുകയുമാണ് ജനാധിപത്യവാദികൾ ചെയ്യേണ്ടത്. ഇത്തരം ശ്രമങ്ങൾ



ചെറിയ തോതിലെങ്കിലും എല്ലാ മതങ്ങളിലും നടക്കുന്നുണ്ട്. പക്ഷേ അത്തരം ധാരകളെ തിരിച്ചറിയുന്നതിൽ ലിബറൽ-സെക്യുലൽ ജനാധിപത്യവാദികൾ സമ്പൂർണ്ണ പരാജയമാണ്. അവർക്കത് മനസിലാവുന്നില്ലെങ്കിലും.

വിശ്വാസമെന്ന വ്യവഹാര മണ്ഡലത്തിനുള്ളിലുള്ള ദൈവശാസ്ത്രപരമായ ഇടപെടലുകൾ എല്ലാ മതങ്ങളിലും നിരന്തരം സംഭവിക്കേണ്ട ഒരു പ്രക്രിയയാണ്. മതഗ്രന്ഥങ്ങളെ പുനർവായനയ്ക്ക് വിധേയമാക്കൽ, ആചാരാനുഷ്ഠാനങ്ങളുടെ കാലികമായ പരിഷ്കരണം, വിശ്വാസത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ചർച്ച, വിശ്വാസത്തിലധിഷ്ഠിതമായ സാമൂഹിക-രാഷ്ട്രീയ ഇടപെടലുകൾ എന്നിവയെല്ലാം ദൈവശാസ്ത്രപരമായ അന്വേഷണങ്ങളുടെ ഭാഗമാണ്.

എന്നാൽ, മതങ്ങൾക്കുള്ളിൽ നടക്കുന്ന ദൈവശാസ്ത്ര സംവാദങ്ങളും ഇടപെടലുകളും അങ്ങേയറ്റം പ്രധാനമായിരിക്കുമ്പോൾ തന്നെ ദൈവശാസ്ത്രങ്ങൾ സെക്യുലറിസത്തിന്റെ പ്രത്യയ ശാസ്ത്ര മേൽനോട്ടത്തിനനുസരിച്ച് സ്വയം പരിമിതപ്പെടുത്തുകയും പരുവപ്പെടുത്തുകയും ചെയ്യുന്നത് കാണാം. ലിബറൽ ദൈവശാസ്ത്രങ്ങളുടെ പൊതു പ്രതിസന്ധിയാണിത്.

ആധുനിക ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രമെന്ന നിലയിൽ, സെക്യുലറിസം മതാത്മകതയെ ഒരു പ്രത്യേക രീതിയിൽ നിർവചിച്ചു രൂപപ്പെടുത്തുകയായിരുന്നു എന്ന തിരിച്ചറിവ് ലിബറൽ ദൈവശാസ്ത്രത്തിന്റെ ഈ പ്രതിസന്ധിയെ മനസ്സിലാക്കാൻ നമ്മളെ സഹായിക്കും. മതത്തെ സമ്പൂർണ്ണമായി നിരാകരിക്കുന്നു എന്നതിനേക്കാൾ സെക്യുലറിസം ചെയ്യുന്നത് മതാത്മകതയെ സവിശേഷ രീതികളിൽ പരുവപ്പെടുത്തി എടുക്കലാണ്. അങ്ങനെ, വിശ്വാസത്തിന്റെ മണ്ഡലത്തിൽ ഒതുങ്ങി നിന്ന്, സെക്കുലറിസ്റ്റ് മൂല്യങ്ങളാൽ പ്രചോദിതമായി, മതനവീകരണമെന്ന പദ്ധതിയിലൂടെ മാത്രം ആവിഷ്കരിക്കപ്പെടേണ്ട ഒന്നായി മതത്തെ കാണുന്നത് ("സ്വയം നവീകരിക്കപെട്ടു 'നമ്മളെ' പോലെയാവേണ്ട മുസ്ലീം'' എന്ന പൊതു ധാരണ ഈ പദ്ധതിയുടെ ഉല്പ്പന്നമാണ്) സൂക്ഷ്മമായ ഒരു പ്രത്യശാസ്ത്ര ഇടപെടലായി കാണേണ്ടി വരുന്നു.

ലിബറൽ ദൈവശാസ്ത്രങ്ങൾ സെക്കുലറിസത്തിന്റെ ഈ കുടുക്കിൽ വീണു പോകുന്നുണ്ട് എന്നതാണ് അവയുടെ പ്രതിസന്ധി. മതമെന്ന പ്രശ്നത്തിൽ നിന്നും ദൈവവിശ്വാസത്തെ വേർപെടുത്തി നവീകരിക്കുകയും അതിനെ 'യഥാർത്ഥ' (അതായത്, സെക്യുലർ എന്നു മനസ്സിലാക്കപ്പെടുന്ന) രാഷ്ട്രീയ പ്രക്രിയകളോടു സംവദിക്കുന്നതാക്കി മാറ്റുകയും ചെയ്യുക എന്നത് ലിബറൽ ദൈവശാസ്ത്രങ്ങളുടെ പ്രധാന ഊന്നലാണ്. മതം രാഷ്ട്രീയവുമായി ഇടപെടുന്നതിലെ (തികച്ചും ആധുനികമായ) സംഘർഷങ്ങളെ പരിഹരിക്കുന്നതിലും, മതത്തെ സെക്യുലർ സമൂഹത്തിലെ നിർദോഷകരമായ ഒരു സ്ഥാപനമായി പരുവപ്പെടുത്തുന്നതിലും ലിബറൽ ദൈവശാസ്ത്രങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്.

വിമോചന ദൈവശാസ്ത്രങ്ങൾ, ദളിത്-സ്ത്രീവാദ ദൈവവിജ്ഞാനീയങ്ങൾ എന്നിവയൊക്കെ ഈ കുടുക്കിൽ



അറിയാതെ ചെന്നുചാടുന്നുണ്ട്. ദൈവശാസ്ത്രങ്ങളുടെ ഊന്നലുകൾ, പൊതുജീവിതത്തിലെ വിശ്വാസ പ്രകാശനങ്ങൾ, മതാത്മക തന്മകളുടെ നിർമ്മാണം എന്നിവയെ എല്ലാം സെക്യുലറിസമെന്ന പ്രത്യയശാസ്ത്രം ആഴത്തിൽ നിർണ്ണയിക്കുന്നു എന്നാണിതിന്റെ അർത്ഥം.

മതത്തിന്റെയും ദൈവവിശ്വാസത്തിന്റെയും പൊതു ആവിഷ്ക്കാരങ്ങളെ മാർദ്ദവപ്പെടുത്തിയെടുത്ത് പൊതു ജീവിതത്തിന്റെ ഭാഗമാക്കുക എന്ന ഈ വിശാല രാഷ്ട്രീയ പദ്ധതി മതത്തിനുള്ളിലും പുറത്തും ഒരേപോലെ പ്രവർത്തനക്ഷമമാകുന്ന ഒന്നാണ്. മതവിമർശനത്തിലൂന്നുന്ന യുക്തിവാദവും മതങ്ങളുടെ ആന്തരിക നവീകരണത്തിൽ ശ്രദ്ധിക്കുന്ന ദൈവശാസ്ത്ര സമീപനങ്ങളും ഒരർത്ഥത്തിൽ പരസ്പര ബന്ധിതമായ ധർമ്മമാണ് സെക്യുലർ സമൂഹത്തിൽ നിർവഹിക്കുന്നത് എന്നു ചുരുക്കം.

ഇതിന് മറ്റൊരു വശം കൂടിയുണ്ട്; സെക്യുലറിസം അടിസ്ഥാനമാകുന്ന ലിബറൽ ജനാധിപത്യ വ്യവസ്ഥയുടെ ആധാരം അത് വിമർശിക്കുകയും പരുവപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുന്ന മതചിന്ത തന്നെയാണ്. 'സെക്യുലർ' എന്ന് നമ്മൾ അടയാളപ്പെടുത്തുന്ന, മതനിരപേക്ഷമായ രാഷ്ട്രീയ മണ്ഡലത്തിലെ ഭാഷ, സങ്കല്പനങ്ങൾ എന്നിവയുടെ ഉറവിടം പൊതുവേ ദൈവചിന്തയാണ് എന്നാണ് ഇവിടെ വിവക്ഷ. സെക്യുലറിസം ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ ചെയ്തത് ദൈവശാസ്ത്രപരമായ സങ്കല്പനങ്ങളെയും സ്ഥാപനങ്ങളെയും അപവിത്രീകരിച്ച് മതത്തിൽ നിന്നും വേർപെടുത്തുകയായിരുന്നു. ദൈവശാസ്ത്ര പരികല്പനകളെ പരിഷ്കരിച്ച് മതേതരമായി അവതരിപ്പിക്കുകവഴി അവയുടെ വിശ്വാസപരമായ അർത്ഥതലങ്ങളെ മറച്ചുവെയ്ക്കുകയാണ് ഈ പ്രക്രിയ ചെയ്തത്.

അതായത്, ലിബറൽ രാഷ്ട്രീയ ചിന്തയുടെ ജ്ഞാനസിദ്ധാന്തപരമായ അടിസ്ഥാനം ജൂത-ക്രിസ്ത്യൻ ദൈവശാസ്ത്രമാണ്. കാൾ മാർക്സ് ഉൾപ്പടെയുള്ള ദാർശനികരുടെ രാഷ്ട്രമീമാംസയിൽ ദൈവശാസ്ത്ര പരമായ ഉൾക്കാഴ്ചകൾ ഉള്ളടങ്ങിയിരിക്കുന്നു എന്നാണിതിനർത്ഥം. ഒപ്പം, രാഷ്ട്രീയ മണ്ഡലത്തിലെ പ്രയോഗങ്ങളും സ്ഥാപനകളും ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ ഉൾപ്പേറുന്നവയാണ് എന്നും. എന്നാൽ സെക്യുലർ രീതിശാസ്ത്രങ്ങൾ രാഷ്ട്രീയതയുടെ ദൈവശാസ്ത്രപരമായ ഈ വശം കാണുന്നതിൽ പരാജയപ്പെട്ടുപോയി.

രാഷ്ട്രീയ ചിന്തയും പ്രയോഗവും ദൈവശാസ്ത്ര

പരമാണ് എന്ന രാഷ്ട്രീയ ദൈവശാസ്ത്രത്തിന്റെ (Political Theology) തിരിച്ചറിവ് രാഷ്ട്രീയത്തെ മതത്തിൽ നിന്നും വേർപെടുത്തുന്ന സെക്കുലറിസ്റ്റ് സമീപനത്തിന് എതിരായ സെക്കുലറാനന്തര (post-secular) ചിന്തയാണ്. ഇന്ന് രാഷ്ട്രീയ തത്വചിന്തയുടെ (political philoosphy) അവിഭാജ്യ ഘടകമാണ് രാഷ്ട്രീയ ദൈവശാസ്ത്രം.

ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാൻ ശ്രമിക്കാം. 'സർക്കാർ ഉദ്യോഗസ്ഥന്' (ബ്യൂറോക്രാറ്റ്) എന്ന സങ്കല്പത്തെ ഇറ്റാലിയൻ ചിന്തകനായ ജോർജ്യോ അഗംബന് (Giorgio Agamben) രാഷ്ട്രീയ ദൈവശാസ്ത്ര പരമായി പരിശോധിക്കുന്നുണ്ട് (The Kingdom and the Glory: For a Theological Genealogy of Economy and Government, Stanford University Press, 2011). ക്രിസ്ത്യന്-ജൂത-ഇസ്ലാമിക ദൈവശാസ്ത്ര സങ്കല്പമായ മാലാഖമാരിൽ നിന്നാണ് ഈ ആശയത്തിന്റെ തുടക്കം. സ്രഷ്ടാവായ ദൈവമെന്ന പരികല്പനയുടെ (the Gnostic God) പരിമിതിയെക്കുറിച്ചുള്ള സെമിറ്റിക് ദൈവശാസ്ത്ര വ്യഥകളിൽ നിന്നാണ് മാലാഖമാരുടെ ഉത്ഭവം.

ദൈവം സ്രഷ്ടാവാണ് എന്ന ദൈവശാസ്ത്ര പ്രസ്താവന, സൃഷ്ടിക്കപ്പെട്ട ലോകത്തിൽ നിന്നും പിൻവാങ്ങിയ, സൃഷ്ടി പ്രക്രിയയ്ക്കു ശേഷം നിഷ്ക്രിയനായ ദൈവത്തെയാണല്ലോ (transcendental God) സൂചിപ്പിക്കുന്നത്. അപ്പോൾ സൃഷ്ടിയുടെ പരിപാലനം എങ്ങിനെയാണ് നിർവഹിക്കപ്പെടുന്നത് എന്ന് എങ്ങനെ വിശദീകരിക്കാനാകും എന്നതായിരുന്നു ദൈവശാസ്ത്ര കീറാമുട്ടി. ഈ പ്രതിസന്ധി പരിഹരിക്കാനായി പിന്നീട് നടന്ന സൈദ്ധാന്തിക ഇടപെടലാണ് 'ലോക പരിപാലകനായ ദൈവം' (immanent God) എന്ന സങ്കല്പത്തിന്റെ കൂട്ടിച്ചേർക്കൽ.

സൃഷ്ടി, പരിപാലനം എന്നീ പരസ്പര വിരുദ്ധമായ ദൈവശാസ്ത്ര പരികല്പനകളെ ഏക ദൈവത്തില് ബന്ധിപ്പിക്കുന്ന കണ്ണിയായാണ് 'മാലാഖവൃന്ദം' രംഗ പ്രവേശം നടത്തുന്നത്. ലോകത്തിന്റെ പരിപാലനം (divine government of the world) ഒരു നിരന്തര പ്രവർത്തനമാണ്. അതു കൊണ്ട് സ്രഷ്ടാവായ ദൈവത്തിന് തന്റെ സൃഷ്ടിയുടെ പരിപാലനത്തിന് നിർവാഹകരില്ലാതെ വയ്യ. സ്രഷ്ടാവിനു വേണ്ടി ഇക്കാര്യം ഭംഗിയായി നിർവഹിക്കുന്നത് മാലാഖ വൃന്ദമാണ്. അവരാണ് ദൈവത്തിന്റെ കാര്യകർത്താക്കൾ! അങ്ങനെ ലോക പരിപാലനത്തിനായി മറ്റൊരു ദൈവത്തിന്റെ ആവശ്യകത റദ്ദാക്കപ്പെടുന്നു (ക്രിസ്ത്യന് ദൈവശാസ്ത്രത്തിലെ ത്രിത്വ സങ്കല്പം പില്ക്കാലത്ത് ഇതേ പ്രശ്നം കൂടുതല് ഫലപ്രദമായി പരിഹരിക്കുന്നതിനായി വികസിപ്പിക്ക പ്പെട്ടതാണ്).

മാലാഖ വൃന്ദത്തിന്റെ അപവിത്രീകൃതമായ സെക്കുലർ രൂപമാണ് ബ്യൂറോക്രസി. മാലാഖമാരെ ക്കുറിച്ചുള്ള ദൈവശാസ്ത്ര വിചിന്തനത്തിന്റെ (angelology) സങ്കീർണതകൾ മനസിലാക്കാതെ അധികാര പരിപാലനത്തിന്റെ ആന്തരിക രഹസ്യങ്ങളോ ഉദ്യോഗസ്ഥ വൃന്ദത്തിന് പരമാധികാരവുമായുള്ള ചാർച്ചയോ ചിന്തയ്ക്ക് വഴങ്ങില്ല എന്നതാണ് പ്രശ്നം. അതിനാല്, പരമാധികാരം, ഭരണകൂടം, നിയമം, ഭരണീയത തുടങ്ങിയ പരികല്പനകളുടെ താത്വിക സങ്കീർണതകൾ മനസിലാക്കണമെങ്കിൽ രാഷ്ട്രീയത്തെ ദൈവശാസ്ത്ര പര മായി വിശകലനം ചെയ്യേണ്ടതുണ്ട്.

സെക്കുലർ ജീവിതത്തിന്റെ ഊടും പാവും ദൈവശാസ്ത്ര വ്യവഹാരങ്ങളാണ് എന്ന തിരിച്ചറിവ് അവയുടെ വിമർശനത്തിലൂന്നുന്ന പുത്തൻ ദൈവശാസ്ത്രങ്ങൾ നിർമ്മിച്ചു കൊണ്ടേ സാമൂഹിക ജീവിതത്തെ അഴിച്ചുപണിയാനാവൂ എന്ന് സൂചിപ്പിക്കുന്നു. മതാത്മകത/സെക്യുലർ ജീവിതം എന്ന ദ്വന്ദത്തിലുറച്ചു പോയ വിചാര നങ്കൂരങ്ങൾ അതിനു തടസ്സമാണ്.

ഹൈന്ദവ ദൈവശാസ്ത്രങ്ങൾ സെമിറ്റിക് ദൈവവി ജ്ഞാനീയങ്ങളോടൊപ്പം ശക്തമായി ഇഴചേർന്നാണ് ഇന്ത്യന് സാമൂഹിക-രാഷ്ട്രീയ ജീവിതത്തെ നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിന്റെ ദൈവശാസ്ത്രപരമായ അടിയൊഴു ക്കുകളെ വിമർശന വിധേയമാക്കിക്കൊണ്ടേ രാഷ്ട്രീയ ചിന്തയും ഇടപെടലു കളും നടത്താനാവൂ എന്ന് നമ്മൾ തിരിച്ചറിയണം. ഈ തിരിച്ചറിവില്ലായ്മയുടെ സെക്കുലർ വിള്ളലുകളിലേക്കാണ് ഹിന്ദുത്വയെന്ന പ്രതിലോമകരമായ ദൈവശാസ്ത്രം അപകടകരമായി ഇരച്ചുകയറുന്നത്. അതുകൊണ്ട് ഇന്ത്യൻ സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള രാഷ്ട്രീയ ദൈവശാസ്ത്രപരമായ വിമർശനത്തിന് തുടക്കമിട്ടും ബദൽ ദൈവശാസ്ത്ര വ്യവഹാരങ്ങൾ നിർമ്മിച്ചും കൊണ്ടേ വലതുപക്ഷ വർഗീയ രാഷ്ട്രീയത്തെ ചെറുത്തു തോല്പ്പിക്കാനാവൂ.

ഇന്ത്യൻ സാഹചര്യങ്ങളോടുള്ള താത്വികവിമർശനം രാഷ്ട്രീയ ദൈവശാസ്ത്രത്തിൽ ഊന്നേണ്ടതുണ്ടെന്ന ഈ ഉൾക്കാഴ്ച നമ്മൾക്ക് പണ്ടേ പകർന്നു തന്നവരാണ് ശ്രീ നാരായണ ഗുരുവും പൊയ്കയിൽ അപ്പച്ചനും (ശ്രീ കുമാര ഗുരുദേവൻ) ബാബാസാഹേബ് അംബേദ്കറും. ജാതിവ്യവസ്ഥയെന്ന ദൈവശാസ്ത്ര നിർമ്മിതിയോടുള്ള വിമർശനമായിരുന്നു ഈ രാഷ്ട്രീയ ദൈവശാസ്ത്ര ജ്ഞരുടെ ചിന്തയുടെ കാതൽ എന്നാൽ മൂന്നു വ്യത്യസ്ത ദൈവശാസ്ത്ര സമീപനങ്ങളായിരുന്നു ഇവർസ്വീകരിച്ചത്.

നാരായണ ഗുരു ജാതിവ്യവസ്ഥയ്ക്ക് താങ്ങും തണലുമായി നിന്നിരുന്ന അദ്വൈത ചിന്തയെ (ബ്രഹ്മം ഏക സത്യവും ജഗത്ത് മിഥ്യയുമായതിനാൽ ജാതീയത ഉൾപ്പടെയുള്ള ഇഹപരമായ അനീതികളെ എതിർക്കേണ്ട തില്ലല്ലോ) അവർണ ചിന്താ പാരമ്പര്യങ്ങളുമായി ചേർത്ത് ജാതിവിരുദ്ധമായ ഒരു ഹൈന്ദവ ദൈവശാസ്ത്രം നിർമ്മിച്ചെടുക്കുകയും ജാതി വിമർശനത്തെ അതിന്റെ സാമൂഹിക പ്രയോഗമാക്കുകയും ചെയ്തു. പൊയ്കയിൽ അപ്പച്ചനാവട്ടെ കേരളത്തിലെ ക്രൈസ്തവ സഭകൾ ബ്രാഹ്മണിസത്തെ/ജാതീയതയെ അവരുടെ ദൈവ ശാസ്ത്രവ്യവഹാരങ്ങളുടെ ഭാഗമായി സ്വാംശീകരി ച്ചിരിക്കുന്നു എന്ന തിരിച്ചറിവിനെ തുടർന്ന് അടിമ ജാതികളുടെ സാമൂഹികാനുഭവങ്ങളിൽ ജ്ഞാനസിദ്ധാന്ത പരമായി വേരാഴ്ത്തി നില്ക്കുന്ന ഒരു പുതിയ ദൈവശാസ്ത്രവും മതാനുഭവവും സൃഷ്ടിച്ചെടുക്കുകയാണ് ചെയ്തത്.

രണ്ടുഗുരുക്കളുടെയും സാമൂഹികവിമർശനംമതത്തെ സെക്യുലറിസത്തിനനുസൃതമായി പരിഷ്കരിക്കുന്ന ലിബറൽ ദൈവശാസ്ത്രത്തിന്റെ വഴിയായിരുന്നില്ല; മറിച്ച്, ആധുനിക സാമൂഹിക ജീവിതത്തിന്റെ ആധാരശിലയായ




ബ്രാഹ്മണ മത ദർശനത്തെ തകർത്തുകളയാൻ കെല്പ്പുറ്റ പുതിയ ദൈവശാസ്ത്രങ്ങളെ രൂപപ്പെടുത്തി, അവയിലൂന്നി നിന്നുകൊണ്ട് സാമൂഹിക-രാഷ്ട്രീയ ജീവിതത്തിന്റെ അലകും പിടിയും മാറ്റുകയായിരുന്നു അവർ. രാഷ്ട്രീയ ദൈവശാസ്ത്രമായിരുന്നു അവരുടെ ചിന്തയുടെ ഭൂമിക.

ഡോ. അംബേദ്കർ സ്വീകരിച്ചത് രാഷ്ട്രീയ ദൈവശാസ്ത്രത്തിന്റെ തന്നെ മൂന്നാമതൊരു വഴിയാണ്. ആധുനിക ഇന്ത്യൻ ജീവിതത്തിന്റെ അടിസ്ഥാനമായ ജാതിവ്യവസ്ഥയുടെ നിശിത വിമർശനമായിരുന്നു അദ്ദേഹത്തിന്റെ ചിന്താപദ്ധതിയുടെയും കാതൽ. ജാതിവ്യവസ്ഥയുടെ സാമൂഹികശാസ്ത്രപരമായ വിമർശനത്തിലൂന്നുന്നതിനോടൊപ്പം അതിന് താത്വിക സാധൂകരണം നല്കുന്ന ബ്രാഹ്മണിക ദൈവശാസ്ത്രത്തെ ദാർശനികമായി ആക്രമിക്കേണ്ടതുണ്ട് എന്നദ്ദേഹം തിരിച്ചറിഞ്ഞു. ലിബറൽ ജനാധിപത്യത്തെ പ്രോത്സാഹിപ്പിക്കുന്ന സെക്കുലർ രാഷ്ട്രീയ തത്വചിന്തയുടെ തന്നെ പരിമിതികളെക്കുറിച്ചുള്ള വിമർശനം രൂപപ്പെടുത്തുന്നതിലേക്ക് ഇതദ്ദേഹത്തെ പിൽക്കാലത്ത് നയിക്കുന്നതായി കാണാം.

ബ്രാഹ്മണിക ദൈവശാസ്ത്രത്തെ വിമർശിക്കുക മാത്രമല്ല, ജാതി നിർമ്മൂലനത്തിനായി ഒരു ബദൽ ദൈവശാസ്ത്രം നിർമ്മിക്കേണ്ടതുമുണ്ട് എന്ന നിലപാടിലേക്ക് ജീവിതസായാഹ്നത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. സാഹോദര്യം, സ്വാതന്ത്ര്യം, സമത്വം എന്നിവയിൽ ഒരേപോലെ ഊന്നുന്ന ഒരു പുതിയ സമഷ്ടിയുടെ (communtiy) നിർമ്മാണത്തിനുള്ള പശയായിട്ടാണ് മതാത്മകതയെ അംബേദ്കർ കാണുന്നത്. ഈ ദിശയിലുള്ള അദ്ദേഹത്തിന്റെ ദൈവശാസ്ത്രാന്വേഷണങ്ങൾ അവസാനിക്കുന്നത് ഒരു പുതിയ ബുദ്ധമാർഗ്ഗത്തെ വികസിപ്പിച്ചെടുക്കുന്നതിലാണ്. ബുദ്ധനും ധമ്മവും (The Buddha and His Dhamma, 1956) എന്ന, താൻ അവസാനമെഴുതി പൂർത്തീകരിച്ച ഗ്രന്ഥം അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ഉൾക്കാഴ്ചകളുടെ ആഴംകൊണ്ട് നമ്മെ വിസ്മയിപ്പിക്കുന്നു.

ഈശ്വരൻ എന്ന പരമാധികാര തത്വത്തിലും പരലോകോന്മുഖമായ ആത്മീയതയിലും ഉറപ്പിക്കപ്പെട്ട മതാത്മകതയോടുള്ള വിമർശനമെന്ന നിലയിൽ ബുദ്ധന്റെ ധമ്മം സന്നിഹിതമായ ലോകത്തിന്റെ (immanence) പരിവർത്തന സാധ്യതയിലൂന്നുന്നു. പരമാധികാര ശക്തിയായ ദൈവത്തിനു പകരം ധമ്മയെ സഹജീവനത്തിന്റെ (associated life) ആധാരശക്തിയായി അംബേദ്കർ മനസ്സിലാക്കുന്നു. സെക്കുലർരാഷ്ട്രീയ തത്വചിന്തയ്ക്കപ്പുറം പോകുന്ന വിസ്ഫോടനാത്മകമായ ചിന്തയും അതിന്റെ പ്രയോഗസാധ്യതകളുമായിരുന്നു അംബേദ്കറിന്റെ രാഷ്ട്രീയ ദൈവശാസ്ത്രം. ധർമ്മത്തില ധിഷ്ഠിധമായി ജാതിവ്യവസ്ഥയ്ക്കപ്പുറമുള്ള ജനാധിപത്യപരമായ സഹജീവന സാധ്യതകളായിരുന്നു അദ്ദേഹം തന്റെയും അനുയായികളുടെയും മതംമാറ്റത്തിലൂടെ തുറന്നത്. ഒരേ സമയം തന്നെ ലിബറൽ സെക്യുലർ ചിന്തയുടെ വിമർശനത്തിലൂന്നുന്നതും ജാതീയതയ്ക്ക് ജ്ഞാനശാസ്ത്ര അടിത്തറ പണിയുന്ന ദൈവ വിജ്ഞാനീയങ്ങളെ നിരസിക്കുന്നതുമായ രാഷ്ട്രീയ ദൈവശാസ്ത്ര ചിന്തയിൽ വേരാഴ്ത്തുന്നതായിരുന്നു അംബേദ്കറിന്റെ മൗലികമായ ജനാധിപത്യ ദർശനം.

ദൈവശാസ്ത്രപരമായ ഒരു രാഷ്ട്രീയ സന്ദർഭത്തിലാണ് നമ്മൾ ജീവിക്കുന്നത് എന്ന് നിരന്തരം ഈചിന്തകർ നമ്മെ ഓർമ്മിപ്പിക്കുന്നു. മതാത്മകതയെത്തന്നെ നിഷേധിക്കുന്നതും മതമെന്ന 'പ്രശ്നത്തെ' കേവല യുക്തിവാദം കൊണ്ട് നേരിടാമെന്ന് ഉറച്ചു വിശ്വസിക്കുന്നതുമായ മതനിരപേക്ഷ വാദത്തിന് വലതുപക്ഷ പ്രത്യയശാസ്ത്രത്തെ എതിരിടാൻ ശക്തി തീരെപ്പോരാ. ഉപരിപ്ലവമായ മതസൗഹാർദ്ദ വാചാലതയോ, സെക്യുലർ യുക്തിയെ മുൻനിർത്തിയുള്ള മതവിമർശനമോ പരിഹാസമോ ഒന്നും വർഗ്ഗീയവിഷത്തെ പ്രതിരോധിക്കാൻ സഹായിക്കില്ല.

ഹിന്ദുത്വത്തിൽ നിന്നും സ്വധർമ്മ സമഭാവനയുള്ള ഹൈന്ദവ മതത്തെ (?) വേർതിരിച്ചെടുക്കാനുള്ള കെ.പി. രാമനുണ്ണിയെപ്പോലുള്ളവരുടെ സമീപകാല പരിശ്രമങ്ങളുടെ (മെയ് 31-ന് കണ്ണൂര് കടലായ് ശ്രീകൃഷ്ണ ക്ഷേത്രത്തില് വെച്ചു നടത്തുന്ന പ്രായശ്ചിത്ത ശയന പ്രദക്ഷിണം) അടിസ്ഥാന പ്രശ്നവും അതിന് ഹിന്ദുമതത്തോടുള്ളത് ദൈവശാസ്ത്രപരമായി വിമർശനാത്മകമായ സമീപനമല്ല എന്നതാണ്.

മതാത്മകതയെ ദൈവശാസ്ത്രപരമായിത്തന്നെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. നമ്മുടെ ലിബറൽ ജനാധിപത്യ വ്യവസ്ഥയുടെ ചട്ടക്കൂടിനെ നിർണ്ണയിക്കുന്ന ദൈവശാസ്ത്രങ്ങളോടുള്ള ശക്തമായ വിമർശനം വികസിപ്പിക്കുകയും മൗലിക ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു പുതിയ സമൂഹത്തെ ദൈവശാസ്ത്രപരമായി വിഭാവനം ചെയ്യുകയുമാണ് നമുക്ക് മുൻപിലുള്ള വഴി. അതിനുള്ള വഴികാട്ടികളാണ് നാരായണഗുരുവും,കുമാരഗുരുദേവനും, ബാബാ സാഹേബ് അംബേദ്കറും.

●




**CARD Light to Life**

ഭാരതത്തിലെ ഏറ്റവും ദരിദ്രരും അവഗണിക്കപ്പെട്ടവരുമായ കുട്ടികളെ അവരുടെ പഠനത്തിനും, സമഗ്രവളർച്ചയ്ക്കുമായി സഹായിക്കുന്ന ഒരു പദ്ധതി - ലൈറ്റ് റ്റു ലൈഫ് (Light to Life) മാർത്തോമ്മാ സഭയുടെ അമേരിക്ക യൂറോപ്പ് ഭദ്രാസന മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതിൽ കാർഡിന്റെ ചുമതലയിൽ 1500 കുട്ടികൾക്ക് സഹായം ലഭിക്കുന്നു.

KSK- ക്ഷിപ്രാ, കലഹാണ്ടി, ബിലാസ്പൂർ, വട്ടവട, ഡൽഹിയിലെ സഫേറാ കമ്മ്യൂണിറ്റി, ചെങ്കോട്ട, ബോംബയിൽ പൾസായി, വയനാട് എന്നീ സ്ഥലങ്ങളിൽ ലൈറ്റ് റ്റു ലൈഫ് വളരെ അർത്ഥവത്തായി കുട്ടികളുടെ ഇടയിൽ നടന്നുവരുന്നു.

## ഗ്രാമശക്തി/ മാർക്കറ്റിംഗ്

ഗ്രാമീണ മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനുമായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി , ഉൽപന്നങ്ങളുടെ വിപണനം നടത്തി വരുന്നു. സ്കൂൾ ബാഗ്, നോട്ട് ബുക്ക്, കുട, തേൻ, പള്ളി ഉപകരണങ്ങൾ, വിദ്യാഭ്യാസകിറ്റ് എന്നിവ ലഭ്യമാണ്. സ്കൂൾ ബാഗ്, 6 നോട്ട് ബുക്ക്, കുട, പേന, പെൻസിൽ, ബോക്സ്, പേന റബർ എന്നിവ അടങ്ങിയ വിദ്യാഭ്യാസ കിറ്റ് 800 രൂപയ്ക്ക് 2019 ഏപ്രിൽ മുതൽ ലഭ്യമാണ്. സ്ഥാപനങ്ങൾ, ഇടവകകൾ, സംഘടനകൾ എന്നിവയ്ക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കാർഡ് ഗ്രാമശക്തി തിരുവല്ല - ഫോൺ: 0469-2600931, 9495210930

## കാർഡ് കൃഷി വിജ്ഞാൻ കേന്ദ്ര (KVK) തെള്ളിയൂർ പത്തനംതിട്ട

കാർഡിന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) ധനസഹായത്തോടെ കർഷകർക്ക് നുതന കൃഷി രീതികൾ പഠിപ്പിക്കുന്നതിനോടെപ്പം മൂല്യവർദ്ധന ഉൽപന്ന പരിശീലനങ്ങൾ, ജൈവ രീതിയിൽ കീടനിയന്ത്രണം എന്നിവ നൽകി വരുന്നു. ഭാരതത്തിലെ ഏറ്റവും നല്ല കൃഷി വിജ്ഞാനകേന്ദ്രത്തിനുള്ള പുരസ്ക്കാരം പ്രധാനമന്ത്രിയിൽ നിന്നും ഏറ്റു വാങ്ങി. പത്തനംതിട്ട ജില്ലയിലെ തെള്ളിയൂരിലാണ് കാർഡ് കൃഷി വിജ്ഞാൻ കേന്ദ്ര ഓഫീസ് പ്രവർത്തിക്കുന്നത്. ഫോൺ : 0469 2662094

## കാർഡ് - ഹരിപ്പാട് യൂണിറ്റ്

മാർത്തോമ്മാ ഡെവലപ്പ്മെന്റ് സെന്റർ

ഫോൺ : **9495210930**



കുർബാന അപ്പം, വീഞ്ഞ്, പള്ളികൾക്കാവശ്യമായ ഫർണിച്ചറുകൾ മുതലായവ നിർമ്മിക്കുന്നു. തയ്യൽ പരിശീലനം നൽകി വരുന്നു. ഓർഡറനുസരിച്ച് ഫർണ്ണിച്ചർ വർക്കുകൾ വീടുകൾക്കും, സ്ഥാപനങ്ങൾക്കും ചെയ്തു കൊടുക്കുന്നതാണ്. കമ്മ്യൂണിയൻ സിറപ്പ്, മെഴുകുതിരി, വൻതേൻ, ചെറുതേൻ എന്നിവ ലഭ്യമാണ്.

## കാർഡ് (KNH)

ഭാരതത്തിലെ ഗ്രാമീണമേഖലയിലെ കുട്ടികളുടെ സമഗ്ര ആരോഗ്യ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ജർമ്മനിയിലെ KNH- മായി സഹകരിച്ച് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2000 കുട്ടികൾ, 12 വില്ലേജുകൾ

1. ചൈൽഡ് ഫോക്കസ്ഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രൊജക്റ്റ് (CFCD) കലഹാണ്ടി, ഒറീസ്സ
2. ചൈൽഡ് ഫോക്കസ്ഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രൊജക്റ്റ് (CFCD) വയനാട്, കേരളം

**ഹോസ്റ്റൽ കെയർ**

1. മാർത്തോമ്മാ ബധിരവിദ്യാലയം കാസർകോഡ്
2. കർമ്മേൽ ബാലികാഭവൻ, അയിരൂർ, പത്തനംതിട്ട

**ഡേ കെയർ സെന്റർ**

1. ഡേ കെയർ സെന്റർ, മുണ്ടുകോട്, 2. മുസ്ദൂർ, 3. ചിക്ബലാപൂർ, കർണ്ണാടക

## കാർഡ് പരിശീലന പരിപാടികൾ

ക്ലാസ്സുകൾ

1. വിഷസംസ്കാരവും അതിജീവനവും/ ഭക്ഷ്യസംസ്കരണം
2. മാലിന്യ സംസ്കരണം
3. പഴ സംസ്കരണം
4. മഴവെള്ള സംഭരണം
5. പരിസ്ഥിതി സംരക്ഷണം
6. കരകൗശല വസ്തുക്കളുടെ നിർമ്മാണം
7. എംബ്രോയ്ഡറി & തയ്യൽ പരിശീലനം



**പരിശീലനം**

കാർഡ് വിവിധ ഉൽപന്ന നിർമ്മാണ പരിശീലനങ്ങൾ നൽകിവരുന്നു. കുളിസോപ്പ്, അലക്ക്സോപ്പ്, ലിക്വിഡ് സോപ്പ്, അലക്കു പൊടി, ലോഷൻ, മെഴുകുതിരി, സാമ്പ്രാണി, സ്ക്വാഷ്, ജാം, സിറപ്പ്, ഫേഷ്യൽ, ഫേസ്ക്ലീനിംഗ്, പേപ്പർബാഗ്, ആഭരണ നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, മേൽപ്പറഞ്ഞ ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ കിറ്റും നൽകുന്നു.



## മഴവെള്ളസംഭരണി, ബയോഗ്യാസ് പ്ലാന്റ്

മഴവെള്ളസംഭരണി, മലിനജല ശുദ്ധീകരണ പ്ലാന്റ്, ഇൻസിനറേറ്റർ, ബയോഗ്യാസ് പ്ലാന്റ്.
മഴവെള്ള കിണർ റീചാർജ് എന്നിവ ഉത്തരവാദിത്തോടെ നിർമ്മിച്ചു നൽകുന്നു. **ഫോൺ: 9495437772, 8848581263**

## മഴയത്തും വെയിലത്തും പമ്പാ കുടകൾ

ഗ്രാമീണ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് വരുമാന മാർഗ്ഗം നൽകികൊടുക്കുന്ന സ്ഥാപനം- ഓഡർ അനുസരിച്ച് വിവിധ പ്രോഗ്രാമുകൾക്ക് compliment ആയി നൽകാൻ കുട നിർമ്മിച്ചു നൽകുന്നതാണ്.
പമ്പാ കുട നിർമ്മാണ യൂണിറ്റ്, കാർഡ് തുലാപ്പള്ളി പി.ഒ., മുക്കൂട്ടുതറ
**ഫോൺ: 04735 244937, 9446193172**



# കാർഡ് സുരക്ഷ

കേരളാ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും സഹകരണത്തോടെ കാർഡിന്റെ ആഭിമുഖ്യത്തിൽ ലൈംഗിക തൊഴിലാളികളുടെ ഇടയിൽ നടപ്പിലാക്കുന്ന സുരക്ഷാ പ്രോജക്ടിൽ ലൈംഗിക രോഗങ്ങളുടെ വ്യാപനം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണവും മറ്റു സ്വയം തൊഴിൽ മേഖലയിലേയ്ക്ക് മാറുന്നതിനുള്ള പ്രചോദനവും നൽകിവരുന്നു.

# പഠനകിറ്റ് വിതരണം

കഴിഞ്ഞ സ്കൂൾ വിദ്യാഭ്യാസ വർഷത്തിൽ 2500 കുട്ടികൾക്ക് നോട്ടുബുക്ക്, ബാഗ്, കുട എന്നിവ അടങ്ങുന്ന സ്ക്കൂൾകിറ്റ് വിതരണം ചെയ്തു.

# കാർഡ് ഗ്രാമോൽപന്നം



വിവിധ ഗ്രാമങ്ങളിൽ തങ്ങളുടെ കരവിരുതിൽ നിർമ്മിക്കുന്ന വിവിധ ഗ്രാമീണ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആരംഭിച്ചതാണ് കാർഡ് ഗ്രാമോല്പന്നം.

കരകൗശലവസ്തുക്കൾ, ഖാദി ഉല്പന്നങ്ങൾ, പള്ളി ഉപകരണങ്ങൾ, തേൻ തുടങ്ങിയ വിവിധതരത്തിലുള്ള ഗ്രാമീണ വിഭവങ്ങളുടെ സംഭരണ വിപണനകേന്ദ്രം തിരുവല്ലയിലെ മാർത്തോമ്മാ ബിൽഡിംഗിൽ പ്രവർത്തിക്കുന്നു.
കാർഡ് ഗ്രാമോൽപന്നം, തിരുവല്ല **ഫോൺ : 9847774494**

# കാർഡ് കെയർ

പൂയംകുട്ടി, ചെങ്കോട്ട, പുനലൂർ, ലക്നൗ എന്നി വിവിധ നാല് സ്ഥലങ്ങളിലായി കാർഡ് കെയറിന്റെ പ്രവർത്തനം നടന്നുവരുന്നു. കാർഡ് കെയർ എന്നാൽ ഒരോ സ്ഥലത്തുനിന്നും ഒരോകുട്ടികളേയും ഒരോ വ്യക്തികളേ സ്ഥാപനങ്ങളോ സ്പോൺസർ ചെയ്യുന്നു. കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസ താങ്ങായി ട്യൂഷൻ ക്ലാസ്സുകൾ, എല്ലാദിവസവും ലഘുഭക്ഷണം ബോധവൽക്കരണ ക്ലാസ്സുകൾ പേരന്റ്സ് മീറ്റിംഗ്, പഠനോപകരങ്ങൾ, ഡ്രസ്സ് ഇവ സ്പോൺസറിംഗ് തുകയുപയോഗിച്ച് നൽകിവരുന്നു. ആകെ 180 കുട്ടികളെ 70 വ്യക്തികൾ സ്പോൺസർ ചെയ്തു സഹായിക്കുന്നു.



# ജലനിധിഗ്രാമീണശുദ്ധ ജലവിതരണ പദ്ധതി

ഗ്രാമീണമേഖലയിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ കണ്ടെത്തി സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനു വേണ്ടി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതി കാർഡിന്റെ ചുമതലയിൽ കണ്ണൂർ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ ഗ്രാമീണശുദ്ധ ജലവിതരണ പദ്ധതി നടപ്പിലാക്കി.

**32 ചെറുകിട ജലസേചന പദ്ധതികൾ, 1600 കുടുംബങ്ങൾ ഉപഭോക്താക്കൾ,19- ഭൂഗർഭജല പരിപോഷണ പദ്ധതികൾ, 8- ശുചിത്വ പദ്ധതികൾ, 400 ശൗചാലയങ്ങൾ, 9- പൊതുശൗചാലയങ്ങൾ.** ബോധവൽക്കരണ ക്ലാസ്സുകൾ, പങ്കാളിത്ത വികസന പ്രവർത്തനങ്ങൾ, നീർത്തട പരിപാലനങ്ങൾ

# പങ്കാളിത്ത ഗ്രാമ പഠനം

കാർഡിന്റെ നേതൃത്വത്തിൽ പങ്കാളിത്ത ഗ്രാമ പഠനം അമ്പലപ്പുഴ, പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്തുകളിൽ നടത്തി. കേരള സർക്കാരിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പേഷൻ (KIIDC) നുവേണ്ടിയാണ് പഠനം നടത്തുന്നത്. കിഫ്ബിയുടെ ധനസഹായത്തോടെ കേരള സർക്കാർ അമ്പലപ്പുഴ (N&S), പുന്നപ്ര ഗ്രാമപഞ്ചായത്തുകളുടെ കടൽ തീര പ്രദേശത്തു നിർമ്മിക്കുന്ന പുലിമുട്ട് (Groyne Filed) നിർമാണത്തിൽ ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിനാണ് പങ്കാളിത്ത ഗ്രാമ പഠനം (PRA) നടത്തിയത്.

# സാമൂഹ്യ സർവ്വേ

കേന്ദ്രഗവൺമെന്റിന്റെ ദേശീയ വനിതാ കമ്മീഷനുവേണ്ടി ആദിവാസി സ്ത്രീകളുടെ ഇടയിലുള്ള പോഷകാഹാര കുറവിനേപ്പറ്റി ഒരു വർഷം നിണ്ടു നില്കുന്ന .......... പരിപാടി കാർഡിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. വയനാട് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലാണ് പഠനം നടക്കുന്നത്.

# കാർഡ് പ്രളയദുരിത പുനരുദ്ധാരണ പ്രവർത്തനങ്ങൾ – വയനാട്




കാർഡിന്റെ നേതൃത്വത്തിൽ വയനാട്ടിലെ താഴശ്ശേരി, കളദുർ, വീരാടി, തോണിക്കടവ്, വിലങ്ങാടി, കാവടം, പാതിരിയമ്പം, മാത്തൂർ, നെയ്ക്കുപ്പ തുടങ്ങിയ ആദിവാസിമേഖലകളിൽ പ്രളയാനന്തര അതിജീവന പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർവ്വേയിലൂടെ കണ്ടെത്തിയ 270 കുടുംബങ്ങൾക്ക് ഇതിന്റെപ്രയോജനം ലഭിക്കും. മെഡിക്കൽക്യാമ്പ്, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, കൗമാരക്കാരായ കുട്ടികൾക്കാവശ്യമായ കൗൺസിലിംഗ്, പഠനഉപകരണങ്ങളുടെ വിതരണം, ആരോഗ്യകിറ്റുകൾ എന്നിവയുടെ വിതരണത്തോടൊപ്പം പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച 45 വീടുകളുടെ അടുക്കളനിർമിക്കുകയും, 45 വീടുകളുടെ ചോർച്ചമാറ്റുകയും, 30 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുകയും ചെയ്യുന്നു. കൂടാതെപ്രളയംമൂലം ആടിനെ നഷ്ട്ടപെട്ട 50 കുടുംബങ്ങൾക്ക്ആടിനെവാങ്ങിഇൻഷുർചെയ്തുനൽകുന്നു , 20 പേർക്ക് കന്നുകുട്ടികളെ വാങ്ങിനൽകുന്നതിനും 20 കൂട്ടുത്തരവാദിത്ത കാർഷിക ഗ്രൂപ്പുകൾക്ക് കൃഷിക്ക് ധനസഹായത്തിനും പ്രൊജക്റ്റ് ലക്ഷ്യമിടുന്നു. 2019 മാർച്ചിൽ അവസാനിക്കുന്ന പ്രൊജക്റ്റ്, കെ.എൻ.എച്ച് എന്ന സംഘടനയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് .

**ചേനഫെസ്റ്റ് –2019**

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം – കാർഷിക വികസന സെമിനാറും ചേനക്കൃഷി വ്യാപന ക്യാമ്പയിൻ പരിപാടിയും മഹാപ്രളയം വയനാട്ടിൽ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ വലുതായിരുന്നു. ആദിവാസിവിഭാഗം ജനങ്ങളുടെ നിലനില്പിനും കാർഷികവൃത്തിക്കും ചില്ലറനഷ്ടങ്ങൾ അല്ല പ്രളയംവരുത്തിവച്ചത്. കാർഷികജില്ലയായ വയനാട്ടിലെ കൃഷി നാശം മറ്റുജില്ലകളേക്കാൾ തീവ്രതകൂടുതൽ ആയിരുന്നു. മാർത്തോമ്മാ സഭയുടെ സാമൂഹ്യ സേവന വിഭാഗമായ കാർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷി നഷ്ടം സംഭവിച്ച ആദിവാസി കർഷകരെ സഹായിക്കുകയും തിരഞ്ഞെടുത്ത ജെ.എൽ .ജി ഗ്രൂപ്പുകൾക്ക് കാർഷിക ധനസഹായം നൽകുന്നു. വയനാട്ടിലെ പ്രധാന കാർഷിക വിളയായ ചേന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചേനയുടെ മൂല്യ വർധിത ഉൽപ്പന്ന നിർമാണത്തിൽ ആദിവാസികൾക്ക് പരിശീലനം നൽകി. ജില്ലാ കൃഷിക്ഷേമ വകുപ്പിന്റെയും ആത്മയുടെയും സഹകരണത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. 2019 ജനുവരി 29 –ന് നടവയൽ കോ ഓപ്പറേറ്റീവ് കോളേജിൽ വച്ച് കാർഡ് അസിസ്റ്റന്റ് ഡയറക്ടർ റവ. ബി.തോമസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കാർഷിക വികസന സെമിനാറിന്റെ ഉദ്ഘാടനം വയനാട് ജില്ലാ ട്രൈബൽ പ്രൊജക്റ്റ് ഓഫീസർ ശ്രീ.വാണിദാസ് പി. നിർവഹിച്ചു. ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ഷാജി അലക്സാണ്ടർ മുഖ്യ സന്ദേശം നൽകി. ചേന കൃഷി വ്യാപന പരിപാടിയുടെ ഭാഗമായി 'ഒരു വീട്ടിൽ ഒരു കുഴി ചേന' ക്യാമ്പയിൻ പ്രോഗ്രാം കാർഡ് ട്രഷറർ ജോസി കുര്യൻ ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത എല്ലാവർക്കും ചേനവിത്തും വളവും നൽകി. ബ്ലോക്ക് മെമ്പർ വി.എം തങ്കച്ചൻ, ഫെഡറേഷൻ അംഗങ്ങളായ കെ. എസ് മല്ലൻ, കാവലൻ കാവടം എന്നിവർ ആശംസ പ്രസംഗം നടത്തി. 'ചേന കൃഷിയിലൂടെ ആരോഗ്യവും സമ്പാദ്യവും എന്ന വിഷയത്തിൽ കൃഷി അസിസ്റ്റന്റ് റെജി വി. ജെ ക്ലാസ്സിന് നേതൃത്വം നൽകി. ഉച്ചക്ക് ശേഷം ചേനയുടെ മൂല്യവർധിത ഉൽപ്പന്ന പരിശീലനത്തിൽ ജെസ്സി ജെയ്മോൻ ക്ലാസ് നയിച്ചു.



●

മാർത്തോമ്മാ സുവിശേഷ സേവികാ സംഘത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചുള്ള സാക്ഷ്യാ പ്രോജക്ടിന്റെ ഭാഗമായി കാർഡ് സുരക്ഷാ പ്രോജക്ടിൽ കരുതൽ പദ്ധതിയുടെ ഉദ്ഘാടനവും സഹായ വിതരണവും അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ നിർവ്വഹിക്കുന്നു.





കാർഡിന്റെ വയനാട്ടിലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ

















**അതിജീവിക്കും....**



*Best Compliments from*

**T.O.Jose**
Managing Director

# MULTI INDUSRTIAL PIPING PVT.LTD.

**Reg.Off.No.555.Ist Floor, 100 ft.Ring Road**
**Jigani Industrial Area, 2nd Phase**
**Near BMTC DEPOT, Anekal Tq.Bengaluru - 560 105**

E-Mail:multiindlpiping@gmail.com
Tel:080-27825730, 080-27825731
Mob: 9481470105


ആശംസകളോടെ...
KADUKOICKAL
TOWER
PALLIPAD
കടൂകോയിക്കൽ
ഫൈനാൻസിയേഴ്സ്
ഫോൺ : 0479 2407206
കടൂകോയിക്കൽ
ജ്യൂവലേഴ്സ്
കടൂകോയിക്കൽ കോംപ്ലക്സ്
പള്ളിപ്പാട് പി.ഒ., ഹരിപ്പാട്
ഫോൺ: 0479 2407205, 2409417
Kadukoickal Samuel Babu
ATM
BEPL
BABU ERECTORS PVT. LTD.
E-mail : kadukoickalsamuel@yahoo.com, babuerectors@yahoo.com
Phone : 09447009417, 09909436910